മാസിക

# നക്ഷത്രരാജ്യം

## ബ്ലാക്ക് ആന്റ് വൈറ്റ് 40
## ഇന്നർ പേജുകളുടെ ലേഔട്ട്


രചന:

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

ഫോൺ: 9847649567,9744233997

NAKSHATHRARAJYAM E. RADHAKRISHNAN

Ph: 9847649567, 9744233997

E-mail:nakshathrarajyam@gmail.com

Web: www.nakshathrarajyameradhakrishnan.in

Address: P.B.No: 1205, Mankave P.O., Kozhikode 673 007

Kerala, India

House Address: Edoli House, Kommeri P.O., Kozhikode -7

Kerala, India


# സമാചാരം

മാസിക

# നക്ഷത്രരാജ്യം

## ബ്ലാക്ക് ആന്റ് വൈറ്റ് 40
## ഇന്നർ പേജുകളുടെ ലേഔട്ട്

**നക്ഷത്രരാജ്യം പുതിയതും പഴയതുമായ മാസികകളിൽ ഫയലുകൾ സമാഹരിക്കാൻ സാധിച്ചതായ ഇന്നർ പേജുകളുടെ ലേഔട്ടുകൾ മാത്രം ഉൾപ്പെടുത്തി “നക്ഷത്രരാജ്യം മാസിക ലേഔട്ടുകൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നു.**

| | | | |
|---|---|---|---|
| 1. | 2008 | December | 01 |
| 2. | 2009 | Janury | 10 |
| 3. | 2009 | February | 10 |
| 4. | 2009 | March | 25 |
| 5. | 2009 | April | 30 |
| 6. | 2009 | Agust | 27 |
| 7. | 2009 | September | 30 |
| 8. | 2010 | January | 10 |
| 9. | 2010 | March | 01 |
| 10. | 2010 | June | 05 |
| 11. | 2010 | August | 20 |
| 12. | 2010 | October | 20 |
| 13. | 2010 | December | 28 |
| 14. | 2011 | March | 20 |
| 15. | 2011 | May | 29 |
| 16. | 2011 | August | 30 |
| 17. | 2011 | November | 18 |
| 18. | 2012 | Janury | 28 |
| 19. | 2012 | April | 12 |
| 20. | 2012 | June | 01 |
| 21. | 2012 | August | 25 |
| 22. | 2012 | November | 26 |
| 23. | 2013 | January | 26 |
| 24. | 2013 | April | 13 |
| 25. | 2013 | July | 30 |
| 26. | 2013 | November | 29 |
| 27. | 2014 | April | 12 |
| 28. | 2014 | JuLy | 30 |
| 29. | 2014 | October | 22 |
| 30. | 2015 | January | 06 |
| 31. | 2015 | June | 25 |
| 32. | 2015 | Agust | 25 |
| 33. | 2015 | December | 10 |
| 34. | 2016 | March | 10 |
| 35. | 2016 | Septamber | 13 |
| 36. | 2017 | January | 25 |
| 37. | 2017 | Septamber | 01 |

നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ
(മാനേജിംഗ് എഡിറ്റർ)

| | |
|---|---|
| <br>മുഖചിത്രം<br>സാറാ ജോസഫ്(സാഹിത്യകാരി) | |

since : 2008
Nakshathra Rajyam
(Monthly Magazine)
20008 - October 15
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
issue 53 volume 6
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankave, Kozhhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
**WEB:**
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2008 ഒക്ടോബർ 15 മുതൽ നവംബർ 14 വരെ)**

## ഭാവിയിൽ മെഡൽ നേട്ടത്തിൽ 100% പര്യാപ്തതയുള്ള ഇന്ത്യൻ സ്പോർട്സിലേക്ക് ഒരു തിരനോട്ടം

ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും ജനസംഖ്യയുള്ള രാജ്യമാണ് ഭാരതം. ഭരണ കൂടത്തിന്റെ സെൻസസ് പ്രകാരം ഭാരത രാജ്യത്ത് നൂറ്റിപത്ത് കോടിയിൽ അധികം ആളുകളുണ്ടെന്നാണ് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത്. അതിൽ പകുതിയിൽ കൂടുതൽ ആളുകളും സ്ത്രീകളും കുട്ടികളുമാണ്. ഒരു നിശ്ചിത ശതമാനം മാത്രമാണു പോലും ഇന്ത്യാ രാജ്യത്ത് പുരുഷന്മാരുള്ളത്.

കായികശക്തിയിൽ സ്ത്രീകളേക്കാൾ മുൻപന്തിയിൽ നിൽക്കുന്നവരാണ് ലോകത്തിലെവിടേയുമുള്ള പുരുഷൻമാർ. കായികമായി ഏതൊരു പുരുഷനും സ്ത്രീയേക്കാൾ കൂടുതൽ ജോലി ചെയ്യുന്നതുകൊണ്ടു തന്നെയാണ് പുരുഷന്മാർ സ്ത്രീകളെക്കാൾ കൂടുതൽ കായികശക്തിയുള്ളവരാകുന്നത്. മാനസിക കരുത്തും സ്ത്രീയെക്കാൾ കൂടുതൽ പുരുഷനുതന്നെയാണെന്നതിൽ തർക്കമില്ല.

എന്നിരുന്നാൽ മഹാഭൂരിപക്ഷം സ്ത്രീകളുടേയും അഭിരുചി ഒരു രാജ്യാന്തര സ്പോർട്സ് താരമാകുന്നതിനു അനുകൂലമല്ല. സ്വസ്ഥമായ കുടുംബജീവിതമാണ് അവർ ആഗ്രപിക്കുന്നത്. അതിനവർ സ്ക്കൂൾകോളേജ് ജീവിതകാലം മുതൽ മാനസികമായി തയ്യാറെടുപ്പു തുടങ്ങുന്നു. അവരുടെ ഭാവിയെക്കുറിച്ചുള്ള ചിന്തകളിൽ ഭർത്താവും കുട്ടികളും കുടുംബജീവിതവുമാണ് എപ്പോഴും നിറഞ്ഞുനിൽക്കുന്നത്. സ്പോർട്സ് രംഗത്ത് ഇറങ്ങിയാൽ തന്നെ വേട്ടയാടുന്നത് കിംവദന്തികളായിരിക്കുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ടുതന്നെ ഭാരതത്തിൽ ഒരു സ്പോർട്സ് സംസ്ക്കാരം ഉടലെടുക്കുമ്പോൾ സ്ത്രീകളെ മുൻനിർത്തുന്നതിൽ പ്രായോഗികത ഇല്ല. എന്നാൽ രാജ്യാന്തര സ്പോർട്സ് ഭൂപടത്തിൽ ഭാരതത്തിന്റെ യശസ്സുയർത്തിയത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ നിന്നും ഉള്ള സ്ത്രീകളാണെന്നത് നാം മറന്നുകൂടാത്തതുമാണ്.

അന്താരാഷ്ട്ര നിലവാരമുള്ള സ്പോർട്സ് താരങ്ങളുള്ള രാജ്യമാണിന്ന് നമ്മുടെ ഭാരത


വും. യോഹന്നാനും, പി.ടി. ഉഷയും, ഷൈനിയും, സുരേഷ് ബാബുവും ജനിച്ച നാടാണിത്. ഒ.എം. നമ്പ്യാരെപ്പോലുള്ള കോച്ചുകളുണ്ടായിരുന്ന നാട്. രാജ്യാന്തര സ്പോർട്സിൽ ഷൂട്ടിങ്ങിന് സ്വർണ്ണ മെഡൽ നേടിയ അഭിനവ് ബിന്ദ്ര, (ഗുസ്തിയിൽ)സുശീൽകുമാർ മുതലായവർ നമ്മുടെ ഭാരതീയരാണെന്നതിൽ നമുക്ക് അഭിമാനിക്കുകയും ചെയ്യാം. മെഡൽ പ്രതീക്ഷകളുള്ള സ്പോർട്സ് താരങ്ങൾ ഇന്ന് ധാരാളമുണ്ടിവിടെ. അത്തരം സ്പോർട്സ് പ്രതിഭകളെ നാം ഉപയോഗപ്പെടുത്തണം. പുസ്തക പുഴുവായി പഠിച്ചു നേടുന്ന ജോലിപോലെ തന്നെ സ്പോർട്സിലൂടെയുള്ള മെഡൽ നേട്ടങ്ങളിലൂടെയും ജോലി ലഭിക്കുന്ന ഒരന്തരീക്ഷം പൊതുമേഖലയിലും പ്രൈവറ്റ് മേഖലയിലും ഉണ്ടായാൽ സ്പോർട്സിൽ ഒന്നാംസ്ഥാനത്തിനായി പരസ്പരമുള്ള മത്സരങ്ങൾ വളരുകയും അതുകായികമായി ഉയർന്നു നിൽക്കുന്ന സാധാരണ ജന വിഭാഗങ്ങളിൽ ഉള്ളവർപോലും അന്താരാഷ്ട്ര സ്പോർട്സിൽ നമ്മുടെ രാജ്യത്തിന് മുതൽകൂട്ടാവുകയും ചെയ്യും. അതിനു വേണ്ടത് സ്ക്കൂൾതലം മുതൽ തന്നെ ഓരോ വിദ്യാർത്ഥിയേയും നാം മെഡലിനു വേണ്ടി ഉപയോഗപ്പെടുത്തുകയാണ്. 100% സാക്ഷരത കൈവരിക്കുവാൻ നമുക്കാകുമെങ്കിൽ ഈ ഭാരത മഹാരാജ്യത്തിന്റെ സ്പോർട്സ് ഭൂപടത്തിൽ ഒന്നാം സ്ഥാനമുള്ള സ്റ്റേറ്റ് ആകുവാനും ഈ മലയാളമണ്ണിനു സാധിക്കുന്നതിനു കഴിവുള്ളവരെയുണ്ടാക്കുവാനുമാകും. അതിനോരോ പ്രദേശത്തേയും ക്ലബ്ബുകളും സംഘടനകളും ഭാവിയിൽ മെഡൽ നേട്ടത്തിൽ100% പര്യാപ്തതയുള്ള ഇന്ത്യൻ സ്പോർട്സിനു വഴികാട്ടിയാകണം. ജോലി നേടാൻ ലക്ഷങ്ങൾ ചിലവഴിച്ച് ജീവിതത്തിലെ ഡ്രില്ലിനുഓടുന്ന ഡ്രിൽമാസ്റ്റർമാരെ സ്പോർട്സ് പുഷ്ടിപ്പെടുത്തുന്നതിനു ആശ്രയിച്ചിരിക്കാതെ ഓരോരുത്തരും ഓടുക...സ്പോർട്സ്മാൻ സ്പിരിറ്റിൽ ഓടുക...

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**








മുഖചിത്രം
വൈക്കം മുഹമ്മദ് ബഷീർ
(സാഹിത്യകാരൻ)

since : 2008
Nakshathra Rajyam
(Monthly Magazine)
2008 December 01
Reg. No. 2008/11/2718/D/
RNI EN No.40980 Dt :10-10-2007
issue 53 volume 6
Managing Editor, Publisher &
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRA RAJYAM (Monthly)
P.B. No.1205
Mankave P.O., Kozhikode - 7
Kerala, India
**Mob: 98 47 64 95 67**
**97 44 23 39 97**
**email: nakshathrarajyam@gmail.com**
WEB:
**www.nakshathrarajyameradhakrishnan.in**
**LAYOUT**
**NAKSHATHRARAJYAM**
**Cover**
**Redefine Graphics**
**Price 10.00**

## എഡിറ്റോറിയൽ




**(നക്ഷത്രരാജ്യം ലക്കം 2008 ഡിസംബർ 01 മുതൽ ഡിസംബർ 31 വരെ)**

# വായന മടുത്ത മലയാളി മനസ്സ്

അന്യസംസ്ഥാനങ്ങളെ അപേക്ഷിച്ച് അക്ഷരാഭ്യാസം തികഞ്ഞവരായതുകൊണ്ടുമാത്രമാണ് മലയാളികളെ ഭാരതത്തിലാകമാനമുള്ള ജനങ്ങൾ അറിയപ്പെടുന്നത്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലഘട്ടങ്ങളിലെന്നപോലെ കേരളത്തിൽനിന്ന് തന്നെ തേയിലയും ഗ്രാമ്പൂവും കാപ്പിയും ഏലക്കയും ചുക്കും കുരുമുളകും നാളികേരവും ഇറക്കുമതി ചെയ്യേണ്ട സ്ഥിതി വിശേഷം "ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്കോ" അറബ്‌രാഷ്ട്രങ്ങൾക്കോ യൂറോപ്യൻ രാഷ്ട്രങ്ങൾക്കോ ഇന്നില്ല. തൊഴിൽ മേഖലയിലെ മനുഷ്യശക്തി ഉപയോഗപ്പെടുത്താൻ വേണ്ടി ഗൾഫുനാടുകളും അന്യ സംസ്ഥാനങ്ങളും യൂറോപ്യൻ രാഷ്ട്രങ്ങളും സമയാസമയങ്ങളിൽ മലയാളികളെ ഉപയോഗപ്പെടുത്താറുണ്ടെന്നതൊഴിച്ചാൽ മലയാളികളേയും അവരുടെ മനുഷ്യശക്തിയേയും ഇന്നാർക്കും വേണമെന്നില്ല.

മറ്റു പല ഭാഷകളും സംസാരിക്കാനറിയുന്നവരും സംസാരിക്കുന്നവരുമായ അന്യസംസ്ഥാനക്കാർ മലയാള ഭാഷയെ പുച്ഛത്തോടെ വീക്ഷിക്കുന്നു എന്നു പറഞ്ഞു വിലപിക്കുന്ന മലയാളികൾ ധാരാളം കേരളത്തിലങ്ങോളമിങ്ങോളമിന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലുള്ളവരും കേരളീയരായി ധാരാളമുണ്ടതുപോലെ കേരളസംസ്ഥാനത്ത്. പക്ഷേ ഒരു കേരളീയനെക്കുറിച്ച് പറഞ്ഞാൽ അവന്റെ കുട്ടികളുടെ വിദ്യാഭ്യാസ കാലങ്ങളിൽ ഒരു ശരാശരി മലയാളിക്കു പോലും ഇന്ന് തന്റെ വീടിനടുത്തുള്ള ഗവൺമെന്റ് സ്ക്കൂളുകളോടും മലയാളം മീഡിയം സ്ക്കൂളുകളോടും എന്തിനേറെ മലയാളം ഭാഷയോടും പോലും പുച്ഛമാണ്. കേരളത്തിന് തെക്കുള്ളവർ പറയന്ന മലയാളത്തോട് വടക്കുള്ളവർക്കു പുച്ഛം. വടക്കുള്ള മലയാളിയുടെ സംസാരം തെക്കു

ള്ളവർക്കു പരിഹാസം. അങ്ങിനെയുള്ള മലയാളി അന്യദേശക്കാരേയും അന്യസംസ്ഥാനക്കാരേയും കുറിച്ച് പരാതി പറഞ്ഞ് വിലപിക്കുന്നതുകൊണ്ടെന്തു ഫലം? ഇത്തരക്കാരാണ് മലയാള ഭാഷയുടെ ശോഷണത്തെക്കുറിച്ച് പറഞ്ഞ് മുതലക്കണ്ണീരൊഴുക്കാറുള്ളത്. തന്റെ മകനെ അല്ലെങ്കിൽ മകളെ മാനേജ്മെന്റ് സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കുവാനാണിവരാഗ്രഹിക്കുന്നത്. മലയാളഭാഷക്ക് പരിമിതിയും ശോഷണവുമുണ്ടത്രേ!

തന്റെ കുട്ടികൾക്ക് മലയാളം നല്ലവണ്ണം വായിക്കാനറിയില്ല എന്ന് പറയുന്നതുപോലും ഒരു പൊൻതൂവലായാണ് ഇത്തരക്കാർ തലയിലേറ്റികാണുന്നത്. തന്റെ കുട്ടികൾക്ക് പഠിക്കാൻ വീട്ടിൽ കമ്പ്യൂട്ടറുകളുണ്ട്. പത്രങ്ങൾക്കും മാഗസിനുകൾക്കും പകരം പ്രാഥമിക വിജ്താനത്തിന് ടെലിവിഷനുകളുണ്ട് എന്നു പറയുന്നതിൽ അഭിമാനിക്കുകയും ഊറ്റംകൊള്ളുകയും ചെയ്യുകയാണ് അവർ.

ഇതുപോലുള്ളവർ സ്വന്തം സന്തതികളുടെ വിദ്യാഭ്യാസത്തേയും മാതൃഭാഷയായ മലയാളത്തേയും അപമാനിക്കുകയാണ് ചെയ്യുന്നത്. വായനാ ശീലം ഇല്ലാതെ ബുദ്ധിവികാസം നടക്കാറില്ല. മെമ്മറിയിൽ അറിവ് വിജ്ഞാനമായി പാകപ്പെടുത്തി സ്റ്റോറുചെയ്യാറുമില്ല. എന്തുകൊണ്ടെന്നാൽ കണ്ണുകൊണ്ട് കാണുന്ന അറിവ് തലച്ചോറിൽവെച്ച് വിജ്ഞാനമായി സംസ്ക്കരിച്ചെടുക്കുവാൻ സമയമില്ലാതാകുന്നതുകൊണ്ടാണങ്ങനെ സംഭവിക്കുന്മത്. അതിനുള്ള പ്രധാനകാരണം ടെലിവിഷൻ കാണുന്ന സമയത്ത് കണ്ണുകളിലൂടെ തലച്ചോറും പഞ്ചേന്ദ്രിയങ്ങളും അതിദ്രുതമായി പ്രവർത്തിക്കുന്നതുകൊണ്ടാണ്. അറിവ് സംസ്ക്കരിച്ചെടുക്കുമ്പോഴാണല്ലോ വിജ്ഞാനമാകുന്നത്.

“എന്നാൽ വായനാവേളയിൽ” വായനയിലൂടെ കിട്ടുന്ന അറിവ് വിജ്ഞാനമായി മെമ്മറിയിൽ പാകപ്പെടുത്തി കാലാകാലങ്ങളിലേക്ക് തലച്ചോറിൽ സ്റ്റോറുചെയ്യുന്ന പ്രക്രിയക്കു ധാരാളം സമയം കിട്ടുന്നുണ്ട്. ഏതൊരാളും വായനാസമയങ്ങളിൽ കണ്ണുകളോടൊപ്പം തലച്ചോറുകൂടി സ്റ്റെയിൻ ചെയ്തുപയോഗിക്കാറുള്ളതുകൊണ്ടാണതിനു വഴിയൊരുങ്ങുന്നത്.

നാമെന്തു പറയും. കണ്ണുകളും തലച്ചോറും ചേർന്ന് അറിവിനെ സംസ്ക്കരിച്ചെടുത്ത് ബുദ്ധിയിലെത്തിക്കുന്ന വായനകൊണ്ടുണ്ടാകുന്ന നേട്ടങ്ങളെ മറന്ന് – കണ്ണുകളിലൂടെ പഞ്ചേന്ദ്രിയങ്ങളേയും തലച്ചോറിനേയും പ്രവർത്തിപ്പിക്കുന്ന മന്ദബുദ്ധികളായ കുട്ടികളെ വാർത്തെടുക്കുന്നതിനെ തന്റെ കുട്ടികൾക്ക് വേണ്ടി ചെയ്യുന്ന ത്യായാഗമായി കരുതി മറ്റുള്ളവരുടെ മുമ്പിൽ നെഞ്ചുവിരിച്ചു നടക്കുന്ന രക്ഷിതാക്കളെ കുറിച്ച്.

മലയാളിക്ക് വായനാശീലം കുറഞ്ഞതിനെക്കുറിച്ച് പറഞ്ഞ് വിലപിക്കുകയും പുസ്തകവില്പനമേള ഇടക്കിടെ സംഘടിപ്പിക്കുകയും ചെയ്തതുകൊണ്ട് പുസ്തകവായനാശീലം തിരിച്ചുവരണമെന്നില്ല. പുസ്തകവായനാഗുണം തിരിച്ചറിഞ്ഞ് പുസ്തകത്തെ സ്നേഹിക്കുന്ന ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് വേണ്ടത്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**


**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം

**പി. വത്സല (സാഹിത്യകാരി)**

since : 2008
Nakshathra Rajyam
**(Monthly Magazine)**
2009 January 10
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRA RAJYAM **(Monthly)**
P.B. No.1205
Mankave, Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**



# എഡിറ്റോറിയൽ

**(നക്ഷത്രരാജ്യം ലക്കം 2009 ജനുവരി 10 മുതൽ ഫിബ്രവരി 09 വരെ)**

## പുതുവത്സര കർമ്മ പ്രതിജ്ഞയും നക്ഷത്രരാജ്യം മാസികയും

ഭ്രാന്താലയമാണ് കേരളമെന്നു പറഞ്ഞ ഋഷിവര്യൻ ജീവിച്ച നാട്ടിലാണ് നാം ഇന്നു ജീവിക്കുന്നത്. അത് എത്ര ശരിയാണെന്നും ആ ഋഷിവര്യൻ പറഞ്ഞതെത്ര അർത്ഥഗർഭമാണെന്നും അനുഭവപ്പെട്ടാണ് നാം ഇന്ന് നമ്മുടെ മാതൃരാജ്യത്ത് ജീവിക്കുന്നത്. സംസ്ക്കാരം എന്നു പറയുന്നത് അറിവിനെ സംസ്ക്കരിച്ചെടുത്തതാണ്. അറിവുണ്ടാകുന്നതാകട്ടെ നമുക്കു കിട്ടുന്ന വിവരങ്ങളെ സംസ്ക്കരിച്ചെടുക്കുമ്പോഴും. വിവരങ്ങൾ സംസ്ക്കരിച്ചെടുക്കുന്നതിൽ തെറ്റുപറ്റുമ്പോഴാണ് അറിവ് ഒരു സംസ്ക്കാരത്തെ അപചയപ്പെടുത്തുന്നത്. ആ അപചയപ്പെടലിലാണിന്ന് നമ്മുടെ ഭാരതസംസ്ക്കാരവും, കേരളമെന്ന പേരിലറിയപ്പെടുന്ന ഒരു ഇട്ടാവട്ട സംസ്ഥാനത്തിലെ നമ്മുടെ മലയാള സംസ്ക്കാരവും.

ഇവിടെ മനുഷ്യരില്ല, മതങ്ങളാണുള്ളത്. ദൈവങ്ങളില്ല. ആ സ്ഥാനം വഹിക്കുന്നത് മനുഷ്യരാണ്. ഈശ്വരൻ പണമാണ്, അധികാരമാണ്, സ്വന്തം കൈപിടിയിലുള്ള ഭൂസ്വത്തും ധനവും ആണ് എന്നു പറഞ്ഞ് പ്രവർത്തിക്കുന്ന ഒരു കൂട്ടം മനുഷ്യരാണ് നമ്മുടെ ഭാരതത്തിലുള്ളത് – ഭാരതത്തിന്റെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിലും. അപചയപ്പെട്ട് നശിച്ച ഒരു പുരാതന സംസ്ക്കാരം വീണ്ടെടുക്കുവാനുള്ള ചിലരുടെ തത്രപ്പാടിന്റെ അനുഭാവികളാണ് നാമോരോരുത്തരുമിന്ന്.

ജീവിച്ചിരിക്കുന്ന മനുഷ്യരെ മറന്ന്; ഹിന്ദുവായ ദൈവത്തെ തേടി ഹിന്ദുവും, മുസൽമാനായ ദൈവത്തെ തേടി മുസൽമാനും, കൃസ്ത്യാനിയായ ദൈവത്തെ തേടി കൃസ്ത്യാനിയും, പാർസിയായ ദൈപത്തെ തേടി പാർസിയും വാളും, തോക്കും, ബോംബും, ആർ.ഡി.എക്സും കൈയിലേന്തി നാടുനീളെ സിംഹഗർജ്ജനം മുഴക്കി ഈശ്വരനെ

പരതുന്നു. അവർ ഈശ്വരനെ കാണുന്നു. പിണമായി, മരണശയ്യനായി, കൈകാലുകളില്ലാത്ത നിർജ്ജീവരായ സാധാരണമനുഷ്യരായി, എന്നിട്ടും കലിയടങ്ങാത്ത ഇവർ മറ്റൊരു ഇരയെതേടി ഭാരതത്തിലങ്ങോളമിങ്ങോളം അട്ടഹാസം മുഴക്കി ദൈവത്തെ തേടി നടക്കുന്നു. അവർ സമ്പന്നരാണ്. സ്വാധീനമുള്ളവരും. ദൈവത്തെ തേടാനവർക്ക് പണം ലഭിക്കുന്നു. ലോകരാഷ്ട്രങ്ങളിൽനിന്ന്, മതങ്ങളിൽനിന്ന്, വിഘടനവാദികളിൽനിന്ന്, ഭിന്നിപ്പിച്ചു ഭരിക്കൽ തന്ത്രക്കാരിൽനിന്ന് , ഭിന്നിപ്പിച്ചു കാര്യം നേടൽതന്ത്രക്കാരിൽനിന്ന്, തീവ്രവാദികളിൽനിന്ന്. ദാരിദ്യമില്ലാതേയും, സാമ്പത്തിക ദാരിദ്യമില്ലാതേയും സുഖലോലുപരായി ജീവിക്കാനുള്ള പണം പറ്റി അവർ നമ്മുടെ മാതൃരാജ്യത്തങ്ങോളമിങ്ങോളം ദൈവത്തെ തേടട്ടെ! ഭരണകൂടത്തിനല്ലാതെ നമുക്കെന്തുചെയ്യാൻ കഴിയും ഇതുപോലുള്ള രാഷ്ട്രകാര്യങ്ങളിൽ. നമുക്കവരോട് പ്രാർത്ഥിക്കാം നമ്മുടെ മാതൃരാജ്യത്തെ ഭസ്മീകരിച്ചുക്കാതിരിക്കാനായി. എന്തെന്നാൽ സാധാരണ മനുഷ്യരാണ് നമ്മൾ. സാധാരണ മനുഷ്യരുടെ സെന്റിമെന്റ്സുലുകളാണ് നമുക്കുള്ളത്. സത്യമായ ലളിത–സാഹിത്യമാണ് ഒരു സംസ്ക്കാരത്തെ വളർത്തുന്നത്. നല്ലസാഹിത്യം മനുഷ്യസ്നേഹമുള്ളവരായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നു.വാൽമീകിയും, ശ്രീരാമനും, സീതയും, രാവണനും, നബിയും, യേശുദേവനും, ഗുരുനാനാക്കും ഇല്ലെങ്കിൽ നാമോരോരുത്തരും കാട്ടാളരായി ജീവിക്കുമായിരുന്നു. നല്ലസാഹിത്യങ്ങളും, നോവലുകളും, ചെറുകഥകളും, ലേഖനങ്ങലും, നാടകങ്ങളും, സിനിമകളുമാണ് ഭൂമിയിലെ ഒരു പുതുയുഗത്തിലേക്ക് നമ്മെ നയിച്ചത്. മലയാളത്തിൽ നല്ല കഥകളുണ്ട്. നോവലുകളും, സാഹിത്യങ്ങളും, നാടകങ്ങളും, കവിതകളും, നല്ല രചനാസാഹിത്യകാരന്മാരും ഉണ്ട്. ശ്രദ്ധിക്കാനോ അവരെയൊന്നാദരിക്കാനോ സാമ്പത്തിക പ്രോത്സാഹനങ്ങൾ കൊടുക്കാനോ നമുക്കാർക്കും സമയം കിട്ടാറില്ലെന്നു മാത്രം. പാരമ്പര്യത്തെ മുറുകെ പിടിച്ച് പുത്തൻ തലമുറയിലെ കഴിവുകളെ നശിപ്പിക്കുകയാണിന്ന് നാമോരോരുത്തരു ചേർന്ന്.

കോഴിക്കോട്ട് നിന്ന് പ്രസിദ്ധികരിക്കുന്ന നക്ഷത്രരാജ്യം മാസിക പേരും വായനക്കാരും ധാരാളം ഉണ്ടെങ്കിലും അത്രത്തോളംത്തന്നെ സർക്കുലേഷൻ വിശാലമായതല്ല. എന്നാൽ ചിന്താഗതി ഇടുങ്ങിയതും അല്ല. ചെറിയവരാണ്. ബിസിനസ്സ് ശൃംഗല കേരളമൊട്ടുക്കും വ്യാപിച്ചിട്ടില്ല. എന്നിരുന്നാലും സമൂഹത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യരോട് പ്രതിബദ്ധതയുള്ളവരാണ്. നക്ഷത്രരാജ്യത്തിലെ സാഹിത്യരചയിതാക്കളാലും നോവലിസ്റ്റുകളാലും കഥാകൃത്തുക്കളാലും ലേഖകന്മാരാലും കവികളാലും ആയത് മാസികയിലൂടെ സമൂഹത്തിനുവേണ്ടി ചെയ്യുവാൻ ആഗ്രഹിക്കുന്നു ഞങ്ങൾ. “അണ്ണാരക്കണ്ണനും തന്നാലായത് ”എന്നു പറഞ്ഞതുപോലെ. നിങ്ങളെ ഓരോരുത്തരേയും ഞങ്ങൾ സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ നൽകി ഞങ്ങളുടെ രചയിതാക്കളാകുവാനും വായനക്കാരാകുവാനും വരിക്കാരാകുവാനും സ്വാഗതം ചെയ്യുന്നു. എന്തൊക്കെയായായാലും ഞങ്ങൾ ഇവിടെ മാസികകൾ വിറ്റഴിച്ച് നാടിനെ ഇളക്കിമറിക്കുമെന്നൊന്നും വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ സാധാരണ മനുഷ്യരായ നിങ്ങളിൽ ഒരാളായി സാഹിത്യകാരന് സമൂഹത്തിൽ സംഭാവന ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി സംഭാവന ചെയ്യാൻ ഞങ്ങൾ ശ്രമിക്കും. ഉയർച്ചയും വളർച്ചയും സന്തുലിതമായ ഒന്നല്ല. നാളെ ഞങ്ങൾ കേരളത്തിലെ തന്നെ നമ്പർ വൺ മാസിക നടത്തുന്നവരാകാമായിരിന്നിരിക്കാം. ജഗദ്വീശ്വരൻ തുണക്കട്ടെ! ഞങ്ങളെ ആരാധനയോടെ ഒന്നു പിച്ചിനോക്കാനോ നുള്ളിനോക്കാനോ ഒന്നു സ്പർശിച്ചു നിർവൃതി അടയുവാനോ ആരാധകർ കൂട്ടത്തോടെ തള്ളിക്കയറുമെന്ന് ഞങ്ങൾ സ്വപ്നം കാണുന്നില്ല. (ആരാധകരുടെ ബാഹുല്യം കൂടിയ അങ്ങിനെയുള്ളവർക്ക് സംഭവിക്കുന്ന അഹംങ്കാരത്തിൽനിന്നുള്ള വിപരീത ഫലം മുൻകൂട്ടി കാണാനും അങ്ങിനെ സംഭവിക്കാതിരിക്കാനുള്ള ദീർഘദൃഷ്ടിയും സുപ്രസിദ്ധരാകാൻ പ്രവർത്തിക്കുന്ന ഞങ്ങളെ പോലുള്ളവരിൽ നിന്ന് ജഗദീശ്വരൻ തിരിച്ചു വാങ്ങരുതല്ലോ!) ചിലപ്പോൾ ജഗദീശ്വരൻ പ്രതീക്ഷിച്ചതുപോലെ സുപ്രസിദ്ധരാകാനുള്ള കഴിവ് ഇനിയും കൂട്ടി തന്നിരിക്കാം. എന്നാലും തീർച്ചയായും നിങ്ങളുടെ മനസ്സിന്റെ അകത്തളങ്ങളിൽനിന്ന് പുറപ്പെടുന്ന സന്തോഷത്തിന്റെ നിർവൃതിയുടെ ഒരു പൂച്ചെണ്ട് സാഹിത്യ, സിനിമ, മാസിക മണ്ഡലങ്ങളിന്നു ഞങ്ങൾ നേടിയെടുക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു. നിങ്ങളോരോരുത്തർക്കും ക്രസ്തുമസ്സ് – ന്യൂ ഇയർ ആശംസകളുടെ സ്നേഹാഭിവാദ്യങ്ങൾ.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം

**കെ.പി. സുധീര (സാഹിത്യകാരി)**


since : 2008

Nakshathra Rajyam

**(Monthly Magazine)**

2009 February 10

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

Kozhikode- 673007

Address

Managing Editior

NAKSHATHRA RAJYAM **(Monthly)**

P.B. No.1205

Mankave, Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**


എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2009 ഫിബ്രവരി 15 മുതൽ മാർച്ച് 14 വരെ)**

# ശ്രീലങ്കൻ തമിഴ്ജനത

**രാ**മേശ്വരം മുതൽ തമിഴ്നാട് മുഴുവനും പരന്നു കിടക്കുന്ന കുടുംബങ്ങളിൽനിന്നുള്ള ഒരുവലിയ വിഭാഗം അണുകുടുംബങ്ങളെയാണ് ശ്രീലങ്കയിൽ ശ്രീലങ്കൻ തമിഴ്ജനത എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നതെന്ന് നമുക്കേവർക്കുമിന്നറിയാം. ഇവർ ഭാരതത്തിൽനിന്നുള്ള കുടിയേറ്റക്കാരാണെന്ന കാര്യത്തിൽ ഭാരതസർക്കാറോ, ശ്രീലങ്കൻ സർക്കാറോ സംശയം പ്രകടിപ്പിക്കാറുമില്ല. പാശ്ചാത്യരാജ്യക്കാരുടെ തേയിലത്തോട്ടങ്ങളിലും മറ്റും ജോലിചെയ്യാനായി ദശാബ്ദങ്ങൾക്കുമുമ്പ് ശ്രീലങ്കയിൽ എത്തിയ ഇവരിൽ ഭൂരിഭാഗവും ശ്രീലങ്കൻ തൊഴിലാളി കുടുംബമായാണിന്നും ശ്രീലങ്കയിൽ ജീവിക്കുന്നത്.

ലോകഭൂപടത്തിൽ താഴെ ഒറ്റപ്പെട്ടു നിൽക്കുന്ന “സിലോൺ” എന്ന രാജ്യം പേര് മാറി ശ്രീലങ്കയായതും സിരിമാവോ ഭണ്ഡാരനായക ഉൾപ്പടെയുള്ള പ്രധാനമന്ത്രിമാർ ശ്രീലങ്ക ഭരിക്കുന്നതും ശ്രീലങ്കയിൽ തമിഴർക്ക് കേട്ടറിവ് മാത്രമല്ലായിരുന്നു അവർ ജീവിക്കുന്ന നാടിന്റെ പേരുമാറ്റവും പ്രധാനമന്ത്രി പദ അലങ്കാരവുമായിരുന്നു അവർക്ക്. ഇന്ന് ശ്രീലങ്ക അവിടെയുള്ള തമിഴ് ജനതക്ക് മരണഭൂമിയാണ്. സ്വന്തം ജീവിതവൃത്തിക്ക് മറുനാട്ടിൽ കുടിയേറി പാർക്കുന്ന ഇവർ വെടിയുണ്ടകൾക്കോ ബോംബ് സ്ഫോടനങ്ങൾക്കോ ഇരയാകാൻ തുടങ്ങിയിട്ട് ദശാബ്ദങ്ങളായി. കുഞ്ഞുകുട്ടി പരാധീനക്കാരായി തൊഴിൽ ചെയ്തു ജീവിക്കുന്നവരാണിങ്ങനെ വർഷങ്ങളായി പിടഞ്ഞുവീണു മരിച്ചുകൊണ്ടിരിക്കുന്നത്. ഇറാക്ക് പ്രസിഡണ്ട് സദ്ദാമിനെ ഇറാഖിൽ തൂക്കിലിട്ടപ്പോഴും പലസ്തീൻ ജനതക്കുനേരെ ഇസ്രയേൽ അക്രമണം അഴിച്ചുവിടുമ്പോഴും അതിലെ അധാർമികത തിരിച്ചറിഞ്ഞ് നെഞ്ചുതകർന്ന് മനസ്സുരുകി പ്രകടനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുന്ന ഭാരതീയർ സ്വന്തം നാട്ടിൽനിന്ന് അന്യദേശത്ത് കുടിയേറിപ്പാർക്കുന്ന സ്വന്തം ജനത മറുനാട്ടിൽ പിടഞ്ഞുവീണു മരിക്കുന്നതിനെതിരെ ഒരു കൊടിയോ പോസ്റ്ററോ പൊക്കിക്കൊണ്ട് പ്രകടനം നടത്തുന്നതായി പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ കാണാറേ ഇല്ല. തൊട്ടടുത്ത ചില ദിവസങ്ങളിൽ തമിഴ്മക്കൾ തമിഴ്നാട്ടിൽ ആത്മാഹൂതിക്ക് ഒരുങ്ങുകയും ബന്ദും ഹർത്താലുമായി പ്രതിഷേധിക്കുകയും ചെയ്യുന്നതൊഴിച്ചാൽ ഭാരതത്തിലെ ജനങ്ങളും ഭരണകൂ









വും ശ്രീലങ്കൻ തമിഴരുടെ പ്രശ്നങ്ങളിൽ അലംഭാവം പ്രകടിപ്പിക്കുന്നവരായാണ് മനസ്സിലാകുക.

ശ്രീലങ്കയിലുള്ള തമിഴ്ജനത മുഴുവൻ തീവ്രവാദികളല്ല എന്നും, ഇന്ത്യയുടെ പ്രധാനമന്ത്രിയെ വധിച്ചത് ഇതേ ജനതയിലെ തീവ്രവാദി വിഭാഗമാണെന്നും നമുക്കറിയാം. രാജീവ്ഗാന്ധി വധം ഒരു രാഷ്ട്രത്തിനേറ്റ ഏറ്റവും വലിയ ആഘാതംതന്നെയാണെന്ന് പറയുന്നതിൽ അതിശയോക്തിയൊന്നുമില്ല. ഒരു ജനാധിപത്യ പരമാധികാര റിപ്പബ്ലിക്കായ ഇന്ത്യാരാജ്യത്താണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബോംബ് പൊട്ടി പിടഞ്ഞുവീണു മരിച്ചത്. രാഷ്ട്രീയശത്രുക്കൾപോലും അപലപിക്കേണ്ടതായ സംഭവം തന്നെയാണ് രാജീവ്ഗാന്ധി വധം. എങ്കിൽപ്പോലും തമിഴ് ജനതയെ ഭാരതത്തിന് തള്ളിപ്പറയാനാകുമോ? നമ്മുടെ രാജ്യത്ത് മറ്റൊരു രാജ്യം വേണമെന്ന് പറയുന്നതുപോലെ തന്നെയാണ് മറ്റൊരു രാജ്യത്ത് ചെന്ന് ആ രാജ്യത്തെ കീറിമുറിച്ച് ഞങ്ങൾക്ക് ഒരു കഷ്ണം വേണമെന്നു പറയുന്നതും.

ഇവരുടെ നിലപാടിനെതിരെ ശ്രീലങ്കൻ സേന നടത്തിയ യുദ്ധത്തിൽ തമിഴ് തീവ്രവാദികളായ എൽ.ടി.ടി.ഇ.യുടെ അധീനതയിലുള്ള എല്ലാ ഗ്രാമങ്ങളും പട്ടണങ്ങളും ശ്രീലങ്കൻ സേന മോചിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യവും നമുക്കേവർക്കുമറിവുള്ള യാഥാർത്ഥ്യമാണ്. എൽ.ടി.ടി.ഇ. പറയുന്നത് ശരിയോ തെറ്റോ എന്നതല്ല ഇവിടെ പ്രതിപാദ്യം. ഇന്ത്യൻ ഭരണകൂടം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ അവർ ശ്രദ്ധിക്കുന്നുണ്ടോയെന്നതാണ് വസ്തുത. യുദ്ധകാലത്തെ ശ്രീലങ്കൻ തമിഴ്ജനതയുടെ അവസ്ഥയെന്താണ്? അവർക്ക് വേണ്ടതായ ദുരിതാശ്വാസങ്ങൾ മുറക്ക് ലഭിക്കുന്നുണ്ടോ? യുദ്ധക്കെടുതിയേറ്റ ഗ്രാമങ്ങളിലും പട്ടണങ്ങളിലും തമിഴ് ജനതക്ക് സമയാസമയങ്ങളിൽ ഭക്ഷണവും മരുന്നും വസ്ത്രങ്ങളും മറ്റും ലഭിക്കുന്നുണ്ടോ? (റെഡ് ക്രോസ് ഒരു സന്നദ്ധസംഘടനയാണ്. അവർ ചെയ്യേണ്ടതാണവർ ചെയ്യുന്നത്. അത് ഇന്ത്യാരാജ്യം ഭരിക്കുന്ന ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള യുദ്ധക്കെടുതി നിവാരണമാകില്ലല്ലോ?) ഭാരതസർക്കാറും ഹൈകമ്മീഷനും ഇടപെടേണ്ട ഇത്തരം കാര്യങ്ങളിൽ തമിഴ് ജനതയോട് പകപോക്കൽ നയം സ്വീകരിക്കുന്നില്ലേ? ഇതെല്ലാം ശ്രദ്ധിക്കേണ്ട ഭരണകൂടത്തിൽനിന്ന് തമിഴ്കുടിയേറ്റക്കാരായ ശ്രീലങ്കൻ തമിഴരെക്കുറിച്ച് നല്ലൊരു വാക്ക് ശ്രീലങ്കൻ തമിഴരും പ്രതീക്ഷിക്കുന്നുണ്ടാകാം. പ്രതികരണശേഷിയുള്ള സാഹിത്യകാരന്മാരിൽനിന്നും ഭരണകൂടത്തിൽനിന്നും പൊതുജനങ്ങളിൽനിന്നും ഇനിയും നിശ്ശബ്ദതയാകാമോ? ശ്രീലങ്കൻ ജനത ഏകോദര സഹോദരങ്ങളായ ഭാരതജനതയുടെ ബന്ധുക്കളാണെന്നതല്ലേ യാഥാർത്ഥ്യം

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം
**യു.എ. ഖാദർ (സാഹിത്യകാൻ)**

since : 2008
Nakshathra Rajyam
**(Monthly Magazine)**
2009 March 25
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
**NAKSHATHRA RAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**


## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2009 മാർച്ച് 25 മുതൽ ഏപ്രിൽ 24 വരെ)**

# ഭാരതത്തിലെ ഭരണകൂടങ്ങളും രാഷ്ട്രീയവും

**ഭാ**രതത്തിൽ ഒരു പൊതുതെരഞ്ഞെടുപ്പുകൂടി അടുത്തുവരുകയാണ്. രാജ്യത്തിന്റെ ചരിത്രത്തിലെ..... 15 ാമത്തെ പൊതുതെരഞ്ഞെടുപ്പ്. സ്വതന്ത്രാനന്തര ഇന്ത്യയിൽ ഇതുവരെയുള്ള കാലയളവിൽ പല രാഷ്ട്രീയ കക്ഷികളുടേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രധാനമന്ത്രിമാരായി രാജ്യം ഭരിച്ചിട്ടുണ്ട്. വികസ്വരരാജ്യമായ ഭാരതം നാൾക്ക്നാൾ ഇന്ന് വികസിച്ചു കൊണ്ടിരിക്കുകയാണെന്ന് പറയുന്നതിൽ തർക്കമില്ല. സാമ്പത്തികമായും സൈനികമായും ശാസ്ത്രനേട്ടങ്ങളിലും ചില്ലറ സഹായങ്ങളോക്കെ വികസ്വര രാജ്യങ്ങളായ മറ്റു ചെറു രാജ്യങ്ങൾക്ക് നൽകുവാൻ ഭാരതത്തിന് സാധിക്കുന്നത്, സാമ്പത്തികമായി രാജ്യം മുന്നേറുന്നതിന്റെ മകുടോദാഹരണമാണ്. പട്ടണങ്ങൾ അനുദിനം വികസിച്ചുകൊണ്ടിരിക്കയാണ് രാജ്യത്ത്. വാഹനപ്പെരുപ്പം മൂലം പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും പോലും റോഡുകളിൽ കൂടി കാൽനടയാത്രകാർക്ക് നടക്കാൻ സാധിക്കാത്ത വിധം പെരുകിയത് ജന ജീവിതത്തിന്റെ ഉയർച്ചയായിതന്നെ കണക്കാക്കാംനമുക്ക്. കൂറ്റൻ ബഹുനില കെട്ടിടങ്ങൾകൊണ്ട് സമ്പന്നമാണിന്ന് പട്ടണങ്ങൾ. കാലാകാലങ്ങളിൽ പാലങ്ങൾ റോഡുകൾ മുതലായവ പഴയ കാലങ്ങളെ അപേക്ഷിച്ച് വളരെയധികം പുരോഗമിച്ചിട്ടുണ്ട്. പക്ഷേ ഇങ്ങനെയൊക്കെ വികസിക്കുന്നതിനെ തന്നെയാണോ രാജ്യം വികസിച്ചു എന്നുപറയുന്നതെന്നറിയില്ല. ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും കൂടുതൽ, ജനസംഖ്യയുള്ള രാജ്യമാണ് ഭാരതം. ചൈനയിൽ നിന്നുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളാണ് നാമോരുത്തരുടേയും വീടുകളിൽ മുഖ്യമായുമിന്ന് ഉപയോഗിക്കുന്നത്. സാധാരണകാരന് സ്വപ്നം കാണാൻ പോലും അർഹതയില്ലാതായ പല ഇലക്ട്രോണിക് സാധനങ്ങളും മറ്റു പലമേഖലകളിലുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഭാരതത്തിലെ സാധാരണക്കാർക്കാരുടെ വീടുകളിൽ എത്തുന്നത് രാജ്യത്തിലെ ചൈനയുടേയും ജപ്പാന്റേയും ഉല്പ്പന്നങ്ങളുടെ വില്പനാന്തര സേവനവും വില്പ




നയും കൊണ്ടാണെന്നു പറയാൻ സാധിക്കും. എന്നു കരുതി ചൈനയിലും ജപ്പാനിലും ദാരിദ്യമോ തൊഴിലില്ലായ്മയോ തീരെ ഇല്ലെന്നു പറയുന്നതിൽ അർത്ഥമില്ലന്നതെന്നുപോലെ എന്തുകൊണ്ട് നമുക്കതിനുസാധിക്കുന്നില്ല എന്നതാണ് ̆ അതിനെ കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കുണ്ടാകുന്ന സംശയം. ഒരു രാജ്യത്തിന് അപര്യാപ്തമായ നയം മൂലമാണങ്ങനെ സംഭവിക്കുന്നതെന്ന് ധൈര്യം പൂർവ്വം നമുക്കതിനെ കണക്കാക്കാൻ സാധിക്കും. ഒരു രാജ്യം വികസിക്കണമെങ്കിൽ അല്ലെങ്കിൽ വികസിത രാജ്യമായി ഉയരണമെങ്കിൽ സാധാരണകാരന് ഉല്പന്നങ്ങൾ നിർമ്മിക്കുവാനും മാർക്കറ്റ് ചെയ്യുവാനുമായുള്ള സംവിധാനം വേണം. കുറച്ചു ഫാക്ടറികൾ ഉല്പാദിപ്പിച്ചു കൂട്ടുന്ന ഉല്പ്പനങ്ങൾ മാത്രമായി ഇന്ത്യാരാജ്യത്തെ ഉല്പന്നങ്ങൾ പരിമിത പെട്ടതുകൊണ്ടുകൂടിയാണ് രാജ്യം ഇന്നും വികസനത്തിലേക്ക് കുതിച്ചെത്താത്തത്. ഭൂഖണ്ഡങ്ങളിലെ ദരിദ്ര രാഷ്ട്രമായ ചൈനയും ജപ്പാനും പ്രകൃതി ക്ഷോഭങ്ങളേയും മറ്റും അതിജീവിച്ച് സമ്പന്നരാഷ്ട്രമായി ഉയർന്നിട്ടുണ്ടെങ്കിൽ അത് ആ രാജ്യത്തിന്റെ നയരൂപികരണത്തിന്റെ തിളക്കം മൂലമാണെന്നു പറയാൻ ധൈര്യപൂർവ്വം സാധിക്കും. രാജ്യത്ത് കുറച്ച് സമ്പന്നരെ സൃഷ്ടിക്കാതെ സാധാരണകാരെയും സമ്പന്നരാക്കാനുള്ള നയരൂപികരണമാണ് ചൈനയുടേതും ജപ്പാന്റേതുമെന്നുപറയാം. ഉദാഹരണത്തിന് ഒരു രാജ്യത്ത് ഒരു കോടി ജനസംഖ്യയുള്ളതിൽ ഒരു ലക്ഷം സമ്പന്നൻമാരാണുള്ളതെങ്കിൽ ആ രാജ്യം കുത്തുപാളയെടുക്കാതെ മറ്റെന്തുചെയ്യാൻ സാധിക്കും. നമുക്കാലോചിച്ചാൽ അറിയാം ഈ ഒരു ലക്ഷം സമ്പന്നമാർ അവരുടെ കുടുംബത്തിന് ആവശ്യമായതിന്റെ നൂറിരട്ടി ഉല്പ്പനങ്ങൾ കമ്പോളത്തിൽ നിന്നു വാങ്ങിയാൽ പോലും രാജ്യത്തെ കമ്പോളങ്ങളിലൂടെ രാജ്യം വികസിക്കുമോ എന്നതിനുള്ള ഉത്തരം. ഇല്ല. പക്ഷേ രാജ്യത്ത് ജീവിക്കുന്ന ഒരുകോടി ജനങ്ങളും സമ്പന്നമാരാണെങ്കിലോ?. ഇത്രയും ആളുകൾ അവരുടെ കുടുംബങ്ങളിലേക്ക് വാങ്ങിക്കൂടുന്ന ഉല്പന്നങ്ങളിലൂടെ രാജ്യത്തിന് സമ്പന്നതയിലേക്ക് ഉയരുവാൻ സാധിക്കില്ലേ?. ബാക്കി ഉല്പന്നങ്ങളെ കയറ്റുമതി ചെയ്യുകയും ചെയ്യാം. അങ്ങിനെ നോക്കിയാൽ ഇന്ത്യാരാജ്യത്ത ̆അപര്യാപ്തമായത് ജനസംഖ്യയിലെ സമ്പന്നമാരുടെ ശതമാനമാണെന്ന് തർക്കമില്ലാതെ പറയാൻ സാധിക്കും. അതുകൊണ്ട് തന്നെ ജനസംഖ്യയിലെ നൂറ് ശതമാനവും സമ്പന്നരായി ഭാരതത്തിലുണ്ടാകാൻ നമുക്കേവർക്കും ഭാരതത്തിലെ പതിനഞ്ചാം ലോകസഭയോട് പ്രാർത്ഥിക്കാം

.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം

**ലളിതാംബിക അന്തർജ്ജനം**

**(സാഹിത്യകാരി)**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2009 April 30

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

Kozhikode- 673007

Address

Managing Editior

**NAKSHATHRA RAJYAM(Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**

# എഡിറ്റോറയൽ



**(നക്ഷത്രരാജ്യം ലക്കം 2009**
**ഏപ്രിൽ 30 മുതൽ മേയ് 29 വരെ ലക്കം)**

## അച്ചടിമധ്യമങ്ങളും- ദൃശ്യമാധ്യമങ്ങളും

**വാ**യന ഏറെകുറെ പിറകോട്ടുപോകുന്ന കാലഘട്ടത്തിലൂടെയാണ് ഭാരതീയരായ നമ്മുടെ സഞ്ചാരപഥം. വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്ന നമ്മുടെ കൊച്ചുകേരളത്തിലെ മലയാള ഭാഷയിലും, ഈ വായന അലംഭാവം മൂലം ഉടലെടുക്കുന്ന പ്രതിസന്ധികൾ ധാരാളം ഉണ്ട്. ഏറെക്കുറെ ഉള്ള എല്ലാ ഭാഷകളിലും വായന അലംഭാവം മൂലമുള്ള ഇത്തരം പ്രതിസന്ധികൾ ഭാരതത്തിൽ നമുക്ക് കാണാൻ കഴിയാറുണ്ട്. ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റമാണ് ഈ പ്രതിസന്ധിക്ക് കാരണമെന്ന് അത് ശരിയായിരുന്നാലും തെറ്റായിരുന്നാലും വേണമെങ്കിൽ നമുക്ക് സമർത്ഥിക്കാൻ കഴിയും. ചിലദൃശ്യമാധ്യമ സഹവർത്തികളുടെ കണ്ടെത്തലുകളിൽ നിന്നുള്ള കാരണമാകാം അത്. വെടക്കാക്കി നശിപ്പിക്കാനുള്ള കപടബുദ്ധി. എന്നാൽ വായനയും ദൃശ്യവും ആർഷഭാരതസംസ്ക്കാരത്തിന് ശരീരത്തിന്റെ ഇടംകയ്യും വലംകയ്യും തന്നെയാണെന്നതിൽ ബുദ്ധിക്ക് സംശയമില്ല. അതെന്തായിരുന്നാലും അച്ചടിമാധ്യമങ്ങളാണ് ഇത്തരം പ്രതിസന്ധികളിൽപെട്ട് ഞെരിഞ്ഞമരുന്നതെന്ന കാര്യത്തിൽ തർക്കമില്ലാത്ത ഒരു വസ്തുതയായി നമുക്ക് കണക്കാക്കാം. അച്ചടി മാധ്യമങ്ങളുടെ മുൻപന്തിയിൽ പ്രധാനമായും പത്രമാധ്യമങ്ങളും അതിൽ ഉൾപ്പെടുന്ന മാഗസിനുകളുമാണുള്ളത്. അതുകൊണ്ടുതന്നെ വായന അലംഭാവം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ പത്രമാധ്യമങ്ങളേയും ചെറുകിട മാഗസിനുകളെയുമാണ് പ്രതിസന്ധിയിലാക്കുന്നതെന്ന് നിസ്സംശയം പറയാൻകഴിയും.

നക്ഷത്രരാജ്യം മാഗസിനും കേരളത്തിലെ ഒരു ചെറുകിട മാസികയാണ്. ഏപ്രിൽ മാസം 30-ാം തിയ്യതി 6-ാം ലക്കം പ്രസിദ്ധീകരിക്കുന്ന നക്ഷത്രരാജ്യം മായിക ഈ കാലഘട്ടത്തിനിടയിൽ ഒരു മാഗസിൻ നടത്തിപ്പിനിടയിലെ പ്രതിസന്ധികൾ തൊട്ടറിഞ്ഞനുഭവിച്ചവരാണ്. അതുകൊണ്ടുതന്നെ പിറകോട്ടു തിരിഞ്ഞുനോക്കിയാൽ മാസികാ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് നന്ദിപൂർവ്വം സ്മരിക്കാൻ കടപ്പാടുള്ളവരെ ഹൃദയത്തിന്റെ ഭാഷയിൽ സ്മരിക്കുവാനുള്ള ഒരു അവസരമായി കൊണ്ടാണ് ഈ എഡിറ്റോറിയൽ ചേർക്കുന്നതെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.


മലയാളത്തിലെ പ്രഗൽഭരായ പല സാഹിത്യ

കാരന്മാരുടേയും കവികളുടേയും സാഹിത്യങ്ങൾ നക്ഷത്രരാജ്യം മാസികയിൽ പ്രസിദ്ധീകരിക്കുവാൻ ഈ ആറുമാസകാലയളവിനുള്ളിൽ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അതൊരു ഭാഗ്യമായി ഞങ്ങൾ കണക്കാക്കുകയാണ്. പ്രശസ്ത സാഹിത്യകാരൻ യു. ഏ. ഖാദർ സാറിനെ സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ വിനയത്തെക്കുറിച്ചാണ് ഓർമ്മ വരുന്നത്. ഏപ്രിൽ ലക്കം മാഗസിൻ ഒന്നുകൂടി നന്നാക്കാൻ ഒരു കൃതി വേണമെന്ന് ഡി.ടി.പി. അവസാന നാൾ ഇരുപത്തേഴാം തിയ്യതി രാത്രി ചെന്ന് അദ്ദേഹത്തിനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇരുപത്തേഴാം തിയ്യതി രാത്രി നക്ഷത്രരാജ്യം മാഗസിനുവേണ്ടി എഴുതിതന്ന "വൻമരങ്ങൾ വീഴ്ത്തരുത്" എന്ന കൃതി പിറ്റേന്ന് ഉച്ചക്ക് അദ്ദേഹം തന്നെ ഡി.ടി.പി. പ്രൂഫ് നോക്കി "നന്മ മരങ്ങൾ" എന്നാക്കി ടൈറ്റിൽ തിരുത്തി തരുകയും ചെയ്ത അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും(അദ്ദേഹത്തിന്റേതായി മൂന്ന് കൃതികൾ നക്ഷത്രരാജ്യം മാഗസിൻ പ്രസിദ്ധികരച്ചിട്ടുണ്ട്), അതുപോലെ നക്ഷത്രരാജ്യവുമായി ഏറെ സഹകരിച്ച കേരളത്തിലെ പ്രശസ്ത സാഹിത്യകാരി കെ.പി. സുധീര (മേഡത്തിന്റേതായി മൂന്നു കൃതികൾ നക്ഷത്രരാജ്യം മാഗസിൻ പ്രസിദ്ധികരിച്ചിട്ടുണ്ട്), ബഹു: പി. വത്സല ടീച്ചർ, കെ.ബി.ശ്രീദേവി, യു.കെ. കുമാരൻ, വൈശാഖൻ, രാജൻ ചിന്നങ്ങത്ത്, മലയത്ത് അപ്പുണ്ണി, കെ.പി. രാമനുണ്ണി, സുകുമാർ കൂർക്കഞ്ചേരി, എം.എസ്. കുമാർ, കെ.വി. പ്രഭാകരൻ, കെ. വിഷ്ണുനാരായണൻ, ഭാസി മലാപ്പറമ്പ്, കുഞ്ഞിക്കണ്ണൻ വാണിമേൽ, പൂനൂർ കെ. കരുണാകരൻ, മണിയൂർ ഇ. ബാലൻ, വിജയൻ അത്തിപ്പറ്റ, മുണ്ട്യാടി ദാമോദരൻ, മണി എൻ. മലപ്പുറം, ടി.പി. ശിവദാസൻ നെന്മാറ, എ.പി. സുരേഷ്, മറ്റക്കര സുകുമാരൻ നായർ, സുരേന്ദ്രൻ വടക്കിനാലിൽ, റഹീം പൂവാട്ടു പറമ്പ്, കടത്തനാട് കുഞ്ഞനന്തൻ നായർ, അഷിത ശിവദാസ്, കെ. സബിത, ബാബുരാജ് ഭക്തപ്രിയം, കവി: മേലൂർ വാസുദേവൻ, ശിവദാസ് പുറമേരി, പി,എൻ. ചന്ദ്രൻ, ശ്രീധരനുണ്ണി, കാക്കൂർ സി. ബാലൻ, കടത്തനാട്ട് മധു, ഗ്രേസി ടീച്ചർ, എ.എം. ബഷീർ കണ്ണമംഗലം, മറ്റു പുതുമുഖ എഴുത്തുകാർ, വിദ്യാർത്ഥികൾ, കാർട്ടൂണിസ്റ്റ് രാഗേഷ്, ഗിരീഷ് മൂഴിപ്പാടം, സെഡാർ ഡി.ടി.പി, വിക്ടറി ഡി.ടി.പി, ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിന്റ്സ്, പരസ്യം തന്ന് സഹകരിച്ച സ്ഥാപനങ്ങളുടെ ഉടമസ്ഥർ- സ്റ്റാഫ് സുഹൃത്തുക്കൾ, അഭ്യുദയകാംക്ഷികൾ, ഉപദേശങ്ങളും നിർദ്ദേശങ്ങളും തരുന്ന വായനക്കാരും സുഹൃത്തുക്കളും. വിശിഷ്യാ മാസികാ പ്രകാശന ചടങ്ങിൽ പങ്കെടുത്ത് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്ന മേയർ സ: എം. ഭാസ്കരൻ, സ: ടി.വി. ബാലൻ (സി.പി.ഐ. ജില്ലാ സെക്രട്ടറി), കലാസാഹിത്യ മണ്ഡലങ്ങളിലെ സുഹൃത്തുക്കൾ ഇവരോടെല്ലാമുള്ള നന്ദിയും കടപ്പാടും ഏപ്രിൽ മാസം ലക്കത്തിലെ എഡിറ്റോറിയലിലൂടെ ഒന്നുകൂടി ഓർമ്മിക്കുകയും തുടർന്നും ഇവരെല്ലാം നക്ഷത്രരാജ്യം മാസിക വാങ്ങിയും പരസ്യങ്ങൾ തന്നും രചനകൾ തന്നും പതിന്മടങ്ങ് സഹായിക്കുവാനുള്ള സന്മനസ്സുണ്ടാകാൻ ഈശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**



യു.എ. ഖാദർ



ഇയ്യങ്കോട് ശ്രീധരൻ



അശോകൻ ചരുവിൽ



കെ.പി. സുധീര




**മുഖചിത്രം**

**അഞ്ജു മോഹൻമാസ്**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2009 August 27

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

Kozhikode- 673007

Address

Managing Editior

**NAKSHATHRA RAJYAM(Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**

# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2009 ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 26 വരെ)**

# അമരക്കാരുടെ വേർപാടിൽ മലയാള സിനിമ

**ഭാ**വാഭിനയങ്ങളിലൂടെ മലയാളത്തിലും മലയാളിയുടെ മനസ്സിലും അത്യുന്നത ശ്രൃംഗങ്ങളിൽ പ്രശസ്തി പിടിച്ചുപറ്റിയ ശ്രീ മുരളിയുടെയും, രാജൻ.പി.ദേവിന്റേയും പ്രമുഖ തിരക്കഥാകൃത്തായ എ.കെ.ലോഹിതദാസിന്റെയും മരണം മലയാള സിനിമാ ആസ്വാദകരേയും സിനിമാ വ്യവസായത്തേയും ദുഃഖത്തിലും സംഭ്രമത്തിലും ആഴ്ത്തുന്നതായുള്ള 2009ലെ സുപ്രധാന വാർത്തയാണ് നാം ഇന്നു കേട്ടുകൊണ്ടിരിക്കുന്നത്.

നമിതയുടെയും, നയൻതാരയുടെയും, സുന്ദരിമാരായ മറ്റനേകം മാദകത്തിടമ്പുകളുടേയും മേനിയഴകിലൂടെ അരിഷ്ടിച്ചും അഷ്ടിച്ചും കടന്നുപോകുന്ന സിനിമാവ്യവസായത്തിന്റെ തിരുനെറ്റിയിലെ കറുത്തനാളുകളായാണ് ഈ ദുഃഖദിനങ്ങളെ സിനിമാ ആസ്വാദകരും സിനിമാ നിർമ്മാണ പ്രവർത്തകരും അനുസ്മരിക്കുന്നത്.

എം.ടി.വാസുദേവൻനായരേയും തകഴിശിവശങ്കരപ്പിള്ളയേയും പോലുള്ള പ്രഗത്ഭരായ നോവലിസ്റ്റുകളുടെ നോവലിനെ ആധാരമാക്കി തിരക്കഥ എഴുതി 1980നുമുമ്പുള്ള കാലഘട്ടത്തിൽ നിർമ്മിച്ച മലയാള സിനിമയിലെ കഴിവുറ്റ നായകന്മാരായ സത്യനും, മധുവിനും, പ്രേംനസീറിനും തിക്കുറിശ്ശിക്കും കൊട്ടാരക്കരക്കുംശേഷം അഭിനയസാധ്യതയുള്ളതും കഴമ്പുള്ളതും ശക്തവുമായ കഥാപാത്രങ്ങൾക്ക് മലയാളസിനിമയിൽ ജന്മംനൽകിയ പ്രഗത്ഭ നടനാണ് ശ്രീ മുരളി എന്നത് ഓർക്കാതെ വയ്യ. അമരത്തിലൂടെയും, ചമ്പക്കുളംതച്ചനിലൂടെയും ആധാരത്തിലൂടെയും വെങ്കലത്തിലൂടെയും നാരായത്തിലൂടെയും അദ്ദേഹം തന്റെ അഭിനയപാടവം തെളിയിച്ചതും, മലയാളസിനിമാ ആസ്വാദകരുടെ മനസ്സിൽ സ്ഥിര പ്രതിഷ്ട നേടിയതും ഈ ശോകം തളംകെട്ടികിടക്കുന്ന നാളുകളിൽ സ്മരിക്കാതിരിക്കാൻ മലയാള സിനിമാ ആസ്വാദകർക്ക് സാധ്യമല്ല.

ലോഹിതദാസ് മരിച്ചു. സിനിമാ ആസ്വാദകർ അംഗീകരിക്കാത്തതും എന്നാൽ അവരുടെ ഉൾമനസ്സിന്റെ ആന്തലിൽ ഒരു നടുക്കമുണ്ടാക്കുന്നതുമായ ഒരു നഗ്നസത്യം. അമരത്തിലൂടെയും, കസ്തൂരിമാനിലൂടെയും ഭൂതകണ്ണാടിയിലൂടെയും അനുസ്മരണീയനായ- സിനിമാ വ്യവസായത്തിലെ സുഹൃത്തുക്കൾ ലോഹി എന്നു വിളിക്കുന്ന അനശ്വരനായ ലോഹിതദാസിന്റെ തൂലികയിൽനിന്ന് മറ്റനേകം തിരക്കഥകളും നാടകങ്ങളും ഉടലെടുത്തിട്ടുണ്ട്. 1982 മുതൽ 1992 വരെ ഒരു ദശാബ്ദത്തിലധികം കാലം അവിസ്മരണീയമായ ഭാവങ്ങളിലൂടെയും ചലനങ്ങളിലൂടെയും മലയാളസിനിമയെ സമ്പന്നമാക്കിയ സൂപ്പർ സ്റ്റാർ ശ്രീ മോഹൻലാലിന്റെയും, മമ്മൂട്ടിയുടെയും, (യാത്രയും, ന്യൂഡൽഹിയും 1981ൽ യവനികയും ഉൾപ്പെടെ) സുവർണ്ണ വർഷങ്ങൾക്കുശേഷം തിയേറ്ററുകളിലെത്തുന്ന നല്ല സിനിമയിൽ തിരക്കഥാകൃത്തിന്റെയും സംവിധായകന്റേയും പങ്കുവഹിച്ച് ശ്രീ ലോഹിതദാസും കൂടി സിനിമാനിർമ്മാണ മേഖലയിലെ ആർട്ടിസ്റ്റുകളോടൊപ്പം ഉണ്ടായിരുന്നു എന്നതായിരുന്നു ആ സിനിമകളുടെ വിജയങ്ങളുടെ പ്രധാന കാരണമെന്നത് ഒരു വസ്തുതയാണ്.

നടൻ ശ്രീ രാജൻ പി.ദേവിനെ പറഞ്ഞാലൊടുങ്ങാത്ത ഭാവാഭിനയങ്ങളുടെ ചക്രവർത്തിയായയാണ് തമിഴ് സിനിമാ









ലോകവും മലയാള സിനിമാ ആസ്വാദകരും വാഴ്ത്തുന്നത്. ചിരിച്ചും ചിരിപ്പിച്ചും വില്ലൻ കഥാപാത്രങ്ങൾക്കും ശോകകഥാപാത്രങ്ങൾക്കും മറ്റൊരു മാനം നൽകിയ ശ്രീ രാജൻ.പി.ദേവ് മലയാളസിനിമയെ ഭാവാഭിനയ സമ്പന്നമാക്കിയ ഒരു അതുല്യ പ്രതിഭയാണെന്ന് പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. ഭാവാഭിനയത്തിൽ ശ്രീ രാജൻ പി. ദേവിന് തുല്യരായി മലയാള സിനിമയിൽ മറ്റാരെങ്കിലുമുണ്ടെങ്കിൽ അത് ശ്രീ തിലകനും, സായ്കുമാറും, വിജയരാഘവനും മൺമറഞ്ഞ നടൻ നരേന്ദ്രപ്രസാദും, എൻ.എഫ്.വർഗ്ഗീസും മാത്രമാണുള്ളതെന്ന് സിനിമ വ്യവസായികളുടെയും പ്രവർത്തകരുടെയും വായിൽനിന്ന് വീഴുന്നതിന്നൊരങ്ങാടിപാട്ടാണ്. എസ്.എൻ.പുരം സദാനന്ദൻ എന്ന തിരക്കഥാ രചന, നാടകരചന, പ്രതിഭയുടെ ആലപ്പുഴ സൂര്യസോമ നാടകനിലയാമാണ്. (ഇന്ന് മലയാളസിനിമയിൽ നായകനടനും സഹനടനും സംവിധായകനുമായി മലയാളസിനിമയുടെ അവിഭാജ്യഘടകമായ ജയസൂര്യയുടെ അച്ഛൻ) രാജൻപി.ദേവ് എന്ന കലാകാരന് മാറ്റുരച്ച് വേദിയിലെത്താനുള്ള അവസരം ഒരുക്കിയത്.

സിനിമാചരിത്രത്തിൽ നിന്നൊരിക്കലും അടർത്തിയെടുക്കാനാകാത്തവിധം കാർലോസ് എന്ന വില്ലൻ കഥാപാത്രത്തെ ഇന്ദ്രജാലം എന്ന സിനിമയിൽ അവിസ്മരണീയനാക്കിയ ശ്രീ രാജൻ പി.ദേവിനെ അഭിനന്ദിക്കാത്ത മനസ്സുള്ള മലയാള സിനിമാ ആസ്വാദകർ ലോകത്തിലൊരിടത്തും ഉണ്ടാകില്ലെന്നത് അസന്ദിഗ്ധമായി പറയാൻ ഏതൊരു മലയാളിക്കും ആത്മവിശ്വാസത്തോടെ സാധിക്കുംവിധം ഭാവാഭിനയസമ്പുഷ്ടമായിരുന്നു അദ്ദേഹത്തിന്റെ കൈകളിൽ ആ കഥാപാത്രം.

അദ്ദേഹത്തിന്റെ ഭാവാഭിനയത്തിലെ നല്ല കഥാപാത്രങ്ങൾ തൊമ്മനും മക്കളും, അനിയൻബാവ ചേട്ടൻബാവ, സ്ഥലത്തെ പ്രധാന പയ്യൻസ്, ഛോട്ടാമുംബൈ,





മാഫിയ, കാട്ടുകുതിര (നാടകം) എന്നിങ്ങനെ, മലയാള സിനിമയുടെ ചരിത്രത്തിൽ നീണ്ടുപോകുന്നതിനൊരന്ത്യമാകുന്നല്ലോ എന്നോർത്ത് മലയാളസിനിമാ ആസ്വാദകർ ഖിന്നരാണ് എന്നുപറയുന്നതിൽ മറ്റാർക്കും എതിരഭിപ്രായമുണ്ടാകില്ലെന്ന് ആത്മവിശ്വാസത്തോടെ ഏതൊരു മലയാളിയും പറയും.

തമിഴൻ ഒരിക്കലും മറക്കാത്ത തമിഴ് സിനിമയാണ് "ചെങ്കോട്ട". മലയാളത്തിൽ കാർലോസിനേയും കടത്തിവെട്ടുന്ന പ്രധാനമന്ത്രിസ്ഥാനമോഹിയായ മന്ത്രിയുടെ കോമഡിയൻ വില്ലൻ റോളാണ് രാജൻ പി. ദേവ് ഭാവാഭിനയ സമ്പുഷ്ടമാക്കി 'ചെങ്കോട്ട'യിൽ വെട്ടിത്തിളങ്ങിയത്. മറ്റനേകം തമിഴ്സിനിമകളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ടെങ്കിലും ചെങ്കോട്ടയോളം പോന്ന ശക്തമായ കഥാപാത്രം അദ്ദേഹത്തിന് തമിഴിൽ കിട്ടിയിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്.

എത്ര പറഞ്ഞാലും മതിവരാത്ത ആ അതുല്യ കലാകാരന്മാർക്ക് നക്ഷത്രരാജ്യം മാസികയിലൂടെ ഒരുപിടി ശ്രദ്ധാഞ്ജലികളർപ്പിക്കുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**
**കവി കുഞ്ഞുണ്ണിമാഷ്**
since : 2008
Nakshathra Rajyam
**(Monthly Magazine)**
2009 September 30
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
**NAKSHATHRA RAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2009 സെപ്തംബർ 30മുതൽ ഒക്ടോബർ 29 വരെ)**

# ചെങ്ങറസമരം

**2007** ആഗസ്റ്റ് നാലിനു തുടങ്ങിയ ചെങ്ങറ സമരം 793 ദിവസം നീണ്ടുനിന്നെങ്കിലും കേരളത്തിലെ ജനങ്ങൾക്കും, പ്രതിപക്ഷം ഉൾപ്പെടെയുള്ള രാഷ്ട്രീയപാർട്ടികൾക്കും സ്വീകാര്യമായ ഒത്തുതീർപ്പ് വ്യവസ്ഥയിൽ അവസാനിപ്പിച്ച കേരളത്തിലെ ഭരണകൂടവും മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയും, എ.കെ.ബാലൻ, കെ.പി.രാജേന്ദ്രൻ, ബിനോയ്വിശ്വം എന്നീ മന്ത്രിമാരും അഭിനന്ദനം അർഹിക്കുന്നു. വിവിധകാരണങ്ങളാൽ സമരഭൂമിയിൽ മരിച്ചുവീണ പതിമൂന്നുപേരുടെ ദുഃഖസ്മൃതി തളംകെട്ടിനിൽക്കുന്ന അന്തരീക്ഷത്തിൽ കൂടുതൽ പേരുടെ മരണത്തിനിടയാകാതെ സമരം അവസാനിപ്പിച്ചത് കേരളത്തിലെ ഭൂസമരങ്ങൾക്കൊരു മാതൃകായണെന്ന് കണക്കാക്കാം. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ 1038 ഹെക്ടറുള്ള റബ്ബർ എസ്റ്റേറ്റിലെ 500ഓളം ഏക്കർഭൂമി സാധുജന വിമോചന സംയുക്തവേദി പ്രവർത്തകരാണ് കൈയ്യേറി കുടിൽവെച്ചു സമരം ആരംഭിച്ചത്. സമരം ഒത്തുതീർപ്പനുസരിച്ച് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറും പട്ടികജാതി കുടുംബങ്ങൾക്ക് അര ഏക്കറും ബാക്കി കുടുംബങ്ങൾക്ക് 25 സെന്റും ലഭിക്കുമെന്നറിയുന്നതിൽ സന്തോഷമുണ്ട്.

കേരളത്തിൽ ഇതിനുമുമ്പുംപല ഐതിഹാസിക സമരങ്ങൾ നടന്നിട്ടുണ്ട്. മേൽജാതിയും കീഴ്ജാതിയും തമ്മിലുള്ള ക്ഷേത്രപ്രവേശന തർക്കമായിരുന്നു വൈക്കം സത്യാഗ്രഹം ഉൾപ്പെടെയുള്ള ജനകീയ സമരം. സവർണ്ണനായ മഹാത്മാഗാന്ധിയുടെയും മറ്റും പങ്കാളിത്തത്തോടെയുള്ള സമരത്തിനൊടുവിൽ ക്ഷേത്രപ്രവേശനാനുമതി നേടി വൈക്കം സത്യാഗ്രഹം സമാധാനമായി അവസാനിച്ചു. ഐതിഹാസികമായ മാറുമറയ്ക്കൽ സമരം ജന്മിയും കുടിയാനും തമ്മിലുള്ള സംഘർഷവുമായി ബന്ധപ്പെട്ടുള്ള സമരമായിരുന്നു. തിരുവിതാംകൂർ ദേശത്ത് പണ്ട് കർഷകതൊഴിലാളി സ്ത്രീകളും മറ്റു വിവിധ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകളും ബ്ലൗസ് ധരിക്കാൻ പാടില്ലെന്ന ജന്മിമാരുടെ ഉത്തരവിനെതിരെ അവിടുത്തെ ജനങ്ങൾ സംഘടിച്ച് നടത്തിയ ഐതിഹാസികമായ സമരമായിരുന്നു മാറുമറയ്ക്കൽ സമരം. സി.കേശവനേയു ആർ.




ചെങ്ങറസമരം



ചെങ്ങറസമരം



മുത്തങ്ങ സമരം



മുത്തങ്ങ സമരം



മുത്തങ്ങ സമരം



ചെങ്ങറസമരഭൂമി

ശങ്കറിനേയും ക്രിസ്ത്യൻ മിഷനറിമാരേയും പോലുള്ളവർ നേതൃത്വം കൊടുത്ത സമരം മാറുമറയ്ക്കാനുള്ള അവകാശം തിരുവിതാംകൂറിലെ സ്ത്രീതൊഴിലാളികൾക്ക് നേടികൊടുത്ത് അക്കാലത്ത് സമരം വിജയിപ്പിച്ചു.

രാജവാഴ്ച അന്യംനിന്നശേഷം ഒരു കനൽക്കട്ടയായി ജ്വലിക്കുകയാണിന്ന് കേരളം. ഭരണകൂടത്തോടുള്ള വെല്ലുവിളിപോലെ അസംതൃപ്തരായ കാടിന്റെ മക്കൾ ആയുധമേന്തി വീരശൂരപരാക്രമികളായി സർക്കാർ വനം വെട്ടിപ്പിടിച്ച് കുടിലുകൾ കെട്ടി അവർക്കുചുറ്റും മനുഷ്യകോട്ടകൾ നിർമ്മിക്കുന്ന സമരത്തിന് സാക്ഷികളാണ് മുൻമുഖ്യമന്ത്രി എ.കെ.ആന്റണി സർക്കാർ. അന്ന് കണ്ണൂർ ജില്ലയിലെ കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിൽപെട്ട മുത്തങ്ങയിലായിരുന്നു ഭൂമിക്കുവേണ്ടിയുള്ള അവകാശസമരം. മാറിമാറിവരുന്ന സർക്കാറുകൾ കർഷകരേയും കാടിന്റെ മക്കളേയും നാട്ടുമക്കളേയും പരമ്പരാഗത തൊഴിലാളികളേയും പഴയതലമുറയേയും മറന്ന് പുതിയ തലമുറക്കായുള്ള വ്യാവസായിക വിപ്ലവത്തിനിറങ്ങുംമുമ്പ് പഴയ തലമുറയിലുള്ള ഇവരുടെ ജീവിതത്തെക്കുറിച്ചൊന്ന് പുനർചിന്തനം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നവർ കാണിച്ചുതരുന്നതിനെ വെല്ലുവിളിയായി എടുത്ത് തെറ്റുപറയാനൊക്കുമോ ഭരണകൂടങ്ങൾക്ക്? കൂടെയുള്ളവരെ വഞ്ചിക്കുന്ന നെറികെട്ടവരാകാനാകുമോ രാഷ്ട്രീയപാർട്ടികൾക്ക്? സാധുയസമരങ്ങളെ അടിച്ചമർത്തണമെന്ന കാര്യത്തിൽ സംശയമില്ലെങ്കിൽപോലും തെറ്റുകളെ തെറ്റായി കാണാനും ഒരു ഭരണകൂടം തയ്യാറാകണം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
കാവ്യാ മാധവൻ
(ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2010 January 10
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRA RAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2010**
**ജനവരി 10 മുതൽ ഫിബ്രവരി 09 വരെ)**

# കേരള സോപ്സ്

**കേ**രള സോപ്സിൽ പുനരുല്പാദനം നടക്കാൻ പോകുന്നുപോലും. കോഴിക്കോട് നിവാസികൾക്ക് വളരെ സന്തോഷമുള്ള കാര്യമാണ് കേരള സോപ്സിലെ പുനരുൽപ്പാദനം. കാരണം അപൂർവ്വത്തിൽ അപൂർവ്വമായി മാത്രം കോഴിക്കോട്ടുള്ള ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനമാണ് കോഴിക്കോട് വെസ്റ്റ്ഹില്ലിൽ പ്രവർത്തിക്കുന്ന കേരള സോപ്സ് എന്നതുതന്നെയാണതിനൊരു കാരണം. അതുപോലെത്തന്നെ പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല എന്നൊരു ചൊല്ലുമുണ്ട്. മുഴുവൻ പൊതുമേഖലകളുടെയും കേരളത്തിലെ സ്ഥിതിയും കേളനും പാലവും തമ്മിലുള്ള ബന്ധം പോലെയാണ്. ഫാക്ടറി അടച്ചുപൂട്ടിയാലും തലപ്പത്തുള്ളവർ കുലുങ്ങാറില്ലപോലും. നാട് നന്നാകില്ലെന്ന് വാതുവെക്കുന്നവരാണ് കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും. അവർക്ക് മുമ്പിലുള്ള നാടും നാട്ടാരുമുൾപ്പെട്ടതാണല്ലോ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ. കെ.എസ്.ആർ.ടി.സി.യെയും ഇലക്ട്രിസിറ്റി ബോർഡിനെയും വാട്ടർ അതോറിറ്റിയെയുംപോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കുളിപ്പിച്ച് കിടത്തുന്നത് നാട്ടുകാരാണെന്നാണ് അധികൃതരുടെ ഭാഷ്യം. ഒരുതരത്തിൽ നോക്കിയാൽ അതും ശരിയല്ലേ. നാട്ടുകാർ തന്നെയാണ് ഇവയെയെല്ലാം കട്ടപ്പുറത്ത് കുളിപ്പിച്ച് കിടത്തുന്നത് എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതിനവരെ കുറ്റംപറഞ്ഞിട്ടും കാര്യമില്ല. കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറാൻ ജനങ്ങൾ ഭയപ്പെടുന്നു. ബസ്സിൽ കയറിക്കഴിഞ്ഞാൽ മിനിമം ചാർജ്ജ് എത്ര കൊടുക്കേണ്ടി വരും, ഇത് തനിക്കിറങ്ങാനുള്ള സ്ഥലത്ത് സ്റ്റോപ്പുള്ള ബസ്സാണോ, ഇതൊന്നുമറിയാത്ത സാധാരണക്കാരന് കെ.എസ്.ആർ.ടി.സി.യെയും അതിലുള്ള കണ്ടക്ടറെയും ഡ്രൈവറെയും ഉൾപ്പെടെയുള്ളവരെ കാണുന്നതു തന്നെ പേടിയാണ്. ഒരു സർക്കാർ ഓഫീസിലെ ഉദ്യോഗം പോലെ കണക്കാക്കി സർക്കാർ ഉദ്യോഗസ്ഥനെപ്പോലെ ജനങ്ങളോട് പെരുമാറുന്നവരുമുണ്ടാകാം ഒരു വ്യവസായ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ. പക്ഷേ, എല്ലാ തൊഴിലാളികളെയും അടച്ചാക്ഷേപിക്കാനാകുമോ? തലസ്ഥാന നഗരിയിലെ ആളില്ലാത്ത ഡബിൾ ഡക്കറിൽ ഒരു യാത്രക്കാരൻ ഓടിക്കയറിയാൽ നടുറോഡിൽ ബസ്സ് നിർത്തിയിടിക്കുന്ന കണ്ടക്ടർ സേവിക്കുന്ന കെ.എസ്.ആർ.ടി.സി.യും, കേരള സോപ്സും വീണ്ടും നഷ്ടങ്ങളുടെ കണക്കിൽ നിന്ന് ലാഭത്തിലേക്കുള്ള ഒരു ഉയിർത്തെഴുന്നേൽപ്പിന് ഒരുങ്ങുകയാണുപോലും. സർവ്വവിധ ഭാവുകങ്ങളും നേർന്ന് പ്രത്യാശയോടെ കാത്തിരിക്കുകയാണ് ജനങ്ങൾ.

സർക്കാർ ഇത്രയധികം താല്പര്യമെടുത്ത് കേരള സോപ്സിനെ മുന്നോട്ടേക്ക് നയിച്ചാലും ഇത് മുന്നോട്ടേക്ക് പോകുമോ എന്നതൊരു ചോദ്യചിഹ്നമാണ്? ചിലവഴിച്ച കോടികൾ സോപ്പ് ആയി പിന്നീട് അത് കല്ലിന്റെ ഉറപ്പായി







നാട്ടിൽ പരിസ്ഥിതി പ്രവർത്തകരുടെ പ്രതിഷേധത്തിനിടയാകുമോ? അതോടൊപ്പംതന്നെ ചിലവഴിച്ച കോടികൾ വൃഥാവിലാകുമോ? ജനസേവകരായി ഇടതുമുന്നണി സർക്കാറിന് കുറച്ച് തൊഴിലാളികളെ കരകയറ്റാനുള്ള തത്രപ്പാടിനിടയിൽ തെറ്റുപറ്റുമോ? പറ്റാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് സർക്കാർ തന്നെയാണ്. കേരളത്തിൽ ജനങ്ങൾക്ക് കുളിക്കാൻ സോപ്പില്ലാഞ്ഞിട്ടല്ല കേരള സോപ്സ് സോപ്പ് നിർമ്മാണത്തിലേർപ്പെടുന്നതെന്ന് കേരള ജനതയും സോപ്സിലെ ഉദ്യോഗസ്ഥന്മാരും മാനേജ്മെന്റും മനസ്സിലാക്കിയാൽ അവർക്ക് നന്ന്. 100% ജനങ്ങളും കുളിക്കാതിരിക്കാത്ത കുളിസോപ്പുകൾക്ക് പഞ്ഞമില്ലാത്ത നാട്ടിൽ സോപ്പിൽ നിന്ന് ലാഭം ഉണ്ടാകണമെങ്കിൽ കേരള സോപ്സിന്റെ പ്രൊഡക്ടുകളെ ജനങ്ങൾ വിശ്വസിക്കേണ്ടതല്ലേ. കേരളത്തിലെ മുഴുവൻ ടാക്സുകളും കൊടുത്ത് കേരള സോപ്സ് വിപണിയിലിറങ്ങിയാൽ പൊതുജനങ്ങൾ കുത്തക മുതലാളിമാർ നിർമ്മിക്കുന്ന സോപ്പിനെതന്നെ ആശ്രയിക്കുമെന്നതുറപ്പാണല്ലോ. അവരെപ്പോലെ പരസ്യങ്ങളിൽക്കൂടി ജനശ്രദ്ധ പിടിച്ചുപറ്റാനാകുമോ കേരള സോപ്സിന്? ആകണമെങ്കിൽ സർക്കാർ സൗജന്യമൊരുക്കിക്കൊടുക്കണം കേരള സോപ്സിന്. കാലാകാലങ്ങളിലും ഒന്നിടവിട്ട കാലങ്ങളിലും സർക്കാർ ഖജനാവിലെ പണം ധൂർത്തടിക്കാൻ കൊടുക്കാതെ അവർക്ക് ടാക്സ് സൗജന്യനിരക്ക് കൊടുക്കുകയാണ് വേണ്ടത്. അതിന് തമിഴ്നാട് സർക്കാരിനെ മാതൃകയാക്കണം കേരള സർക്കാർ.

ഈറോഡിൽനിന്നോ തിരുപ്പൂരിൽനിന്നോ കോയമ്പത്തൂരിൽനിന്നോ തുച്ഛമായ വില കൊടുത്ത് കേരളത്തിലേക്ക് കൊണ്ടുവരുന്ന സാധനങ്ങൾ തമിഴ്നാട് അതിർത്തിക്കകത്തുവെച്ചോ റെയിൽവേസ്റ്റേഷൻ, ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ വെച്ചോ ഒരു ഡിപ്പാർട്ടുമെന്റിലെ തമിഴ്നാട് ഉദ്യോഗസ്ഥരും പരിശോധന നടത്താറില്ല എന്നു മാത്രമല്ല അവരുടെ ഉൽപ്പാദനം അന്യസംസ്ഥാനത്തേക്കൊഴുക്കാൻവേണ്ട എല്ലാ ഒത്താശകളാണവർ കച്ചവടക്കാർക്ക് ചെയ്യുന്നത്. അത് തമിഴ്നാടിന്റെ വ്യവസായിക നയമാണ്. അതുകൊണ്ടുതന്നെ അവിടെ ഉല്പാദിപ്പിക്കുന്ന പ്രൊഡക്ടുകളിൽനിന്ന് മുതലാളിമാർക്ക് ലാഭവും തൊഴിലാളികൾക്ക് കൂലിയും സർക്കാറിന് ടാക്സും ലഭിക്കുകയും അതോടൊപ്പം തമിഴ്നാട്ടിൽ വ്യവസായം വളരുകയും ചെയ്യും. എന്നാൽ കച്ചവടമില്ലാത്ത തുണിക്കടയിലോ മറ്റു കടയിലോ ചെന്ന് തുണിയോ മറ്റു സാധനങ്ങളോ വാങ്ങുന്നതുപോലെയാണ് കേരളത്തിൽ നമ്മുടെ സംസ്ഥാന സർക്കാറുകൾ പ്രവർത്തിക്കാറുള്ളതെക്കാലവുമെന്ന് നമുക്കറിയാം. തന്റെ കടയിൽ വന്നുപെടുന്ന ഉപഭോക്താവിൽനിന്ന് വേണം കടയുടമയ്ക്ക് തന്റെ ചിലവിനും കുടുംബത്തിന്റെ ചിലവിനും ബാങ്ക് ലോണടയ്ക്കാനും കല്യാണത്തിനു സംഭാവന കൊടുക്കാനും ബജറ്റിനാവശ്യമുള്ളത്ര പണം വസൂലാക്കാൻ. എന്നുവെച്ചാൽ കണ്ണിൽ ചോരയില്ലാതെ വന്നുപെടുന്നവനിൽനിന്നു വേണം സർക്കാറിനെ മുന്നോട്ടേക്ക് നയിക്കാനുള്ള ചെലവിന് നികുതിപ്പണം ചുമത്തിയെടുക്കുന്നതെന്നർത്ഥം. ഇങ്ങനെ അധാർമ്മികതയിലൂന്നി വ്യവസായിക പുരോഗതിക്കായി പ്രവർത്തിക്കുന്നതിന് ഒരു മാറ്റമുണ്ടാകണം. പൊതുവെ വിദ്യാഭ്യാസപരമായി പിറകിൽ നിൽക്കുകയും പരസ്യങ്ങളെ മാത്രം ആശ്രയിക്കാതെ തന്റെ ആവശ്യത്തിനുള്ള ഉൽപ്പന്നം എന്ന നിലയിൽ ഉപയോഗിക്കുകയും ചെയ്യുന്ന വലിയൊരു ശതമാനം ഉപഭോക്താക്കളുള്ള തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്ടിലും കേരള സോപ്സിന് ഇടംകിട്ടത്തക്ക നിലയിൽ ഉൽപ്പാദന മേന്മയും വിലയും നിശ്ചയിച്ച് കേരള സോപ്സിന്റെ ഉല്പാദനം ലാഭകരമാക്കുകയും തൊഴിലാളികളുടെ ജീവിതനിലവാരം ക്ഷേമകരമാക്കുകയും ചെയ്യണം. ജനക്ഷേമകരമായ നയങ്ങളിൽ വിശ്വസിക്കുന്ന സംസ്ഥാന മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും എം.എൽ.എ. മാരും സർക്കാരുദ്യോഗസ്ഥരും ചേർന്ന് പ്രായമായവർക്കും പരമ്പരാഗത തൊഴിലാളികൾക്കും പരമ്പരാഗത വ്യവസായത്തിനും നിലനിൽപ്പ് നഷ്ടപ്പെടാതെയും പരമ്പരാഗത വ്യവനസായത്തെയും പരമ്പരാഗത തൊഴിലാളികളെയും പ്രായമേറിയവരെയും മറക്കാതെയും മോഡറൈസേഷനിലൂന്നി വ്യവസായത്തെയും തൊഴിലാളികളെയും വിശിഷ്യാ കേരള സോപ്സിനെയും സംരക്ഷിക്കാൻ വേണ്ട നടപടികളെടുക്കുമെന്ന് പ്രത്യാശിക്കുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം
ഗിരീഷ് പുത്തഞ്ചേരി
since : 2008
Nakshathra Rajyam
**(Monthly Magazine)**
2010 February 26
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRARAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം 2010 മാർച്ച് 01 മുതൽ 31 വരെ)


## പൊതുമേഖലയിൽ സർക്കാർ സ്ഥാപനമായ കെ.എസ്.ആർ.ടി.സി ഒരു തമാശ കമ്പനിയോ?.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പാർട്ടിക്ക് അവരുടേതായ ആദർശങ്ങളും നയങ്ങളും തീരുമാനങ്ങളും ഉണ്ട്, ഭാരതത്തിന്റേയോ സംസ്ഥാനങ്ങളുടേതോ ആയ ഭരണത്തിൽ. അതുപോലെ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും ഭാരതത്തിന്റേയോ സംസ്ഥാനങ്ങളുടേതോ ആയ ഭരണത്തിൽ അവരുടേതായ ആദർശങ്ങളും നയങ്ങളും തീരുമാനങ്ങളും ഉണ്ട്. വലിയ മറ്റൊരു പാർട്ടിയായ ബി ജെ പി ക്കും, വലുതോ ചെറുതോ ആയ ഏതൊരു പാർട്ടികളായിരുന്നാലും അവർക്കെല്ലാമുണ്ട് ഭാരതത്തിന്റേയോ സംസ്ഥാനങ്ങളുടേതോ ആയ ഭരണത്തിൽ അവരുടേതായ ആദർശങ്ങളും നയങ്ങളും തീരുമാനങ്ങളും. അതിനു വിരുദ്ധമായതോ പൊരുത്തമില്ലാത്തതോ ആയ തീരുമാനങ്ങളും നയങ്ങളും ആദർശങ്ങളും പാകപ്പിഴവുകളും പറ്റുമ്പോഴാണ് ആ പാർട്ടിയെ ജനങ്ങൾ അവിശ്വസിക്കാൻ തുടങ്ങുന്നതും അവരിൽ നിന്നും അവർ അകലാൻ ഇടയാകുന്നതും.

ഇന്നു കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രധാന കക്ഷികളായ സി.പി.എം.നും സി.പി.ഐ.ക്കും കമ്മ്യൂണിസ്റ്റ് പാർട്ടികളിലധിഷ്ടിതമായ നയങ്ങളും തീരുമാനങ്ങളും ആദർശവുമാണ് കേരളത്തിലിന്നുള്ളത്. ആ നയങ്ങളിൽ പ്രധാനമായി നിൽക്കുന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടിയുള്ള സർക്കാരിന്റെ സാമ്പത്തിക മേൽക്കോയ്മ. വികസ്വര രാജ്യമായ ഇന്ത്യയിൽ അപ്രായോഗികമൊന്നുമല്ലെങ്കിലും മുതലാളിത്ത സാമ്പത്തിക മേൽകോയ്മയെ ഒരു പരിധിവരെയെങ്കിലും തടഞ്ഞു നിർത്താനാവുന്നതിലധിഷ്ടിതമാണ് “കാർഷിക സെക്ടറിൽ” അധിഷ്ഠിതമായ സർക്കാരിന്റെ സാമ്പത്തിക മേൽക്കോയ്മയും- പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടിയുള്ള സർക്കാരിന്റെ സാമ്പത്തിക മേൽകോയ്മയും. ഇവിടെ മൊത്തം മുതലാളിമാരും മുതലാളിത്വവും നശിക്കണമെന്നില്ല സാമ്പത്തിക മേൽക്കോയ്മ സർക്കാറിലധിഷ്ടിതമാകാൻ. അവരെ നിയന്ത്രിക്കാനുള്ള മേൽകോയ്മ സർക്കാരിനുണ്ടായാൽ മതി. എന്നിട്ടും പൊതുമേഖലയിൽ കേരളസർക്കാർ സ്ഥാപനമായ കെ.എസ്. ആർ.ടി.സി ഒരു തമാശ കമ്പനിയായി കേരളത്തിലെ ജനങ്ങളെ ചിരിപ്പിക്കുകയും ഇങ്ങനെയൊരു സ്ഥാപനം സംസ്ഥാനത്തിനാവശ്യമുണ്ടോ എന്നു ചിന്തിപ്പിക്കുകയും ചെയ്യുന്ന വാർത്തകളാണ് പത്രങ്ങളിൽ കൂടി ജനങ്ങൾ അറിയുന്നത്.

സ്ഥിതി ഇങ്ങനെയെങ്കിൽ പൊതുമേഖലയിൽ ഊന്നിയ സാമ്പത്തിക സെക്ടറിനോടും-കൃഷിയേയും





കൃഷിക്കാരനെയും കുറിച്ചുള്ള വേവലാതിയിൽ നിന്ന് രാഷ്ട്രങ്ങൾ തമ്മിലുള്ള വലിയ വലിയ കാരാറുകളെപ്പോലും സംശയത്തിന്റെ മുൾനിരയിൽ നിർത്തുന്ന രാഷ്ട്രീയ പാർട്ടികളോടും രാഷ്ട്രീയനേതാക്കളോടും മാനസിക ഐക്യവും വിശ്വാസവും ജനങ്ങൾക്കു നഷ്ടമായില്ലേ?. പറയുന്നത് പ്രവർത്തിക്കാത്തവരായല്ലേ ഇതുപോലുള്ള രാഷ്ട്രീയ നയംമാറ്റങ്ങളെ ജനങ്ങളുടെ മനസ്സിൽ ചിത്രീകരിക്കപ്പെടുക എന്നു ചിന്തിക്കാൻ ഇത്രയും നാണം കെടണോ ഒരു സംസ്ഥാന സർക്കാറിന് എന്നു തോന്നിപോകും കെ.എസ്.ആർ.ടി.സി. യുടെ പോക്കുകണ്ടാൽ.

വാഹനാപകടകേസിൽ നഷ്ടപരിഹാരം നൽകാനില്ലാത്തതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. ബസ് ലേലത്തിൽ വിറ്റുപോലും. വടകര മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ ജപ്തി ചെയ്ത ബസ്സാണ് 1.26 ലക്ഷം രൂപക്ക് ലേലം ചെയ്ത് വിറ്റത്. പ്രൈവറ്റ് സെക്ടറിൽ ദിനവും എത്രയോ വ്യവസായസ്ഥാപനങ്ങളിൽ കോടതിവിധി പ്രകാരം ജപ്തി നടക്കുന്നുണ്ട്. പണം കൊടുക്കാനില്ലാത്തതിന്റെ പേരിൽ ജപ്തി ചെയ്യുന്നത് ഏതൊരു സാമ്പത്തിക സുഭദ്രതയില്ലാത്ത സ്ഥാപനങ്ങളിലും സർവ്വസാധാരണമാണ്. എങ്കിൽപോലും മറ്റൊരു മാർഗ്ഗവും ഇല്ലായിരുന്നോ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന് ഇങ്ങനെയൊരു നാണക്കേടിൽനിന്ന് തലയൂരാൻ. ഇങ്ങി നെ വി.വി.ഐ.പി. പെയിന്റടിച്ച് റോഡിൽ ഓടി നടക്കുന്ന ബസ്സുകളിൽ ചിലതിനെയെങ്കിലും സാധാരണകാരുടെ ബസ്സിന്റെ നിറം തേച്ച് സർക്കാർ മുദ്രയുംകുത്തി സാധാരണകാരായ യാത്രക്കാരുടെ മനസ്സിൽ ഇടം നേരരുതോ ഇനിയെങ്കിലും കെ.എസ്.ആർ.ടി.സി.ക്ക്. സാമ്പത്തിക ദാരിദ്രത്തിൽനിന്നു ള്ള നാണക്കേടിൽ നിന്നുതന്നെയെങ്കിലും രക്ഷനേടാനാകുമല്ലോ.






**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**





**മുഖചിത്രം**

**കെ.എം. രാധ (സാഹിത്യകാരി)**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2010 June 05

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**NakshthrarajyamE.Radhakrishnan**

**Edoli House, Kommeri P.O**

**Kozhikode- 673007**

**Address**

**Managing Editior**

**NAKSHATHRARAJYAM(Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**


# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2010 ജൂൺ 05**


**മുതൽ ജൂലൈ 04വരെ)**

## കാർഷിക വിളകളുടെ അപര്യാപ്തവും കേരളവും

**ചൈ**ന ലോകത്തിലെ ഏറ്റവും ജനസംഖ്യ കൂടിയ രാജ്യമാണ്. തൊട്ടടുത്ത് ജനസംഖ്യാ അടിസ്ഥാനത്തിൽ രണ്ടാംസ്ഥാനത്ത് ഭാരതമാണുള്ളത്. ഒരു പരിപൂർണ്ണ കാർഷിക രാജ്യമാണ് ഭാരതവും ചൈനയും. കാർഷികവൃത്തികൊണ്ട് നിത്യവൃത്തി കഴിയുന്നവരാണ് ഭാരതത്തിലെ ഭൂരിപക്ഷം ജനതയും. ഭാരതത്തിൽ കാർഷികവൃത്തിയിലേർപ്പെട്ട തൊഴിലാളികളിൽ മഹാഭൂരിപക്ഷവും നിത്യവൃത്തിക്കായി കാർഷിമേഖലയിൽ ജോലി ചെയ്യുന്നവരാണ്. പ്രധാനപ്പെട്ട കാർഷികസംസ്ഥാനങ്ങളാണ് ഭാരതത്തിൽ പഞ്ചാബും, ഹരിയാനയും, തമിഴ്നാടും, ആന്ധ്രയും, കർണാടകയും, മഹാരാഷ്ട്രയും മറ്റും. കേരളത്തിലും കാർഷികവൃത്തിയിലേർപ്പെട്ട് തൊഴിൽ ചെയ്തു ജീവിക്കുന്നവർ ധാരാളമുണ്ട്. കാർഷികജീവിതത്തിലെ ഹരിതഭംഗി എന്നും ഗ്രാമങ്ങളിലാണ് ഉള്ളത്. വൻനഗരങ്ങളെല്ലാം വ്യവസായവൽക്കരിക്കപ്പെട്ടുകഴിഞ്ഞു.

മറ്റു സംസ്ഥാനങ്ങളെപോലെ കേരളത്തിലും ഇന്ന് കാർഷികവൃത്തിയോട് പുറംതിരിഞ്ഞുനിൽക്കുന്നവരാണ് ധാരാളമുള്ളത്. യുവജനങ്ങളിൽ ഭൂരിപക്ഷവും കാർഷികവൃത്തിയിലേക്കിറങ്ങുന്നില്ല എന്നതാണതിനൊരുകാരണം. രാജ്യം പുരോഗമിക്കുകയാണ്. കോൺക്രീറ്റ്സൗധങ്ങളും, അമ്യൂസ്മെന്റ് പാർക്കുകളും കായലും കായലിലെ ബോട്ടിങ്ങും മറ്റുമാണ് സംസ്ഥാനത്തെ പ്രധാന വ്യവസായസംരംഭങ്ങൾ. നാളെയെക്കുറിച്ച് ആലോചിക്കേണ്ടാത്തതും സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കപ്പെടേണ്ടാത്തതുമായ വ്യവസായത്തോടാണ് ഇന്ന് ഭൂരിപക്ഷം വ്യവസായികൾക്കും താല്പര്യം. കൈയിൽ പണമുണ്ടെങ്കിൽ തനിക്കും കുടുംബത്തിനും എങ്ങിനേയും ജീവിക്കാൻ കഴിയുമെന്നുള്ള സ്വാർത്ഥതയിൽ നിന്നുൽഭവിക്കുന്ന വ്യവസായവൽക്കരണമാണ് ചുരുക്കത്തിൽ രാജ്യത്ത് ഇന്ന് നടക്കുന്നതെന്നതാണ് യാഥാർത്ഥ്യം. അന്യസംസ്ഥാനത്തിലെ ഒരു നേതാവിന്റെ മനസ്സിലുള്ള ചിന്തകളാണ് ഇത്. കാർഷികവൃത്തിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിഗമനം ഇതാണ്. ഇന്ത്യാരാജ്യം പരിപൂർണ്ണമായും വ്യവസായികരിക്കപ്പെട്ടില്ലെങ്കിൽ ഇന്ത്യ ലോകത്തിലെ ഏറ്റവും ദരിദ്രരാഷ്ട്രമാകുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വ്യവസായം എന്നാൽ തമിഴിൽ കൃഷിയാണ്. എന്നാൽ അദ്ദേഹം അഗ്രികൾച്ചറിനെക്കുറിച്ചല്ല പറഞ്ഞത്. സ്പീഡാണുപോലും രാജ്യത്തിന്റെ പുരോഗതി. തമിഴ്നാട് സംസ്ഥാനത്തിലെ ഒരു മൂന്നാം നിരനേതാവിന്റെ മനസ്സിൽപോലും വേരൂന്നിയ ഇത്തരം മൗഢ്യയല്ലേ ഇന്ന്











കാർഷികവൃത്തിയിൽസ്വയംപര്യാപ്തമായ തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് മറ്റുജോലികൾ ചെയ്യാനുള്ള തൊഴിലാളികളുടെ കത്തൊഴുക്ക് എന്ന് നമുക്കാലോചിച്ചാൽ മതിയാകും. അവിടെ കാർഷികവിളകളുടെ പര്യാപ്തത കുറയുകയാണെന്നതാണ് യാഥാർത്ഥ്യം. കാർഷിക വിള ഉല്പാദനത്തിലാണ് തമിഴ്നാടിന് സ്വയം പര്യാപ്തതയുണ്ടായിരുന്നതെന്നും തമിഴ്നാടിന്റെ ഐശ്വര്യങ്ങൾ കാർഷികവിളകളാണെന്നും ആലോചിക്കാതെ ഇത്തരത്തിൽ പ്രസംഗിക്കുന്നവരും, കാർഷികസെക്ടർ നശിപ്പിക്കുന്നവരും ജനങ്ങളുടെ മാതൃസംസ്ഥാനജീവിതത്തിനുള്ള അവകാശത്തെയാണ് നിഷേധിക്കുന്നത്. സ്പോർട്സ് രംഗത്തുള്ള മത്സരങ്ങൾപോലെ പണമുണ്ടാക്കാനുള്ള മത്സരത്തിന് ജനങ്ങൾക്ക് വേദിയൊരുക്കിയാൽ രാജ്യമെന്താകും? നാട്ടിൽ സാമാധാനാന്തരീക്ഷം ഉണ്ടാകില്ല എന്നു നമുക്കെല്ലാവർക്കുമറിയാം. പണമുണ്ടാക്കാൻ എന്തു മാർഗ്ഗവും സ്വീകരിക്കുന്ന കള്ളന്മാരും പിടിച്ചുപറിക്കാരും ജനനന്മ നിഷേധിക്കുന്നവരുമായിരിക്കും രാജ്യത്തിലെ പ്രധാന പൗരന്മാർ. ജനനേതാക്കളെ സമൂഹത്തിലിറക്കാതെ സമൂഹത്തിൽ ജനനേതാക്കളുടെ രാഷ്ട്രീയ പ്രക്ഷുബ്ധത അവർ ഏറ്റെടുത്തെന്നും വരും.

കേരളത്തിലും തമിഴ്നാട്ടിലേക്കാൾ കൂടുതൽ കാർഷിക വിളകളുടെ അപര്യാപ്തത വർദ്ധിക്കുകയാണ്. വർദ്ധിക്കുകയാണ് എന്ന് പറഞ്ഞാൽ മാത്രം പോര. കാർഷിക സെക്ടർ പരിപൂർണ്ണമായി നശിക്കുകയാണെന്നുതന്നെ പറയാം. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതും കൃഷിക്കാരനെ സംരക്ഷിക്കുന്നതും അവർക്ക് മാന്യത കല്പിക്കുന്നതുമായ ഒരു നയവും പരിപാടികളും സർക്കാർതലത്തിലും പൗരന്മാരുടെ സമിതി തലത്തിലും ജാഗ്രതപ്പെടുത്തേണ്ടതിന്റെ ആവശ്യകത നമ്മുടെ ജനനേതാക്കളോട് പ്രത്യേകിച്ച് കൃഷിവകുപ്പു മന്ത്രിയോടും ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നവരോടും എടുത്തുപറയേണ്ടതില്ലല്ലോ. തെല്ലെങ്കിലും കൃഷിക്കാരുടെ മനസ്സിന് ആശ്വാസം നൽകുന്നത് കോഴിക്കോട് കണ്ണാടിക്കൽ പോലുള്ള ചില ഗ്രാമങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മയിൽനിന്നുടലെടുക്കുന്ന കൃഷിസമ്പ്രദായ രീതികളെക്കുറിച്ചുള്ള ജനങ്ങളുടെ തിരിച്ചറിവാണ്. ഒത്തൊരുമിച്ചുള്ള കാർഷികവിളയുൽപ്പാദനവും വിളവെടുപ്പും ഒരു ആഘോഷമായിമാറ്റുകയാണ് കണ്ണാടിക്കലിലെ ജനങ്ങളും രാഷ്ട്രീയപ്പാർട്ടികളും. അതുകൊണ്ടുതന്നെ കോഴിക്കോട് കണ്ണാടിക്കൽ പ്രദേശത്ത് കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷി നടത്തുന്നതിന് നേതൃത്വം കൊടുക്കുന്നവരെ മാതൃകാ പൊതുപ്രവർത്തകരായി അഭിനന്ദിക്കാതിരിക്കാനാവില്ലല്ലോ കേരളത്തിലെ പൊതുസമൂഹത്തിന്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
സുധീഷ് (ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2010 Agust 20
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
**NakshthrarajyamE.Radhakrishnan**
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRARAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ




**(നക്ഷത്രരാജ്യം ലക്കം 2010 ആഗസ്റ്റ് 20 മുതൽ സപ്തംബർ 19 വരെ)**


# സ്വതന്ത്ര ഇന്ത്യ

മൻമോഹൻസിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിപദമേറ്റെടുത്തശേഷമുള്ള കാലഘട്ടം മുതൽ ദ്രുതഗതിയിൽ ഭാരതം സാമ്പത്തികമായി മുന്നേറുകയാണെന്നുതന്നെ പറയാം. ഭരണതന്ത്രജ്ഞനായ അദ്ദേഹത്തോട് കോൺഗ്രസ്സുകാർക്കും ഭാരതത്തിലെ ഒരു വിഭാഗം ജനങ്ങൾക്കും മതിപ്പും ആദരവും ഉള്ളതുകൊണ്ടുതന്നെയാണ് ഭാരതത്തിന്റെ പ്രധാനമന്ത്രിസ്ഥാനം അദ്ദേഹത്തെ രണ്ടാംതവണയും തേടിയെത്തിയത്. ആഭ്യന്തര കലഹങ്ങൾക്ക് അറുതിയില്ലാത്ത ഒരു മഹാരാജ്യമാണ് അദ്ദേഹം ഭരിക്കുന്നതെന്നതാണ് യാതാർത്ഥ്യം. കാശ്മീരിലും, അസമിലും, പശ്ചിമബംഗാളിലും തീവ്രവാദികളുടെ ആക്രമണത്തിൽ കുറേയധികം പേർ പിടഞ്ഞു മരിക്കുന്നുണ്ടെന്നുള്ളത് പ്രധാനമന്ത്രി തന്നെ പാർലമെന്റിൽ സമ്മതിച്ചിരുന്നതാണ്. ഇന്ത്യയിൽ ജനിച്ച അപൂർവ്വം കാശ്മീരികളും മറ്റു സംസ്ഥാനക്കാരും ശത്രുരാജ്യങ്ങളെ കാശ്മീരിൽ സഹായിക്കുന്നതും, ഇന്ത്യൻ എംബസികളിലെ ജീവനക്കാരെപ്പോലും പാട്ടിലാക്കി ശത്രുരാജ്യങ്ങൾ രഹസ്യങ്ങൾ ചോർത്തുന്നതും ലോകം ഇന്ന് അറിഞ്ഞുകൊണ്ടിരിക്കുന്ന വാർത്തകളാണ്. ഭാരതമെന്ന മഹാരാജ്യം വെട്ടിമുറിക്കപ്പെടുകയാണ് ജനങ്ങളുടെ മനസ്സിലെങ്കിലും. മാവോയിസ്റ്റ് തീവ്രവാദികൾ ഒരിക്കലും രാജ്യത്തിന്റെ അഖണ്ഡത നശിപ്പിക്കാൻ ഒരുങ്ങുകയില്ലെന്ന് നമുക്ക് പ്രത്യാശിക്കാം. അവരുടെ ലക്ഷ്യം ഭാരതത്തെ തൊഴിലാളി സർവ്വാധിപത്യ രാജ്യമാക്കുകയാണല്ലോ. ന്യായമായ ആവശ്യങ്ങളെങ്കിലും അംഗീകരിക്കപ്പെട്ടാൽ മാവോയിസ്റ്റുകൾ ആക്രമണത്തിന്റെ പാത കൈവെടിയുമെന്നുള്ളതിനെ യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.

രാഷ്ട്രപുരോഗതിയിലേക്ക് ഗതിവേഗം കൂട്ടാനുള്ള ആശയങ്ങളുമായി രാജ്യം മുന്നോട്ട് നയിക്കുന്നതിനിടയിൽ രാജ്യം ഛിന്നഭിന്നമാകാതെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പ്രധാ



Rajiv Gandi



Jawaharlal Nehru



Manmohan Singh



Indira Ghandhi



H.D. Deve Gowda



Chandra Shekhar



Narendra Modi




Atal Bihari Vaj Payee




Morarji Desai




V.P. Singh



P.V. Narasimha Rao



I.K. Gujral



Lal Bahadur Shastri

നമന്ത്രിക്കും, ഭരണ-പ്രതിപക്ഷങ്ങൾക്കും, രാഷ്ട്രത്തിലെ ഓരോ പൗരനും ഉണ്ടെന്നത് ഇന്ത്യക്കാരായ നാമോരോരുത്തരും ഓർമ്മിക്കേണ്ടതുണ്ട്. നാമോരോരുത്തരും നമ്മുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നുണ്ടോ എന്ന് ഒരാത്മപരിശോധനയ്ക്ക് സമയമായി. ബ്രിട്ടീഷുകാരോട് സ്വാതന്ത്ര്യം നേടിയെടുത്ത് ഇന്ത്യ സ്വതന്ത്രമായിട്ട് 63 വർഷം തികയുന്ന സ്വാതന്ത്ര്യദിന പരേഡിനെയാണ് പ്രധാനമന്ത്രി 2010 ആഗസ്ത് പതിനഞ്ചിന് ചെങ്കോട്ടയിൽ അഭിസംബോധന ചെയ്തതും, ഇന്ത്യൻ സായുധസേനയും മന്ത്രിമാരും പോലീസും വിദ്യാർത്ഥികളും വരെയുള്ളവർ പങ്കെടുത്തതും. രാഷ്ട്രത്തിലുള്ള പൗരന്മാരുടെ ദേശീയബോധം പൗരന്മാർ രാഷ്ട്രത്തോട് പ്രകടിപ്പിക്കുമ്പോൾ മാത്രമേ രാജ്യം സുരക്ഷിതമാകുകയുള്ളൂവെന്നും- രാഷ്ട്രദേശീയത സംരക്ഷിക്കുവാൻ നമ്മളോരോരുത്തരും തന്നാലാകുന്നത് ചെയ്യുമെന്നും നമിക്കീ സ്വാതന്ത്ര്യ ദിന വാരത്തിൽ ദൃഢപ്രതിജ്ഞ ചെയ്യാം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം
കേരളാ ടോപ് പൊളിറ്റിക്കൽ ലീഡേഴ്സ്

since : 2008
Nakshathra Rajyam
**(Monthly Magazine)**
2010 October 20
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRARAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2010 ഒക്ടോബർ 20 മുതൽ നവംബർ 19 വരെ)**

# നഗരസഭ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളും കേരളവും

**2010** ഒക്ടോബർ മാസം 23-ാം തിയ്യതി ശനിയാഴ്ച നഗരസഭ പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്ക് ഒരുങ്ങുകയാണ് കേരളം. പലകുറി വോട്ടു ചെയ്തവരും പുതിയതായി വോട്ടു ചെയ്യാൻ ഇറങ്ങുന്ന പുതുമുഖങ്ങളുമായി ലക്ഷക്കണക്കിനു വോട്ടർമാർ കേരളത്തിലെ പോളിങ്ങ്ബൂത്തുകളിൽ വോട്ടുചെയ്യാനെത്തുകയാണന്ന്. മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ സമാധാനപരമായാണ് വോട്ടിങ് നടക്കാറെന്നുള്ളതൊരു യാഥാർത്ഥ്യമാണ്. ഒരു പൗരൻ എന്ന നിലയിൽ രാജ്യത്തോടുള്ള കൂറും നാടിനോടുള്ള സ്നേഹവും ജനാധിപത്യ വ്യവസ്ഥിതിയോടുള്ള ഇംഗിതവുംകൊണ്ട് നാടിനോടുള്ള കടമ നിറവേറ്റാൻ എത്തുന്ന വോട്ടർമാർക്ക് യാതൊരു വിധ അപായമോ ഭയമോ ഇല്ലാതെ വോട്ടു ചെയ്ത് തിരിച്ചു വീട്ടിലെത്തുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നതിന് പോലീസിനും കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കഴിവുണ്ട്. എങ്കിൽപോലും സംസ്ഥാന സർക്കാറും പോലീസും വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ നിദാന്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബൂത്തുപിടുത്തവും- ഒരു ബൂത്തിലെ വോട്ടുകൾ ചില ആളുകൾ ചെയ്യുന്നതും പത്രങ്ങളിലൂടെ സർവ്വസാധാരണമായാണ് നാം അറിയാറുള്ളത്. ദുരുദ്ദേശ്യത്തോടെ ചെയ്യുന്നതോ സദുദ്ദേശ്യത്തോടെ ചെയ്യുന്നതോ കേരളത്തിലെ പൊതു തെരഞ്ഞെടുപ്പു കാലങ്ങളിലും ചില വർഷങ്ങളായി പത്രത്താളുകളിൽ കള്ള വോട്ടിനെ കുറിച്ചുള്ള വാർത്തകൾക്കിടംകിട്ടുകയുണ്ടാകാറുണ്ട്. സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള ജനങ്ങളുടെ മനസ്സിലുണ്ടായ അനിഷ്ട ധാരണ അത് സത്യമോ മിഥ്യയോ. ഇനി അങ്ങനെയൊരു വാർത്തകൾക്കിടയുണ്ടാകാതെ കേരള സംസ്ഥാനത്ത് ഇത്തരം നല്ലതല്ലാത്ത വാർത്തകൾ ഉത്ഭവിക്കാനിടയാവാതെ ഇരിക്കേണ്ടതും ഒരു ജനാധിപത്യ രാജ്യത്ത് ജീവിക്കുന്ന ജനങ്ങളുടെ അവകാശമാണ്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം

പ്രശസ്തരായ മലയാള സാഹിത്യകാർ

since : 2008
Nakshathra Rajyam
**(Monthly Magazine)**
2010 December 28
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
**NakshthrarajyamE.Radhakrishnan**
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRARAJYAM(Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ




(നക്ഷത്രരാജ്യം ലക്കം
2010 ഡിസംബർ 28 മുതൽ
2011 ജനുവരി 27 വരെ)

## ഭരണവും – വികസനവും സ്വകാര്യവൽക്കരണ ഭാരതവും

**ലോ**കത്തിലെ ഏറ്റവും ജനസംഖ്യ കൂടിയ രാജ്യമായ ചൈന വികസിത രാജ്യമാകാനുള്ള ചുവടുവെപ്പിലാണ്. ടെക്നോളജി രംഗത്തും ഏഷ്യൻരാജ്യമായ ചൈനയും ജപ്പാനും ഒന്നാംനിരക്കാരായി മുന്നിൽ കുതിക്കുകയാണ്. ചൈനയുടേയും ജപ്പാന്റേയും മറ്റു ലോകരാഷ്ട്രങ്ങളുടേയും ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായി മാറുകയാണിന്ന് ഭാരതം. മറ്റൊരു ഏഷ്യൻ രാജ്യമായ ഇന്ത്യ ജനസംഖ്യപ്പെരുപ്പത്തിൽ രണ്ടാംസ്ഥാനക്കാരായി ചൈനക്കു തൊട്ടുപിറകിലായി ലോകരാജ്യങ്ങളുടെ പട്ടികയിൽ മുൻപന്തിയിൽതന്നെ നിലയുറച്ചിട്ടുണ്ട്. ഭാരതവും വികസനത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ് സമ്പന്നന്മാരുടെ ആസ്ഥിയിലൂടെ ആളോഹരി വരുമാനവും. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും ഇന്ദിരാഗാന്ധിയുടേയും മൊറാർജി ദേശായിയുടേയും രാജീവ്ഗാന്ധിയുടേയും ഭരണകാലഘട്ടങ്ങൾ പോലെയല്ല പുരോഗതി ഇന്നത്തെ കാലഘട്ടങ്ങളിൽ എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതായത് വി.പി.സിങ്ങിന്റേയും നരസിംഹറാവുവിന്റേയും വാജ്പെയുടേയും മൻമോഹൻസിങ്ങിന്റേയും ഭരണകാലഘട്ടങ്ങളിലുള്ള പുരോഗതിയുടെ കാര്യത്തിൽ കണ്ണടച്ച് ഇരുട്ടാക്കുന്നത് ഏതൊരു രാഷ്ട്രീയ പാർട്ടിയുടേയും മുനയൊടിയാൻ ഇടയാകും എന്നർത്ഥം. നാഴികക്ക് നാല്പതുവട്ടം പുരോഗതി പുരോഗതി എന്നു പറഞ്ഞിരുന്നാലും രാജ്യത്ത് പുരോഗതി വന്നെത്തുകയില്ലെന്നുള്ളതും ഭരണകർത്താക്കൾ മറക്കാതിരിക്കണം. നാടോടുകയാണ് വിമാനത്തിന്റെ വേഗതയിൽ. നാടിനോടൊപ്പം ഓടിയെത്താനാവുന്നവർക്ക് മാത്രമേ ജീവിത വിജയമുണ്ടാകൂ. രാജ്യമെന്നത് അവിടത്തെ ജനങ്ങളാണ്. നാടോടുന്ന വേഗതയിൽ നാടിനോടൊപ്പം ഓടാൻ കഴിയാത്തവർക്ക് ജീവിക്കാൻ അവകാശമില്ലെന്നവാദം ഭരണകർത്താക്കൾക്കുണ്ടെങ്കിൽ അതും ശരിയല്ല. രാജ്യത്തിലെ ജനസംഖ്യയിൽ ആരോഗ്യമുള്ള തൊഴിലാളികൾ മാത്രമല്ലയുള്ളതെന്നോർക്കണം. കണ്ണുകാണാത്തവരും അംഗവൈകല്യം ബാധിച്ചവരും പ്രായംകൂടിയവരും രോഗികളും ഭാരതത്തിലെ പൗരൻമാർ തന്നെയാണ്. ഇത്തരക്കാർ എങ്ങിനെ വിമാനത്തിന്റെ വേഗതയിൽ ചലിക്കുന്ന നാടിനോടൊപ്പം ഓടിയെത്തും എന്നത് ഒരു ചിന്താവിഷയമാക്കണം ഭരണകർത്താക്കളും രാജ്യം ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും. ആദർശശാലികളായതുകൊണ്ടുമാത്രം മാനസികമായി വിൽ പവർ കുറഞ്ഞുപോയവർ ധാരാളം ഉള്ള നാടുംകൂടിയാണ് ഭാരതം എന്നോർക്കുകയും വേണം. ദിവസക്കൂലിക്കാരായി ജീവിക്കുന്നവരും തുച്ഛമായ വേതനത്തിന് സ്വകാര്യ വ്യവസായ - വാണിജ്യ സ്ഥാപനങ്ങളിൽ തൊഴിലു ചെയ്യുന്നവരും രോഗം ബാധിച്ച് ഒരുമാസം തൊഴിലു നഷ്ടപ്പെട്ടാൽ അവരുടെ സ്ഥിതിയെന്താകുമെന്നുകൂടി കണക്കിലെടുത്ത്കൊണ്ടുവേണം ആളോഹരി വരുമാനം തിട്ടപ്പെടുത്താനും രാജ്യഭരണം നടപ്പിലാക്കാനും ഭരണകർത്താക്കൾ. തൊഴിൽ ദായകരായ കോടീശ്വരൻമാരും സമ്പന്നരും ഇല്ലാതെ രാജ്യം പുരോഗതി പ്രാപിക്കില്ലെന്നതും അതോടൊപ്പം കോടീശ്വരൻമാരായ എം.പി.മാരുടെ ഭരണപങ്കാളിത്തമുള്ള പാർലിമെന്റ് എടുക്കുന്ന തീരുമാനത്തിനെതിരെ വിമോചന സമരമോ, മറ്റൊരു സ്വാതന്ത്ര്യ സമരത്തിനോ തൊഴിലാളികളും സാധാരണക്കാരായ ദരിദ്രരും ഇറങ്ങാൻ ഇടയാകാതിരിക്കേണ്ടതും ഭാരതത്തിന്റെ നല്ല ഭാവിക്ക് നല്ലതാണെന്നോർത്തുള്ള ഭരണമാണ് ഭാരതത്തിലെ ജനങ്ങൾക്കിന്നാവശ്യമെന്നതും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മറക്കാതിരിക്കണം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**

**ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി, സിനിമാ പിന്നണി ഗായകർ: മാധുരി, സുനിൽ കുമാർ**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2011 March 20

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**NakshthrarajyamE.Radhakrishnan**

**Edoli House, Kommeri P.O**

**Kozhikode- 673007**

**Address**

**Managing Editior**

**NAKSHATHRARAJYAM(Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**

# എഡിറ്റോറിയൽ

**(നക്ഷത്രരാജ്യം ലക്കം 2011 മാർച്ച് 20 മുതൽ ഏപ്രിൽ 19 വരെ)**




# രാഷ്ട്രവും നിയമസഭാ തെരഞ്ഞെടുപ്പും

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രവും സ്വതന്ത്ര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുമായ ഭാരതത്തിൽ കേരളവും, തമിഴ്നാടും പശ്ചിമ ബംഗാളും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ സംസ്ഥാന നിയമസഭ കളിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്തുവരികയാണല്ലോ. നമ്മുടെ സംസ്ഥാനമായ കേരളത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപന പ്രകാരം ഏപ്രിൽ 13-ാം തിയ്യതി തെരഞ്ഞെടുപ്പ് നടക്കും. തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങളിലാണ് തെരഞ്ഞെടുപ്പ് കമ്മീഷനും കേരള സർക്കാറും രാഷ്ട്രീയ പാർട്ടികളും. പല രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർത്ഥി ലിസ്റ്റ് വരെയായി. ശേഷിക്കുന്ന നടപടികൾ നോമിനേഷൻ സമർപ്പിക്കലും നോമിനേഷൻ സൂക്ഷ്മ പരിശോധനയും തെരഞ്ഞെടുപ്പും വോട്ടെണ്ണി സ്ഥാനാർത്ഥികളുടെ വിജയപ്രഖ്യാപനം നടത്തുകയുമാണ്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നൂറു ശതമാനവും സാക്ഷരത കൈവരിച്ചവരാണ് കേരളത്തിലെ ജനങ്ങൾ. മറ്റൊരു സംസ്ഥാനമായ പശ്ചിമബംഗാളും സാക്ഷരയുടെ കാര്യത്തിൽ ഭാരതത്തിലെ മറ്റുള്ള സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ പിന്നിലല്ല. എന്നാൽ കഴിഞ്ഞകാലവിജയഫലങ്ങൾ പുനഃപരിശോധിച്ചാൽ മഹാബലിയുടെ ഭരണത്തിൽ കീഴിലെ പ്രജകളായി ക്ഷേമാശ്വൈര്യങ്ങളെ താലോലിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന കേരളത്തിലെ വോട്ടർമാർ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ കാര്യത്തിൽ ശക്തമായ നിലപാടുകളുള്ളവരാണ് എന്ന് ഉറപ്പിച്ചുപറയുവാൻ സാധിക്കും.

തെരഞ്ഞെടുപ്പു ഗോധയിലേക്ക് അണിനിരക്കുന്നത് ഭാരതത്തിലെ മൊത്തം ജനങ്ങളുടെയും നന്മയിലൂന്നി രാഷ്ട്രീയമായ കാഴ്ചപ്പാടുകളോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷിയായ സി,പി.ഐ.എം. ഉം മറ്റൊരു കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും നേതൃത്വം കൊടുക്കുന്ന രണ്ടു മുന്നണികളായ കേരളത്തിലെ പ്രധാനപ്പെട്ട ഭരണകക്ഷികളാണ്. അവർക്കുപിന്നിൽ മറ്റു ചെറുകിട പാർട്ടികളും ചേർന്ന് കേരളം ഭരിക്കാനുള്ള രാഷ്ട്രീയ പോരാട്ടമാണ് കേരളത്തിൽ ഈ വരുന്ന ഏപ്രിൽ 13 ന് നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ. അതുകൊണ്ട് തന്നെ ഏത് മുന്നണി കേരളം ഭരിക്കുന്നു എന്നതിലല്ല തെരഞ്ഞെടുപ്പു പ്രാധാന്യം എന്നും മൊത്തം ജനങ്ങളുടെയും പ്രതിനിധികൾ കേരളം ഭരിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് വോട്ടർമാർ ചെയ്യേണ്ടതെന്നും- നാടിനും സമൂഹത്തിനും രാഷ്ട്രക്കെട്ടുറപ്പിനും സമാധാനപരമായ ജന ജീവിതത്തിനും നല്ലതു ചെയ്യുന്നവരെ സംസ്ഥാന ഭരണസാരഥികളായി തെരഞ്ഞെടുക്കുവാനും നാം ബാദ്ധ്യസ്ഥരാണ്. തന്റേതായ കടമകൾ നിറവേറ്റുന്നതിനുവേണ്ടി അതിനാൽ നമ്മുടെ പൗരാവകാശമായ വോട്ടവകാശം രേഖപ്പെടുത്തി സുദൃഢമായ ഒരു ഗവർമെന്റിനെ തെരഞ്ഞെടുത്ത് കേരളത്തിന്റെ അധികാരം ഏല്പിക്കുമെന്ന് പ്രത്യാശിക്കുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം

സലീംകുമാർ, എ. അയ്യപ്പൻ, വാസുപ്രദീപ്, അനീഷ് നാട്യാലയ, മുരളിധരൻ ഗുരുക്കൾ

since : 2008
Nakshathra Rajyam
(Monthly Magazine)
2011 May 29
Reg. No. 2008/11/2718/D/
RNI EN No.40980 Dt :10-10-2007
issue 53 volume 6
Managing Editor, Publisher &
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRARAJYAM(Monthly)
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
Price 10.00

# എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം 2011 മേയ് 29
മുതൽ ജൂൺ 28 വരെ)

## മലയാള സിനിമ വ്യവസായം ഇന്നലെ-ഇന്ന്-നാളെ

മുടക്കിയ പണം തിരിച്ചുകിട്ടണമെന്ന് ലവലേശം ആഗ്രഹിച്ചിട്ടില്ലാത്ത, ബ്ലേക്ക്മണി കൈവശമുള്ളവർക്ക് വൈറ്റാക്കാനും തന്റെ പേരൊന്ന് ടൈറ്റിലിൽ കണ്ട് പ്രേക്ഷകർ ശ്രദ്ധിക്കുവാനും ആഗ്രഹിക്കുന്ന കുറച്ച് ആളുകൾക്ക് വിലസുവാനുള്ള ഒരു ദൃശ്യമാധ്യമം എന്ന നിലയിൽ തരം താണുകൊണ്ടിരിക്കുകയാണ് ഇന്നുള്ള മലയാള സിനിമകളിൽ ഭൂരിഭാഗവും. യഥാർത്ഥ കലാകാരും രചയിതാക്കളും സംവധായകരും ഇക്കാലത്ത് മലയാള സിനിമയിൽ അവഗണിക്കപ്പെടുകയാണ്. നേരെ ചൊവ്വെ ഒരു കഥയോ നോവലോ എഴുതി പ്രസിദ്ധീകരണങ്ങൾക്ക് നൽകാനുള്ള കഴിവോ പാടവമോ ഇല്ലാത്ത കുറേ പേരുടെ കൂത്തരങ്ങായി മാറുകയാണിന്ന് മലയാള സിനിമ വ്യവസായം. തകഴിയും, എൻ.എൻ പിള്ളയും,തോപ്പിൽഭാസിയും, കെ.എസ്. സേതുമാധവനും, എം.ഡി.രാജേന്ദ്രനും, ഒ.വി.ഉഷയും, ലെനിൻരാജേന്ദ്രനും, ബാലചന്ദ്രമേനോനും, വേണുനാഗവള്ളിയും, പ്രിയദർശനും, എം.കൃഷ്ണൻനായരും, പത്മരാജനും അവരെ പോലുള്ള മറ്റനേകം മഹാരഥന്മാരും കയറിയിരുന്ന താര സിംഹാസനത്തിൽ പോക്കറ്റ്നിറയെ കാശുള്ളവരും, പോക്കറ്റ് നിറയെ കാശുള്ളവർ പോക്കറ്റിലുള്ളവരും നിരങ്ങുകയാണ് ഇന്ന്. മലയാളത്തിലെ പ്രമുഖ താരങ്ങൾപോലും ഇത്തരക്കാരുടെ പോക്കറ്റിൽ കയറിയിരിക്കുകയാണെന്നതിന്റെ മകുടോദാഹരണമാണ് എക്കാലത്തേ യും സംസ്ഥാനഗവർമെന്റിന്റെയും കേന്ദ്രഗവർമെന്റിന്റെയും അവാർഡുകൾ വിതരണത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അവാർഡുകൾ നേടിയ കലാമൂല്യമുള്ള സിനിമകൾ അത് അടൂരിന്റേതായിരുന്നാലും അരവിന്ദന്റേതായിരുന്നാലും ഭരതന്റേതായിരുന്നാലും പത്മരാജന്റേതായിരുന്നാലും പ്രിയനന്ദന്റേതായിരുന്നാലും അവിടെ ഇത്തരം സിനിമാനിർമ്മാണക്കാരുടെ സാന്നിധ്യം ഏഴയലത്തു പോലുണ്ടാകാറില്ല. തിരക്കഥ എഴുതാൻ ഒരാൾക്ക് കഥ എഴുതാനുള്ള കഴിവോ രചനാ പാടവമോ വേണ്ടതില്ലെന്ന് വിശ്വസിക്കുകയും കണ്ടു കഴിഞ്ഞ സിനിമകൾ തന്നെയാണ തിനുള്ള യോഗ്യതയെന്നും കഴിഞ്ഞ കാലങ്ങളിൽ വന്നുകഴിഞ്ഞ സിനിമകൾഎല്ലാംകൂടി ചേർത്ത് അവിയിലോ, സാമ്പാറോ ആക്കി തിരക്കഥയെഴുതി ഇത്തരം സിനിമകളിൽകൂടി മലയാളത്തിലെ യഥാർത്ഥ നോവലിസ്റ്റുകളുടെയും സാഹിത്യകാരുടെയും തലക്കുമുകളിൽ സ്ഥാനം പിടിച്ച് ആരാധകവൃന്ദത്തെ പടയ്ക്കാമെന്നും സിനിമാക്കാർക്കുള്ള അമിത വിശ്വാസമാണ് മലയാള



















സിനിമാ വ്യാവസായത്തെ തകർച്ചയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നത്. ധാരാളം കള്ളപ്പണം കൈവശമുള്ളവർ സിനിമാ നിർമ്മാണത്തിന് ആ പണമെടുത്ത് ഇത്തരക്കാരുമായി കൂട്ടുചേർന്ന് സിനിമാ വ്യവസായത്തിൽ തേർവാഴ്ചനടത്തുന്ന പ്രവണത മലയാള സിനിമയിൽ ആവിർഭവിച്ച കാലംമുതൽ മലയാള സിനിമാ വ്യവസായം ജനനന്മയെ അവഗണിക്കുന്നവരുടെ കൈകളിലിരുന്ന് അധഃപതന ദിശയിലേക്ക് തള്ളപ്പെടുകയാണെന്നതാണ് വസ്തുത. സിനിമ ഒരു ജനകീയമായ ദൃശ്യമാധ്യമമെന്ന നിലയിൽനിന്ന് തരംതാണുകൊണ്ടിരിക്കുന്നതിന് കാരണക്കാരായി സിനിമാനിർമ്മാണത്തിന് ഇറങ്ങുന്നവർ വല്ലപ്പോഴും ഓർക്കുക. സിനിമ ഒരു ജനകീയ ദൃശ്യമാധ്യമമാണ്. അടുക്കളജോലി ചെയ്യുന്നതിനിടയിൽ വീട്ടമ്മമാർക്ക് ജോലി നിർത്തിവെച്ചും. അതിഥികളെ ആട്ടിയോടിച്ചും പുരുഷന്മാർ ജോലി ലീവെടുത്തും വീട്ടിലിരുന്ന് കാണേണ്ടതായ ഒരു ദൃശ്യമാധ്യമമല്ല. നിങ്ങളുടെ മനസ്സിൽ അടിവരയിട്ട് എപ്പോഴും വിചാരിക്കുക. ഓടുന്ന ദിവസമത്രയും തിയേറ്ററുകളിൽ ഓടിക്കുകയും അത് ഒരു ദിവസംമാത്രമായിരുന്നാൽപോലും. പിന്നീടത് സാറ്റ്ലൈറ്റ് വഴി പ്രദർശിപ്പിക്കുവാനുള്ള അവകാശം കൊടുത്ത് തടിതപ്പാമെന്നും തിരിച്ചുകിട്ടിയ മുടക്കുമതലിന് സിന്ദാബാദും വിളിച്ച് സിനിമാ നിർമ്മാണത്തിന് ഇറങ്ങാൻ പാടില്ല. ആസ്വാദകർക്ക് സിനിമ കാണാനുള്ള കമ്പം നിങ്ങളായി നശിപ്പിക്കരുത്. യഥാർത്ഥ കലാകാർ അനേകം തൊഴിലായി സിനിമാ രംഗത്ത് പ്രവർത്തിക്കാനുള്ള അവസരംകൈവരുമെന്ന് പ്രത്യാശിക്കുന്നുണ്ടെന്നുംഓർത്ത് സിനിമാനിർമ്മാണത്തിനിറങ്ങുക.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**

**റീമാസെൻ (ഫിലിം സ്റ്റാർ)**

**ു മുണ്ടൂർ സേതുമാധവൻ, വി.ആർ. സുധീഷ്, രാജൻചിന്നങ്ങത്ത്, സുകുമാർ കൂർക്കഞ്ചേരി**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2011 August 30

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**NakshthrarajyamE.Radhakrishnan**

**Edoli House, Kommeri P.O**

**Kozhikode- 673007**

**Address**

**Managing Editior**

**NAKSHATHRARAJYAM(Monthly)**

**P.B. No.1205, Mankave,**

**Kozhhikode - 673 007**

**Kerala, India**

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover


Redefine Graphics

**Price 10.00**

# എഡിറ്റോറിയൽ

(നക്ഷത്രരാജ്യം ലക്കം 2011 ആഗസ്റ്റ് 30

മുതൽ സപ്തംബർ 29 വരെ)



# മിനിമം വേജസ്സ്
## (സർക്കാർ അംഗീകരിച്ച ശമ്പള നിരക്ക്)

നവരാഷ്ട്രീയ പ്രവർത്തകരുടെ തള്ളിക്കയറ്റം മൂലം ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലെന്നപോലെ കേരളവും ശിഥിലമായിക്കൊണ്ടിരിക്കുകയാണെന്നതിൽ ഒരു യാഥാർത്ഥ്യമുണ്ട്. ആദർശ ശാലികളും രാജ്യ സ്നേഹികളും, വിശിഷ്യ തൊഴിലാളിവർഗ്ഗ സ്നേഹികളുമായ കഴിഞ്ഞ തലമുറയിലെ രാഷ്ട്രീയ നേതാക്കളുടെ ദീർഘവീക്ഷണത്തോടെയുള്ള സേവന വേതന നിരക്കു നിയമങ്ങളിലെ ഏറ്റക്കുറച്ചിലുകളെ കുറിച്ച് ശീതീകരിച്ച മുറിയിലെ കസേരകളിലിരുന്ന് പരീക്ഷണ നിരീക്ഷണങ്ങൾ നടക്കുകയാണല്ലോ ഇന്ന് നവരാഷ്ട്രീയ പ്രവർത്തകരുടെയും, തൊഴിലുടമകളുടെയും, മുതലാളിത്വ പിണിയാളുകളായ ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയിൽ കേരള സംസ്ഥാനത്ത്.

കേരളത്തിൽ ഇനിമുതൽ മിനിമം വേജസ്സ് എന്ന നയം, അഥവാ സർക്കാർ അംഗീകരിച്ച നിയമത്തിനു പ്രസക്തിയേ ഇല്ലെന്നാണ് ഒരു വേജ് ബോർഡ് അംഗത്തിന്റെ (Wage Board) അഭിപ്രായകുറിപ്പിൽ എഴുതി വെച്ചുകാണുന്ന മുദ്രാവാക്യം. കേരളത്തിൽ ആൾക്ക് ഒരു ദിവസം കൂലി 500 മുതൽ 700 വരെ വാങ്ങുന്നുണ്ട് പോലും. ഇല്ലാത്തതല്ല ഇക്കൂട്ടർ പറയുന്നതെന്ന് കേൾക്കുന്നവർക്കും മനസ്സിലാകും. ഇന്ത്യയിലൊട്ടുക്കും പ്രത്യേകിച്ച് കേരളത്തിൽ ഗൾഫുകാരുടെയും മറ്റുമായി ധാരാളം ഫ്ളേറ്റുകളുടെ നിർമ്മാണമേഖല സജീവമായിട്ടുണ്ട്.. ഫ്ളാറ്റിൽ പത്തോ പതിനഞ്ചോ നിലയിൽ കയർ കോണിയിൽ തൂങ്ങിയിരുന്നും സ്റ്റീൽ കോണിയിൽ കയറിനിന്നും നിർമ്മാണ പ്രവൃത്തിയും പെയിന്റിങ്ങും മറ്റും ജീവൻ പണയം വെച്ചു ചെയ്യുന്ന പണിക്കാരന് അത്രയും കൂലി കൂടുതലല്ല എന്നുതന്നെയാണ് ഏവരുടെയും അഭിപ്രായം. ഇതേ കൂലി സാധാരണ ക്കാരന്റെ ചെറുകിട വീടുകളിൽ പണി ചെയ്യുമ്പോൾ ലഭിക്കണമെന്ന് പറയുമ്പോഴാണ് കേൾക്കുന്നവരുടെ മനസ്സിൽ ന്യായാന്യായങ്ങളെക്കുറിച്ചുള്ള ബോധം ഉണരുകയും ചിന്തകൾക്ക് തീ പിടിക്കുകയും ചെയ്യുക. അവർ ചിന്തിക്കും. അല്ലെങ്കിൽ അവനോ അതോ അവളോ ചിന്തിക്കും. കേരളത്തിലെ നിർമ്മാണ മേഖലയിലും ഹെഡ് ലോഡ് മേഖലയിലും ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം ഇതേ സംസ്ഥാനത്ത് ഒരു സ്വകാര്യ ഫാക്ടറി ജീവനക്കാരനോ, ഷോപ്പ് ജീവനക്കാരനോ, ഷോപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ഒരു ചെറുകിട കച്ചവടക്കാരനോ ലഭിക്കുന്നുണ്ടോ?

ഫാക്ടറിയിൽ പണിയെടുക്കുന്നവരായിരുന്നാലും, ഷോപ്പിൽ പണിയെടുക്കുന്നവരായിരുന്നാലും, കമ്പ്യൂട്ടർ സെന്ററിൽ പണിയെടുക്കുന്നവരായിരുന്നാലും അവരെല്ലാം ഉയർന്ന വിദ്യാഭ്യാസമുള്ളവരാണെന്ന സത്യം നാം മറന്നുകൂടാ. ഗവർമെന്റ് ജോലികിട്ടാത്തതുകൊണ്ട് മാത്രമാണ് അവർക്ക് അനുയോജ്യമായി തോന്നുന്ന, അഥവാ നിർബന്ധിതരായി ഇത്തരം ജോലികൾക്ക് ചേരു














ന്നത്, അവരുടെ ശമ്പളമെത്ര? മൂവ്വായിരം അഥവാ നാലായിരം. ഏറിയാൽ അയ്യായിരം. ഒരു ചെറുകിട കമ്പ്യൂട്ടർ സെന്ററിന് അല്ലെങ്കിൽ ഷോപ്പ് നടത്തിപ്പുകാരന് ഇത്രയും ശമ്പളം തന്നെ തൊഴിലാളിക്ക് കൊടുക്കുവാനുള്ള കഴിവ് താങ്ങാവുന്നതിൽ കൂടുതലാണ്. കണക്കുവെച്ചാൽ അവന് അഥവാ അവൾക്കു കൊടുക്കുന്ന കൂലി ഒരു ദിവസം ആവറേജ് നൂറ്റി അൻപത് രൂപ. ഇത്തരം തുച്ഛമായ ശമ്പളം വാങ്ങുന്ന ജീവനക്കാരും കേരളത്തിൽ ജീവിക്കുന്നവരായുണ്ട്. വിലക്കയറ്റം നടുവൊടിക്കുന്ന ഒരു ജനതുടെ അടിത്തട്ടിൽ ഇത്തരം സാധാരണക്കാരായ മനുഷ്യരും, വിദ്യാസമ്പന്നരും ധാരാളമുണ്ടെന്ന കാര്യം രാഷ്ട്രീയ നേതാക്കളും, ഗവർമെന്റും മറന്നുപോയിക്കൂടാ. ഈ വിഭാഗത്തിന് 500 രൂപ ദിവസക്കൂലി വാങ്ങുന്നവരുടെ ആർഭാഢത്തിനോട് കിടപിടിക്കാനാവി ല്ലെങ്കിലും, വിദ്യാസമ്പന്നരായ ഇവർ ആർഭാഢത്തിലും മോഡിയിലും ജീവിക്കുന്നവരാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള വ്യഥാ ശ്രമത്തിൽ ആർഭാഢ വസ്തുക്കൾ വാങ്ങാനും ഉപയോഗിക്കാനും പണം ചിലവഴിച്ച് കഷ്ട ജീവിതം ജീവിക്കുക തന്നെയാണ് വിധി. ഇന്ത്യാ രാജ്യത്ത് 30 കോടിയിലധികം ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണെന്നതാണ് സ്ഥിതിവിവരകണക്ക്. അതുകൊണ്ടുതന്നെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുൻപന്തിയിൽ പ്രവർത്തിക്കുന്ന പ്രവർത്തകരും നേതാക്കളും, അത് കമ്മ്യൂണിസ്റ്റായാലും, കോൺഗ്രസ്സായാലും സോഷ്യലിസ്റ്റായാലും മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളിലായാലും രാഷ്ട്രീയ ആദർശശാലികളും, രാഷ്ട്രീയകൂറുള്ളവരും, ജനങ്ങളോട് കടപ്പാടുള്ളവരും വിശിഷ്യ രാഷ്ട്രക്കൂറുള്ളവരും ആയിരക്കണമെന്ന നയം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിറവേറ്റുകയാണ് നവകേരളത്തിന്റെ അടിയന്തിര ആവശ്യം എന്ന് ഭാരതത്തിലേയും കേരളത്തി ലേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഓർമ്മപ്പെടുത്താൻ ഈ അവസരമുപയോഗിക്കുകയാണ്. " അതുകൊണ്ട് തന്നെ ഭാരത ദേശത്ത് അണ്ണാഹസ്സാരയെപോലുള്ള ഒരു സ്വാതന്ത്ര്യ സമര സേനാനി (അഥവാ അഭിനവ ഗാന്ധി) തുടങ്ങിവെച്ച ജനകീയ നിരാഹാര സമരം ഭാരതത്തിലെ പ്രധാനമന്ത്രിമാരെ കേന്ദ്രീകരിച്ച് നടത്തുന്ന "ഒരു അഴിമതി വിരുദ്ധ ബിൽ ലോക സഭയിൽ പാസ്സാക്കിയെടുക്കാനുള്ള സമരമായി ക്ഷയിക്കാതെ" രാജ്യത്തിലെ ദാരിദ്ര്യമനുഭവിക്കുന്നവർക്കും സാധാരണ ജനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന പൊതു പ്രവർത്തകരായ രാഷ്ട്രീയ നേതാക്കൾക്ക് രാജ്യത്തിലെ പരമോന്നത സഭകളിലിരുന്ന് ജനങ്ങളെ ക്ഷേമത്തിലേക്ക് നയിക്കുന്നതിനു തെളിഞ്ഞ അവസരമൊരുങ്ങുന്ന നല്ലകാലം സംജാതമാക്കാനുള്ളതായ അനുഭവങ്ങൾ നമ്മളിൽ ഭവിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**



**മുഖചിത്രം**

**ഹൻസിക (ഫിലിം സ്റ്റാർ)**

**പെരുമ്പടവം, കാക്കനാടൻ,**

**പി. വത്സല, പി.ആർ. നാഥൻ**

Since : 2008

NAKSHATHRARAJYAM

**(Monthly Magazine)**

2011 November 18

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**NakshthrarajyamE.Radhakrishnan**

**Edoli House, Kommeri P.O**

**Kozhikode- 673007**

**Address**

**Managing Editior**

**NAKSHATHRARAJYAM(Monthly)**

**P.B. No.1205, Mankave,**

**Kozhhikode - 673 007**

**Kerala, India**

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**


**എഡിറ്റോറിയൽ**



(നക്ഷത്രരാജ്യം ലക്കം 2011 നവംബർ 18 മുതൽ ഡിസംബർ 17 വരെ)

# വിലക്കയറ്റം! നടുവൊടിയുന്ന ഭാരതീയരും

**ഭാ**രതത്തിൽ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന രാജ്യത്ത് വസിക്കുന്ന നൂറ്റി ഇരുപത് കോടി ജനങ്ങളേയും ജീവിതം ദുസ്സഹമാക്കുകയാണല്ലോ? ഉപ്പ്തൊട്ട് കർപ്പൂരം വരെയുള്ള അവശ്യസാധനങ്ങളുടെ വിലക്കയറ്റം പരമോന്നതിയിൽ സാധാരണക്കാരന് താങ്ങാനാവാത്ത നിലയിൽ ഉയർന്നു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ വിലക്കയറ്റം ജനസംഖ്യാനിരക്ക് വർദ്ധനവിൽനിന്നും ജനജീവിത നിലവാര ഉയർച്ചയിൽനിന്നും, രാജ്യ വളർച്ച യിൽനിന്നും ഉണ്ടാകുന്ന ഒരു പ്രതിഭാസമാണെന്ന് പറഞ്ഞ് പ്രശ്നങ്ങളെ ലഘൂകരിക്കുവാൻ ഭരണകൂടങ്ങൾക്കാവുമോ?

പെട്രോൾ വില പരമോന്നതിയിൽ കയറി 70 രൂപ 80 പൈസ വരെയായി കോഴിക്കോട്ട്. മറ്റു ജില്ലകളിലാണെങ്കിൽ ചില്ലറ നാണയങ്ങളുടെ ഏറ്റക്കുറച്ചിലുകളിലും നിൽക്കുകയാണ്. അടിക്കടിയുണ്ടാകുന്ന ഈ അവശ്യസാധനങ്ങളുടെയും പെട്രോളിന്റേയും, ഡീസലിന്റെയും വിലവർദ്ധനവിന്റെ തിക്താനുഭവം അനുഭവിക്കുന്നതാര് എന്ന് ചിന്തിക്കാൻ ഭരണകൂടങ്ങൾ തയ്യാറാകണം. ഭരിക്കുന്നത് ഇടതായാലും, വലതായാലും , ബി.ജെ.പിയായാലും രാജ്യത്ത് വിലവർദ്ധിച്ചു കൊണ്ടിരിക്കും. വിലവർദ്ധന സാധാരണ ജീവിതം ദുസ്സഹമാവാതെ സമയാസമയങ്ങളിൽ ഭരണകൂടം ഇടപെട്ട് രമ്യമായി അതിനെ പരിഹരിക്കുമ്പോഴാണ് സാധാരണക്കാർക്ക് ഭരണകൂടങ്ങളോടും ഭരണകർത്താക്കളോടും മതിപ്പും സ്നേഹവും വിശ്വാസവും വർദ്ധിക്കുന്നത്. ഭാരതത്തിൽ എന്തു സംഭവിക്കുകയാണ്. ഇതൊരു പരിഹാരമാർഗ്ഗമോ ഭരണകർത്താക്കൾക്കുള്ള ഉപദേശമോ ആയല്ല കരുതേണ്ടത്. സുദീർഘമായ കാലത്തെ വിദ്യാഭ്യാസവും ഭരണ പരിചയവും, പൊതു പ്രവർത്തനപരിചയവും കഴിവും ഉള്ള ഭരണകർത്താക്കൾക്ക് അറിയാത്ത കാര്യവുമല്ല എഡിറ്റോറിയലായി കുറിക്കുന്നതും.

ആഗോളീകരണത്തിന്റെ ഭാഗമായി ഉദാരവൽക്കരണം നടപ്പിലാക്കിയ ഭാരതത്തിൽ കൈവശം ആയിരം രൂപയുള്ള ഏതൊരു ഭാരതീയനും ഇന്ത്യാരാജ്യത്തെ ബാങ്കുകളിൽനിന്ന് കാറോ, ഇരുചക്ര വാഹനങ്ങളോ മറ്റു വാഹനങ്ങളോ വാങ്ങു വാനുള്ള വായ്പാ സൗകര്യം ഒരുങ്ങിയത് നല്ലകാര്യം തന്നെയാണ്. ജോലിക്ക് പോവാനും, ജോലികഴിഞ്ഞ് വരുവാനും, അദ്ധ്വാനിക്കുവാനും, വിശ്രമിക്കുവാനും സമയം വേണമല്ലോ!

സമയത്തെ അതിജീവിക്കുവാനും, സമയത്തെ ലഘൂകരിക്കുവാനും കാറുകൾക്കും ഇരുചക്രവാഹനങ്ങൾക്കുമാവുമെന്നത് യാഥാർത്ഥ്യംതന്നെയാണ്. സമയം തന്നെയാണ് മനുഷ്യജീവിതത്തിൽ പ്രധാനവും. മാറാനോ മറിയാനോ ഒരു വിദൂര സാധ്യതയുമില്ലാതെ പ്രൈവറ്റ് കാറുകളും ഇരുചക്രവാനങ്ങളും ജീവിതത്തിന്റെ ഒരു ഭാഗമായി തീർന്നിരിക്കുകയാണ് ഭാരതത്തിലെ സാധാരണ ജനങ്ങൾക്കുപോലുമെന്നതിരിച്ചറിവാണ് ഇനി ഭരണകൂടങ്ങൾക്കാവശ്യം. തല്ലി ഉയർത്തപ്പെട്ടവന് പോസറ്റീവായ അർത്ഥത്തിൽ ജീവിതതലം ഒരുങ്ങണമെന്നുതന്നെയാണ് വരികളിലെ സാരാംശവും അർത്ഥവും.

തോന്നിയവർക്കു തോന്നിയതുപോലെ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള അവസരമാണ് പെട്രോൾ വില വർദ്ധനവും, സീസൽ വില വർദ്ധനവും മൂലം രാജ്യത്തുണ്ടാകാറുള്ളത്. അസന്തുലിതമായ വില നിലവാരത്തോടനുബന്ധിച്ച് മനസ്സാക്ഷിയുള്ള കച്ചവടക്കാരും മനസ്സാക്ഷി തൊട്ടുതീണ്ടാത്ത കച്ചവടക്കാരും തമ്മിലുള്ള സംഘർഷാവസ്ഥയും ഇക്കാരണത്താൽ രാജ്യത്ത് ഉടലെടുക്കാറുണ്ട്. ഗ്രാമങ്ങളിലെ ചായക്കടകളിൽ പോലും 6 രൂപയ്ക്ക് ചായ വിൽക്കുന്നവരും4ഉം 5ഉംരൂപയ്ക്ക് ചായവിൽക്കുന്നവരും തമ്മിൽസംഘർഷാവസ്ഥ ഉടലെടുത്തുകൊണ്ടിരിക്കും. ഇത്തരത്തിലുള്ള സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗങ്ങളും പരിഹാരങ്ങളും കണ്ടെത്തേണ്ടത് ഭരണകൂടങ്ങളുടെ ചുമതല തന്നെയാണെന്നതാണ് യാഥാർത്ഥ്യം. ഇതെല്ലാംമറന്നുപോകുന്ന ഭരണകർത്താക്കളോട് ജനങ്ങൾ ഭരണമാറ്റത്തിലൂടെ പ്രതികാരം ചെയ്യുന്നതും കേരളത്തിലും ഇന്ത്യയിലും സർവ്വത്രീകമായ സംഭവമാണല്ലോഎന്നുചിന്തിക്കുവാനും ഭരണകർത്താക്കൾക്ക് സമയമുണ്ടായിരിക്കണമല്ലോ! രാജ്യത്തിലെഅടിസ്ഥാനവർഗ്ഗത്തിന്റെയും ബഹുജനസ്നേഹികളായ നേതാക്കളുടെയും ചിന്തകൾക്ക് താൽക്കാലികമായി വിരാമമിട്ടതുകൊണ്ട് പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. മൊത്തമായുള്ള ജനങ്ങളെയും തീവ്രവാദികളാക്കുന്ന ഇത്തരത്തിലുള്ള ദ്രോഹ പ്രവർത്തനങ്ങൾ രാജ്യത്തിനകത്തുനിന്നുള്ളവരിൽ നിന്നുണ്ടായാലും പുറം രാജ്യങ്ങളിൽ നിന്നുണ്ടായാലും രാജ്യദ്രോഹംതന്നെയാണ്. ഇവർ ജനനന്മഹനിക്കുകയാണെന്നബോധം ജനതക്കുണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണ്. ഇല്ലെങ്കിൽഅത്ജനനന്മവിരുദ്ധഭീകര പ്രവർത്തനങ്ങളുടെ രൂപത്തിൽ ജനജീവിതം ദുസ്സഹമാക്കികൊണ്ടിരിക്കും. തല്ലി നന്നാക്കുന്നതിനിടയിൽ അരക്കില്ലത്തിലകപ്പെട്ടുപോയ ഭാരതത്തിലെ സാധാരണ പ്രജകളെ രക്ഷിക്കാൻ ഭഗവാന്റെ പ്രതീകമായി അവതാര രൂപം കൈകൊള്ളേണ്ടവരായ സഹ പാർലമെന്റ് മെമ്പർമാരുടെയും നേതാക്കളുടെയും ജനക്ഷേമ വിരുദ്ധ പിടിപ്പുകേടുമൂലം അരക്കില്ലത്തിനകത്തിരുന്നു സാധാരണ പ്രജകൾ വെന്തുരുകുന്നതിനു നല്ലൊരു ഭരണാധികാരിയായ പ്രധാന മന്ത്രി ഡോ. മൻമോഹൻസിംഗ് എന്തു പിഴച്ചു എന്നു പറയുകയാണ് ഇന്നത്തെ ഭാരതത്തിലെ അവസ്ഥ അറിയുന്നവരും അനുഭവിക്കുന്നവരും. കണ്ണുണ്ടായാൽ പോര. കാണേണ്ടത് ദീർഘവീക്ഷണത്തോടെ കാണുകയും വേണം. നിങ്ങളും ഭാരതീയരണാല്ലോ. ആവശ്യക്കാർ കൂടുന്നതിനു അനുപാതമായി ഇന്ധനവിലയും ഇന്ധനക്ഷാമവും വർദ്ധിച്ചുകൊണ്ടിരിക്കും. അന്യ രാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുന്ന വില്പന ചരക്കായ പെട്രോൾ ഇന്ത്യയിയിൽവില്ക്കുന്നത്70രൂപയ്ക്ക് മുകളിലാണെങ്കിൽ ജനസംഖ്യയും രാജ്യവിസ്തീർണ്ണവും കുറഞ്ഞ നേപ്പാളിലും ഭൂട്ടാനിലും 1 ലിറ്റർ പെട്രോളിന് 50നും 51നുമിടയിലാണ് എന്നു പറയുന്നവരുടെ കരന്യൂസും നമ്മൾ കേൾക്കുന്നുണ്ട്.



യാഥാർത്ഥ്യം എന്തുതന്നെയായാലും ഇന്ത്യ പെട്രോളിനും ഡീസലിനും മണ്ണെണ്ണക്കും ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള രാജ്യമാണ് എന്നവസ്തുത തിരിച്ചറിയാൻ ബാധ്യസ്ഥരായ ഭാരത ഭരണകൂടം ടൂവീലർപോലുള്ള ചെറിയ വാഹനങ്ങൾ ചാർജ് ചെയ്ത ബാറ്ററികളിൽ ഓടാൻതക്കവണ്ണം അതി നൂതനമായ സാങ്കേതിവിദ്യ വികസിപ്പിക്കാനും മോഡറൈസേഷനും വേണ്ടി ഇന്ത്യയിലെ പ്രധാന വാഹന നിർമ്മാതാക്കളായ ടാറ്റയെയും ബജാജിനെയും മഹീന്ദ്രയെയും മാരുതിയെയും ടി.വി.എസ്സിനെയും പോലുള്ള വ്യവസായികളുടെ മേൽ സമ്മർദ്ദംചെലുത്തേണ്ടതായ ആവശ്യകത തിരിച്ചറിയുകയും വേണം. തൽഫലമായി പെട്രോൾ ഗുണഭോക്താക്കളായ ചെറിയ ഒരു ശതമാനം സഞ്ചരിക്കുന്ന ടൂവീലർ യാത്രാക്കാരുട സ്വന്തമായ സുഖത്തിനുവേണ്ടി ഒരു രാജ്യത്തിലെസാധാരണജനതയെ വിലക്കയറ്റമെന്നമഹാദുരിതത്തിനു അടിമയാക്കികഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുമെന്നുകൂടി നമുക്കു പ്രത്യാശിക്കാം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
അനന്യ (ഫിലിം സ്റ്റാർ)


**NAKSHATHRARAJYAM**

**(Monthly Magazine)**

2012 January 28

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**
Owned by



NakshthrarajyamE.Radhakrishnan
**Edoli House, Kommeri P.O**
**Kozhikode- 673007**
**Address**
**Managing Editior**
**NAKSHATHRARAJYAM(Monthly)**
**P.B. No.1205, Mankave,**
**Kozhhikode - 673 007**
**Kerala, India**
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com



WEB:

www.nakshathrarajyameradhakrishnan.in

LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics

**Price 10.00**




**എഡിറ്റോറിയൽ**

**(നക്ഷത്രരാജ്യം**
**ലക്കം 2012 ജനുവരി 28 മുതൽ**
**ഫിബ്രവരി 27 വരെ**

# കായികരംഗം

**അ**ന്താരാഷ്ട്ര കായിക മത്സരരംഗത്ത് അത്‌ലറ്റിക്സിൽ കേരളത്തിലെ സ്ത്രീ ശക്തി കായിക ആധിപത്യം ഭാരതത്തിനു എക്കാലവും സുവർണ്ണനേട്ടങ്ങളായാണല്ലോ അനുഭവപ്പെട്ടുകൊണ്ടിരുന്നത്. 1980 മുതൽ 2000 വരെയുള്ള രണ്ടു ദശാബ്ദകാലം പ്രഗൽഭരായ മലയാളി മഹിളാരത്നങ്ങൾ പി.ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൻ, പത്മിനി തോമസ്സ് എന്നിവരെപോലുള്ള അന്താരാഷ്ട്ര താരങ്ങളുടെ ഉദയകാലമായിരുന്നുവെന്നതും ഭാരതത്തിലെ ജനകോടികൾക്ക് വ്യക്തമായിരുന്നതാണ്. മലയാളികളുടെ മേധാവിത്വം ഇക്കാലങ്ങളിൽ ഫീൽഡിൽ പുരുഷന്മാരും നിലനിർത്തിക്കൊണ്ടുപോന്നു. ഒളിമ്പ്യൻ സുരേഷ് ബാബുവും, യോഹന്നാനും മുതൽ ധാരാളംപേർ അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ അക്കാലത്ത് ഇന്ത്യയുടെ സ്ഥാനം പരമോന്നതിയിൽ എത്താൻ കാരണക്കാരായി. അന്നത്തെപോലെ ഇന്നു പ്രതിഭ വർദ്ധിപ്പിക്കുവാതെ മലയാളി പെൺകൊടികളും പുരുഷന്മാരും സ്പോർട്സിൽ മോശം നിലവാരം പുലർത്തുന്നു എന്നല്ല പറഞ്ഞു വരുന്നത്. ടീമിനങ്ങളിൽ പ്രതിഭകൾ ചിലപ്പോൾ സെലക്ഷനാകാതെയിരുന്നിരിക്കാം. പക്ഷേ വ്യക്തിഗത മത്സരങ്ങളിൽ കഴിവുപലർത്തുന്ന പ്രതിഭകൾക്ക് ആരാലും തോൽവി സംഭവിക്കുകയില്ല എന്നതാണല്ലോ യാഥാർത്ഥ്യം.

ഭരിക്കുന്ന ഏതൊരു സംസ്ഥാന ഭരണകൂടത്തിനും കേന്ദ്രഭരണകൂടത്തിനും ഒരു സ്പോർട്സ് നയമുണ്ട്. ഭരണകൂടം നടപ്പാക്കുന്ന ഈ സ്പോർട്സ് നയം സംസ്ഥാനത്തെ അത്‌ലറ്റിക്ക് രംഗത്ത് ട്രാക്കിലും ഫീൽഡിലും മത്സരരംഗത്തുള്ള പ്രതിഭകൾക്ക് ഉപകാരപ്പെടുകയെന്നതാണല്ലോ സംസ്ഥാനത്തിനാവശ്യം. കേന്ദ്രഭരണകൂടവും സംസ്ഥാന ഭരണക്കൂടവും അന്താരാഷ്ട്ര സ്പോർട്സ് മത്സരരംഗത്തെ വിജയി





ടിന്റു ലൂക്കാ



പി,ടി. ഉഷ



സുരേഷ്ബാബു



യോഹന്നാൻ

കളായ പ്രതിഭകൾക്ക് ജോലിയും ടീമിൽ അവസരവും നൽകിക്കൊണ്ടിരിക്കുന്നത് സ്പോർട്സ് രംഗത്തുള്ളവർക്ക് വലിയൊരു ആശ്വാസം തന്നെയാണ്. എന്നാൽ ഇന്നത്തെ നിലവെച്ചു നോക്കുന്നവർക്ക് കാണുവാൻ സാധിക്കുന്ന സത്യം സംസ്ഥാനത്തെ ടൈറ്റാനിയം പോലുള്ള പല പ്രമുഖപൊതുമേഖല ടീമുകളുടേയും അടുത്തയിട സംഭവിക്കാൻ പോകുന്ന ചരമ വാർത്തകളായിരിക്കുമല്ലോ. സ്പോർട്സ്മേൻമാർക്ക് എന്നും തുണയായിരുന്ന ടൈറ്റാനിയം പോലുള്ള അനേകം പൊതുമേഖല സ്ഥാപനങ്ങളുടെ സ്പോർട്സിനോടുള്ള(ടീമിനോടുള്ള വിരക്തി) ഒഴിവാക്കാൻ സംസ്ഥാന ഭരണകൂടം ഇടപെടേണ്ടതായകാലം അതിക്രമിച്ചിരിക്കുന്ന വേളയിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായി വന്ന ഏഷ്യൻ വെള്ളി മെഡൽ ജേതാവായ പത്മിനിതോമസിനെപ്പോലുള്ള ഒരു മുൻ അത്‌ലറ്റിനു അതിനു സാധിക്കും എന്നുതന്നെ നമുക്ക് പ്രത്യാശിക്കാം. ഇതിനെല്ലാം അല്ലാതെ പിന്നെയെന്തിനാണിങ്ങനെയൊരു പൊൻതൂവൽ കസേര സ്പോർട്സ് കൗൺസിൽ തലപ്പത്തിട്ടിരിക്കുന്നത്.

കാലത്തേയും സമയത്തേയും അതിജീവിക്കാൻ കഴിവു നേടിയ ധാരാളം അത്‌ലറ്റുകൾ കേരളത്തിൽ ഇക്കാലവും ധാരാളമുണ്ടെന്നത് കേരളത്തിനു എന്നും ആശ്വാസം തന്നെയാണ്.

സംസ്ഥാന സ്ക്കൂൾ മീറ്റുകളിലും സർവ്വകലാശാലാ മീറ്റുകളിലും സംസ്ഥാന മീറ്റുകളിലും ദേശീയ മീറ്റുകളിലും വെന്നിക്കൊടിപ്പാറിക്കുന്ന നമ്മുടെ കായിക ശക്തി സംസ്ഥാന ജനതയെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്ന സന്ദേശം അതാണ്.


**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**
**അസിൻ (ഫിലിം സ്റ്റാർ)**
since : 2008
Nakshathra Rajyam
**(Monthly Magazine)**
2012 April 12
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
**Nakshthrarajyam E. Radhakrishnan**
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

# എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം**
**2012 ഏപ്രിൽ 12**
**മുതൽ മേയ് 11വരെ)**

# വിഷു

2012 മേടം 1. കേരളത്തിൽ വീണ്ടുമൊരു വിഷുദിനം സമാഗതമാവുകയാണ്. വിലക്കയറ്റവും, രാഷ്ട്രീയ പാർട്ടികളിലെ ചേരിപ്പോരും, മുന്നണി സംവിധാനത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ചേരിപ്പോരും കൊണ്ട് കലുഷിതമാണിന്ന് കേരളസംസ്ഥാനം. അതുകൊണ്ടുതന്നെ കേരളം ഭരിക്കുന്ന സർക്കാറിന് സാധാരണ ജനങ്ങളുടെ പരാധീനതകൾ പരിഹരിക്കാൻ സമസമില്ലാതായിരിക്കുന്നു. 5–ാം മന്ത്രി സ്ഥാനവും, അനൂപ് ജേക്കബിന്റെ മന്തി പദവിയും. ആർ. സെൽവരാജിന്റെ രാജിയോടനുബന്ധിച്ചുള്ള പുതിയ തെരഞ്ഞെടുപ്പ് തന്ത്രവും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കാൻ മാരത്തോൺ ചർച്ചകളിൽ ഏർപ്പെട്ട് ഗവർമ്മേണ്ടും– ഗവർമ്മേണ്ടിനെ വരച്ചവരയിൽ നിർത്താൻ ആധിപത്യം നേടാനുള്ള അടവുകളും തന്ത്രങ്ങളും പയറ്റുന്ന മുന്നണി സംവിധാനവും.

കേരളത്തിലെ സമസ്ത മേഖലകളിലും ഒരു മുരടിപ്പുണ്ടെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. ഇത്തരം ഭരണപരമായ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് വിഷു ആഘോഷം പിന്നീട് ഒരു ദിവസത്തേക്കാനും പറ്റില്ലല്ലോ? കേരളത്തിലെ സാധാരമ ജനങ്ങൾക്കും തൊഴിലാളി കുടംബാംഗങ്ങൾക്കും എല്ലാവർഷവും മേടം 1ന് വിഷു വന്നുകൊണ്ടേയിരിക്കും. ഓണവും, പെരുന്നാളും, ക്രിസ്തുമസ്സും വർഷാവർഷം അതാത് സമയങ്ങളിൽ തന്നെ വന്നു കൊണ്ടിരിക്കും.

മത്സ്യത്തൊഴിലാളികളെ വെടിവെച്ചു കൊന്ന ഇറ്റലിക്കാരായ കൊലപാതകികളുടെ കാര്യത്തിൽപോലും ലോകമര്യാദകളുടേയും നിയമത്തിന്റേയും പക്ഷം ചേർന്ന് ഭരണസംവിധാനത്തിന്റെ അന്തസ്സ് നിലനിർത്താൻ യാതൊരു മടിയുമില്ലെന്ന് മാലോകരെ അറിയിക്കാൻ രാഷ്ട്രീയ പാർട്ടികൾ ഭരണ സംവിധാനത്തിലിരുന്നു വെമ്പുമ്പോഴും, തദവസര കാലഘട്ടത്തിൻ കീഴിൽ ഏത് നിറത്തിന്റെ അനുഭാവ രാഷ്ട്രീയക്കാരായിരുന്നാലും ഒരു




പറ്റം സാധാരണ ജനങ്ങൾ അവരുടെ ജീവിത നാളുകളിലെ ഓരോ വർഷത്തേയും വിഷുവും, ഓണവും, പെരുന്നാളും, ക്രിസ്തുമസ്സും സമൃദ്ധിയായി ഉണ്ടും ഉടുത്തൊരുങ്ങിയും സന്തോഷിച്ചും ജീവിക്കണമെന്നുള്ള അവരുടെ ചെറിയ ചെറിയ മോഹങ്ങളെ താലോലിക്കുന്നത് അതിമോഹമാണോ എന്നു ഭരണകർത്താക്കൾ ചിന്തിക്കേണ്ടതാണ്.

അതോടൊപ്പം കേരളത്തിലെ ജനങ്ങൾക്ക് സുഭിക്ഷമായും സന്തോഷമായും സമൃദ്ധിയോടും ഓണവും, വിഷുവും, പെരുന്നാളും, ക്രിസ്തുമസ്സും വർഷംതോറും കൊണ്ടാടുന്നതിനുള്ള സാഹചര്യവും സ്ഥിതിയും സംജാതമാവുകയും വേണം. ഇത്തരം ജനോപകാര പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നൽകികൊണ്ടുള്ള കർമ്മ പദങ്ങളിൽ കൂടി ഭരണചക്രം ഉരുട്ടുന്നവർ ഭരണനേതൃത്വ നിരയിൽ പ്രകാശിക്കുകയും ജനങ്ങളതിനെ അംഗീകരിക്കപ്പെടുകയും ചെയ്യുമാറാകട്ടെയെന്ന് നമുക്കു ഇനി വരുന്ന നാളുകളിലെങ്കിലും പ്രത്യാശിരക്കാം.

കേരളത്തിലെ ജനങ്ങളുടെ വിഷുവിനും ഓണത്തിനും പെരുന്നാളിനും ക്രസ്തുമസ്സിനും എല്ലാവർഷവും വിലകുറച്ച് മാർക്കറ്റിലെ ഏറ്റവും മുന്തിയ അരി 5കിലോ ഉൾപ്പെട്ട ഒരു കിറ്റ് സൗജന്യമായി നൽകുന്നതിനുള്ള ജനകീയമായ ഒരു പദ്ധതിക്ക് ഗവർമ്മേണ്ട് നടപടി ക്രമങ്ങൾ നടത്തുന്നത് നന്നായിരിക്കും. ഇതിനുള്ള മൂലധനമായി വർഷാവർഷം കോടികണക്കിനുരൂപ പരസ്യം നൽകി തങ്ങളുടെ ഉല്പന്നങ്ങളെ മേന്മയുടേയും വിലകുറവിന്റേയും വക്താവായി ജനശ്രദ്ധയാകർഷിച്ച് കോടിക്കണക്കിനു രൂപ ലാഭമുണ്ടാക്കുന്ന കോപ്പറേറ്റ് കമ്പനികളും, വർഷം 2 ലക്ഷം രൂപയെങ്കിലും പരസ്യത്തിനു വേണ്ടി ചിലവിടുന്ന ചെറുകിട ഉല്പാദകരും, വിതരണക്കാരും മൊത്തം ചിലവിടുന്ന പരസ്യ തുകയ്ക്ക് ചെറിയ ഒരു ശതമാനം നികുതി സർക്കാറിലേക്ക് മുതൽക്കൂട്ടാക്കണമായിരിക്കും. ഇതിന് പുറമെ സൗജന്യ കിറ്റുവിതരണം സുതാര്യമാവുന്നതിനും കുപ്രസിദ്ധമാവാതിരിക്കുന്നതിനും സർവ്വമതസ്നേഹിയും സത്യസന്ധതയുടെ വിളനിലവുമായ ഒരു ജഡ്ജിയുടെ കീഴിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഓരോ നോമിനിയും മേൽനോട്ടത്തിനുള്ള ഹൈപവർ കമ്മറ്റിയായി കേരളത്തിലെ എല്ലാ കാർഡുടമകൾക്കും റേഷൻ ഷാപ്പുകളിൽകൂടി തന്നെ വിതരണം ചെയ്യാൻ നടപടികളുണ്ടാവാൻ ഉദ്ബോധനമുണ്ടാവട്ടെയെന്നുകൂടി പ്രാർത്ഥിക്കാം നമുക്ക്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
തമന്ന (ഫിലിം സ്റ്റാർ)
since : 2008
Nakshathra Rajyam
**(Monthly Magazine)**
2012 June 1
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2012 ജൂൺ 01മുതൽ 30 വരെ)**

# വരൾച്ചയും താപവും അധികരിക്കുന്ന കേരളം

കേരളത്തിൽ താപവും വരൾച്ചയും നിത്യേന വർദ്ധിക്കുകയാണ്. പുരാതന കാലം മുതൽ മിതശീതോഷ്ണ മേഖലയായി അറിയപ്പെടുകയും അനുഭവയോഗ്യമായിക്കൊണ്ടിരുന്നതുമായ കാലാവസ്ഥയിലുണ്ടായ വ്യതിയാനം കേരളത്തിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയാണ്. അതാത് നാട്ടിലെ കാലാവസ്ഥക്കനുസരിച്ച് ജീവിക്കാനുള്ള ശാരീരിക കഴിവുകളും പ്രകൃതവും പക്ഷികൾക്കും മൃഗങ്ങൾക്കും പോലും ജന്മനാതന്നെ നൽകാറുണ്ടെന്നതാണ് ശാസ്ത്രീയവശം.

പെട്ടെന്നുള്ള കാലാവസ്ഥ വ്യതിയാനത്തെ അഭിമുഖീകരിക്കുന്ന കേരള ജനതയെ ശാസ്ത്രത്തിനുപോലും പെട്ടെന്ന് സഹായിക്കാനാകാത്ത അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. പുഴകളുടേയും, കുളങ്ങളുടേയും പർവ്വതങ്ങളുടേയും വൃക്ഷങ്ങളുടെപച്ചപ്പിന്റേയും മരണമണി തുടങ്ങിയിട്ടും ബധിരരായിരിക്കുന്ന ഭരണകൂടങ്ങളും ജനങ്ങളും അനുഭവിക്കട്ടെ എന്നമട്ടിലാണ് സൂര്യതാപം കൂടിക്കൊണ്ടിരിക്കുന്നത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെന്നപോലെ സൂര്യാഘാതത്തിൽനിന്നുണ്ടാകുന്ന പൊള്ളലുകളും രോഗങ്ങളും കേരളത്തിലും കൂടിക്കൊണ്ടിരിക്കുകയാണ്.

പ്രശസ്ത കവയത്രി സുഗതകുമാരിയെപ്പോലുള്ള പ്രകൃതി സ്നേഹികളും സംഘടനകളും മുൻ മുഖ്യമന്ത്രിമാരായ പി.കെ.വിയേയും, സി.എച്ചിനേയും, കരുണാകരനേയും, നായനാരേയും, എ.കെ. ആന്റണിയേയും, ഉമ്മൻ ചാണ്ടിയേയും, വി.എസ്. അച്ചുതാനന്ദനേയും പോലുള്ള തലമുതിർന്ന രാഷ്ട്രീയ നേതാക്കളും പറഞ്ഞു




കൊണ്ടിരിക്കുന്ന മണൽവാരലിന്റെയും വൃക്ഷം നശിപ്പിക്കലിന്റേയും ശുദ്ധജല പുഴകളും തടാകങ്ങളും നശിപ്പിക്കലിന്റേയും, നൂഞ്ഞികൾ മണ്ണിട്ടു നികത്തലിന്റേയും വിഷയം നിറംമങ്ങിയതിന്റെ ബുദ്ധിമുട്ടുകളാണ് കേരള ജനത ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം വിഷയങ്ങളിൽ അവകാശപ്പെടുന്നതുപോലേയും പറയുന്നതുപോലേയും അഭിമാനിക്കാൻ മാറിമാറി വരന്ന ഭരണകൂടങ്ങൾക്കുമാവുന്നില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്.

വിശാലതണ്ണീർത്തടങ്ങളും, നൂഞ്ഞികളും നശിപ്പിച്ചുകൊണ്ട് കോൺക്രീറ്റ് സൗധങ്ങൾ ഉയർത്തുന്നതിനെ തടയുകതന്നെ വേണം ഭരണകൂടം. നൂഞ്ഞികളും, കുളങ്ങളും, വിശാലതണ്ണീർതടങ്ങളും പൊതുവായി ജനതക്ക് ജലലഭ്യതക്ക് ഉപയോഗിക്കാനുള്ള അവകാശം ഉണ്ടാവണം. ഇത്തരത്തിൽ ഏതുപ്രദേശത്തുനിൽക്കുന്ന നൂഞ്ഞികളും, കളങ്ങളും, വിശാലശുദ്ധജലതടാകങ്ങളും ഉടമസ്ഥനിൽനിന്ന് വിലകൊടുത്ത് വാങ്ങിയായാലും ഭരണകൂടങ്ങൾ അവയെ സംരക്ഷിക്കണം. കിടപ്പാടമില്ലാത്തവൻ തന്റെ പേരിൽ രജിസ്ട്രേഷനുള്ള നൂഞ്ഞികളും കുളങ്ങളും, വിശാല ശുദ്ധജലതടാകങ്ങളും നികത്തും. അങ്ങിനെ നികത്താതിരിക്കണമെങ്കിൽ അവന്റെ കുടുംബകിടപ്പാടത്തിന് ഭരണകൂടം വേറെ വഴി ഒരുക്കണം. വാക്കാൽ പറഞ്ഞതുകൊണ്ടു കാര്യമില്ല. കാര്യങ്ങൾ സാധിക്കണം. ഒരുഭാഗത്ത് കിണറുകൾ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൂട്ടായ്മയുണ്ടാവുമ്പോൾ മറുഭാഗത്ത് നൂഞ്ഞികളും വിശാല ശുദ്ധജല ശ്രോതസ്സ് തണ്ണീർത്തടങ്ങളും നശിപ്പിച്ചുകൊണ്ടുള്ള കോൺക്രീറ്റു സൗധ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ് ഭരണകൂടങ്ങൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയും വേണം. നാടാണ് വലുത്. ശുദ്ധജല ശ്രോതസ്സുകൾ വെള്ളം ലഭിക്കുവാനുള്ള നമ്മുടെ അവകാശത്തിന്റെ മാനദണ്ഡവും. അതിനെയാണ് സംരക്ഷിക്കപ്പെടേണ്ടതും നല്ലൊരു നാളേക്കുവേണ്ടി ഭരണകൂടം ആർജ്ജവം പ്രകടിപ്പിക്കേണ്ടതും.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനാജിംഗ് എഡിറ്റർ)**




**മുഖചിത്രം**
**അംജദ്മൂസ് (ഫിലിം സ്റ്റാർ)**
കെ.വി. പ്രഭാകരൻ(സാഹിത്യകാരൻ)
(എ. മോഹൻദാസ്(ഫർണ്ണീച്ചർ ഡിസൈനർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2012 August 25
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
**email: nakshathrarajyam@gmail.com**
WEB:
**www.nakshathrarajyameradhakrishnan.in**
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2012 ആഗസ്റ്റ് 25 മുതൽ സപ്തംബർ 24 വരെ)**

# കേര - കേരളം

നാനാർത്ഥത്തിൽ പതിരില്ല. കേരളം കുന്നുകളും കുഴികളും(കേര+അളം) എന്ന അർത്ഥം വരുന്ന വിളിപ്പേരിലും – കേര വൃക്ഷങ്ങളുടെ (തെങ്ങുകളുടെ) നാട് എന്ന അർത്ഥം വരുന്ന വിളിപ്പേരിലും അറിയപ്പെടുന്നു. പുരാതനകാലത്ത് പരശുരാമൻ മഴുവെറിഞ്ഞ് നേടിത്തന്നതെന്ന് ചിലരെങ്കിലും അനുമാനിക്കുന്ന കേരളത്തിൽ നാളികേര കൃഷിക്കാരും കർഷകത്തൊഴിലാളികളും ഒന്നടങ്കം നാൾക്കുനാൾ ദരിദ്രരായിക്കൊണ്ടിരിക്കയാണ്പോലും.

പാമോയിൽ ഇറക്കുമതി തീരുവ ഉയർത്തുക, വെളിച്ചെണ്ണയുടെ കയറ്റുമതി നിയന്ത്രണം എടുത്തുകളയുക, റേഷൻ കടകളിലൂടെ വെളിച്ചെണ്ണ നൽകുക തുടങ്ങി ആവശ്യങ്ങൾ അടിയന്തിരമായി പരിഗണിക്കാൻ പ്രയത്നിക്കണമെന്ന് നാഫെഡ് ഡയരക്ടർ സിബി മോണിപ്പള്ളി പ്രതിരോധ മന്ത്രി എ.കെ. ആന്റണിക്കു നൽകിയ നിവേദനത്തിൽ അദ്ദേഹം അഭ്യർത്ഥിച്ചതായും അറിവായിട്ടുണ്ട്. കേരകർഷകരേയും നാളികേര മേഖലയേയും രക്ഷിക്കണമെന്നതാണ് അദ്ദാഹത്തിന്റെ ആവശ്യം. കേരളത്തിലെ ലക്ഷക്കണക്കിനു നാളികേര കൃഷിക്കാരുടെ ന്യായമായ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ അദ്ദേഹത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല. അന്യസംസ്ഥാനങ്ങളിലെ പ്രത്യേകിച്ച് തമിഴ് നാട്ടിലെ വെളിച്ചെണ്ണ–എള്ളെണ്ണ വ്യവസായി വ്യാപാരി മാഫിയ കേരളത്തിൽനിന്ന് കണ്ണെടുക്കുന്ന കാലത്തേ കേരളത്തിലെ കേരകർഷകരുടേയും നാളികേര മേഖലയുടേയും പുരോഗതി വേഗത്തിലാക്കുന്ന കൊപ്രവില ഉയരൂ എന്നത് പകൽ വെളിച്ചംപോലെ സത്യമാണ്. പക്ഷേ അതാണെങ്കിൽ സ്വാമി അയ്യപ്പചരിതം പറയുന്നതുപോലെ കന്നി അയ്യപ്പൻ മലകയറി അയ്യപ്പ








ദർശനം നടത്താത്ത കാലത്തേ ഭഗവാൻ സ്വാമി അയ്യപ്പനു വിവാഹ ഭാഗ്യം സിദ്ധിക്കൂ എന്ന തുപോലെ ഒരു ചോദ്യചിഹ്നം തന്നെയാണ്. ഭഗവാന്റെ സന്നദ്ധിയിൽ കന്നിസ്വാമികൾ പ്രാർത്ഥനക്കെത്താത്ത കാലം എന്നെങ്കിലും വരുമോ? ഇല്ല. അതുകൊണ്ട് തന്നെ കേരള ത്തിന് കൊപ്രവില ഉയരുന്നതിനേക്കാൾ ഇക്കാലത്ത് ആവശ്യം ഉല്പാദിപ്പിക്കുന്ന നാളികേരം സംസ്ക്കരിച്ച് വെളിച്ചെണ്ണയോ മറ്റു നാളികേര ഉല്പന്നങ്ങളോ ആക്കി കേരളത്തിലെ ജനങ്ങ ളുടെ പ്രഥമ ഉപഭോഗ വസ്തുവാക്കുകയാണ്.

തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലും എള്ള് കർഷകർ ഉല്പ്പാദിപ്പിക്കുന്ന നല്ലെണ്ണ യും, ഗുണവും–നിലവാരവും കുറഞ്ഞ എണ്ണയും ഉപയോഗിക്കുന്ന കേരളത്തിലെ ജനങ്ങളെ വെളിച്ചെണ്ണയുടെ ഗുണവും, നന്മയും, കേരളത്തിലെ കേരകർഷകരുടെ ബോദ്ധ്യപ്പെടുത്തി കേരളീയരുടെ വെളിച്ചെണ്ണ ഉപഭോഗ ശീലം വളർത്തണം. തമിഴ്നാട്ടിൽനിന്നിറങ്ങുന്ന ആയി രക്കണക്കിനു ലിറ്റർ ഗുണമേന്മ കുറഞ്ഞ–വിലകുറവുള്ള എണ്ണ കേരളത്തിലെ മഹാക്ഷേ ത്രങ്ങളിലേയും കാവുകളിലേയും വിളക്കുകളിൽ കത്തുമ്പോൾ അത് എന്തുകൊണ്ട് കേര ളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേര കൃഷിക്കാരുടെ "സുഗന്ധാന്തരീക്ഷകാരിയായതും", "എള്ളെണ്ണയേക്കാൾ അന്തരീക്ഷമലിനീകരണം കുറഞ്ഞതുമായ" വെളിച്ചെണ്ണയായിക്കൂടാ എന്നുറക്കെ ചിന്തിക്കണം. കനിവുള്ള ഉദാരമതികളായ സർക്കാർ സംവിധാനമാണതിനു സഹായമാവേണ്ടത് എന്നു മനസ്സിലാക്കി വിജയലക്ഷ്യ സ്ഥാനം നാം കൈവരിക്കണം. നാളി കേരം ഉല്പാദിപ്പിക്കുന്നവർ ദൈന്യത പറഞ്ഞാൽ കിട്ടുന്നതല്ല കേരളത്തിലെ കേര കർഷ കരുടെ സുവർണ്ണകാലം. കച്ചവട മനസ്ഥിതിയോടെ ചിന്തിക്കണം. കർമ്മ ശക്തിയും വേണം. നല്ലൊരു "ഇന്നിനെ" ക്കുറിച്ചുള്ള ശുഭവിശ്വാസം നടപ്പാക്കാൻ കഴിവുള്ളവരായിരിക്കട്ടെ കേര ളത്തിലെ കേരകർഷകർ.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**മാനേജിംഗ് എഡിറ്റർ**



മുഖചിത്രം

ശോഭന (ഫിലിം സ്റ്റാർ)

since : 2008

Nakshathra Rajyam

**(Monthly Magazine)**

2012 November 26

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**NakshthrarajyamE.Radhakrishnan**

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**

## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2012 നവംബർ 26 മുതൽ ഡിസംബർ 25 വരെ)**

# റെയിൽവേ ഗതാഗതം

ഭാരതത്തിലെ റെയിൽവേ വകുപ്പിൽ, സാമ്പത്തിക ലാഭത്തിലും ഭരണപരമായും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സതേൺ റെയിൽവെ ഇക്കാലങ്ങളത്രയും ജനങ്ങളുടെ മനസ്സിൽ നല്ലസ്ഥാനങ്ങളിലാണിരുന്നിരുന്നത്. രാഷ്ട്രീയമായും ഭരണപരമായും സതേൺറെയിൽവെയുടെ വികസന പദ്ധതികളേയും, കേരളത്തേയും റെയിൽവെ മന്ത്രാലയവും കേന്ദ്ര ഭരണകർത്താക്കളും കാലാകാലങ്ങളിലും തിരസ്ക്കരിച്ചിരുന്നുവെങ്കിലും ഇന്നത്തെപ്പോലെ കേരളത്തിൽ ട്രെയിൻ യാത്ര ഇത്രയേറെ ദുരിതവും കഷ്ടതയും നിറഞ്ഞതായിരുന്നില്ല. കേരളത്തിലെ റെയിൽവെ ട്രാക്കുകളുടേയും, സ്റ്റേഷനുകളുടേയും വികസന മുരടിപ്പ് എല്ലാ കാലങ്ങളിലും ഒരു ഒഴിയാബാധയായി പിന്തുടർന്നുവെന്നിരുന്നാലും ജനങ്ങളുടെ സഞ്ചാരാവശ്യങ്ങൾക്ക് ഇത്രയേറെ സംഭാവനകൾ ചെയ്യുന്ന മറ്റൊരു ദീർഘദൂര സഞ്ചാരമാർഗ്ഗം ഭാരതത്തിൽ സാധാരണ ജനങ്ങൾക്ക് കിട്ടാനുമില്ല എന്നതാണ് വാസ്തവം. ഉള്ള റെയിൽവെ നല്ലരീതിയിൽ നടത്തിക്കൊണ്ടുപോവാനോ, സാധാരണക്കാർക്ക് പണച്ചിലവ് കുറഞ്ഞ യാത്രാസൗകര്യങ്ങൾ അധികരിപ്പിക്കാനോ, റെയിൽ നിർമ്മാണ പ്രവർത്തിയുടെ പേരിൽ ദശ–പഞ്ചവത്സര പദ്ധതികളായി ഒരിക്കലും തീരാതെ നീട്ടിക്കൊണ്ടുപോകുന്നപാലക്കാട് – മധുര റെയിൽവെട്രാക്ക് നിർമ്മാണം അതിവേഗമാക്കി ട്രെയിൻ ഗതാഗതം പുനസ്ഥാപിക്കുവാനോ, മുടങ്ങിക്കിടക്കുന്ന കേരളത്തിലെ റെയിൽവേ വികസന പദ്ധതികളുടെ നിർമ്മാണം വേഗത്തിലാക്കി ട്രെയിൻ യാത്രക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുവാനോ ഇന്നുള്ള ഭരണകർത്താക്കൾക്ക് താൽപര്യ കുറവുള്ളതായിതോന്നുന്നതിൽ റെയിൽവേ യാത്രക്കാരേയും ജനങ്ങളേയും കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ലെന്ന് നമുക്കേവർക്കും മനസ്സിലാകുന്ന വിധം ദുർവിശേഷത്തിൽ റെയിൽവെവികസന മുരടിപ്പ് കേരള











www.shutterstock.com · 333370217

ജനത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്വതന്ത്ര്യാനന്തര ഭാരതത്തിലെമുൻകാല പ്രധാനമന്ത്രിമാരായ ജവഹർലാൽ നെഹറുവിന്റേയും, ലാൽബഹദൂർശാസ്ത്രിയുടേയും, ഇന്ദിരാഗാന്ധിയുടേയും, മൊറാർജി ദേശായിയുടേയും പാത കേന്ദ്രസർക്കാറുകൾ പിന്തുടരുന്നുമില്ല. കേരളത്തിലെ റെയിൽവേ ഡിവിഷനുകളിൽ തിരുവനന്തപുരവും, പാലക്കാടും അവഗണിക്കപ്പെടുകയാണ് എന്നും. ട്രെയിൻ യാത്രക്കാരികളെ അപമാനിക്കുന്നതിലും, വടക്കേ ഇന്ത്യയിലെപ്പോലെ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ പ്രവർത്തികൾ ചെയ്യുന്നവർ ഇന്ന് കേരളത്തിലെ റെയിൽവേ ഡിവിഷനിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നതിലും കേരളത്തിലെ ഡിവിഷനുകൾ ചരിത്രം കുറിക്കുകയാണ്. സാധാരണ ജനങ്ങളുടേയും യാത്രാക്കാരുടേയും മനസ്സിൽ ഭീതിയും അവിശ്വാസവും വളർത്തുന്ന ഇത്തരം ക്രിമിനൽ സംഘങ്ങൾ കേരളത്തിലെ റെയിൽവെ ഡിവിഷനിലേക്ക് കയറൂരിവന്നത് കേരളത്തിൽ പാസഞ്ചർ വണ്ടിയിൽ യാത്രചെയ്യുന്നവരുടേയും, ട്രെയിൻ യാത്രക്കാരായ സാധാരണ ജനവിഭാഗങ്ങളുടേയും ആത്മവിശ്വാസം തളർത്തി കേരളത്തിലെ റെയിൽവേഡിവിഷനുകളുടെ നല്ല പേരും ലാഭകരമായി പ്രവർത്തിക്കുന്നുവെന്നുള്ള അഭിപ്രായ ഗതിയും മാറ്റിമറിക്കാനല്ലേയെന്ന് കേരളത്തിലെ ജനങ്ങൾ സംശയിക്കുന്നുണ്ട്.

അതുകൊണ്ടതന്നെ കേരളത്തിലെ റെയിൽവേ ഡിവിഷനുകളായ പാലക്കാട് ഡിവിഷന്റേയും തിരുവനന്തപുരം ഡിവിഷന്റേയും സംരക്ഷണത്തിനായും, ജനങ്ങളിൽ റെയിൽവേയെക്കുറിച്ച് മതിപ്പുളവാക്കുന്നതിനുമായി ജനശ്രദ്ധനേടിയെടുക്കുന്നതിന് മുൻകാലങ്ങളിൽ സ്പോർട്സ് രംഗത്ത് ഏഷ്യൻ ജനതയുടേയും ലോകജനതയുടേയും ശ്രദ്ധാകേന്ദ്രമായ പി.ടി. ഉഷയെയും എം.ഡി. വത്സമ്മയെയും, പത്മിനി തോമസിനേയും, ഷൈനി വിത്സനേയുംപോലുള്ള രാജ്യാന്തര താരങ്ങളെ അണിനിരത്തേണ്ടതായകാലം അതിക്രമിച്ചിരിക്കുന്നു. ഇനിയും ചാർജ്ജ് വർദ്ധനവുണ്ടാകാതെ ഭാരതത്തിൽ ഓടുന്ന റെയിൽവേ ഷട്ടിൽ സർവ്വീസുകളും മംഗലാപുരം മുതൽ കോയമ്പത്തൂർവരെ ഓടുന്ന പാസഞ്ചർ ട്രെയിനുകളും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഉപകരിക്കുമാറാകട്ടെയെന്ന് നമുക്ക് കേന്ദ്രസർക്കാറിനോട് അപേക്ഷിക്കാം.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**




മുഖചിത്രം

തൃഷ (ഫിലിം സ്റ്റാർ)

since : 2008

Nakshathra Rajyam

**(Monthly Magazine)**

2013 January 26

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

**Nakshthrarajyam E.Radhakrishnan**

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**

**എഡിറ്റോറിയൽ**



**(നക്ഷത്രരാജ്യം ലക്കം**

**2013 ജനുവരി 26 മുതൽ**

**ഫിബ്രവരി 25 വരെ)**

# മലബാർ മഹോത്സവം

ഇക്കഴിഞ്ഞ ദിനങ്ങളിൽ കോഴിക്കോട് വെച്ച് മലബാർ മഹോത്സവം അത്യന്തം കേമമായി തന്നെ അരങ്ങേറി. അതിൽ പങ്കെടുത്ത കലാകാരൻമാരെയും, പരിപാടികൾ സംഘടിപ്പിച്ച സംഘാടകരേയും മുക്തകണ്ഠം പ്രസംശിക്കാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷ, എവിടെയുമെന്ന പോലെ ഗവർമ്മേണ്ട് പരിപാടികളിൽ ഒഴിച്ചുകൂടാനാവാത്ത സർക്കാർ ഉദ്യോഗസ്ഥരുടെ ഉപദേശകരായും തീരുമാനമെടുക്കുന്നവരായും പ്രവർത്തിച്ചത് ഏതെങ്കിലും പരിപാടികൾ നടക്കുമ്പോൾ മുമ്പിൽ തനിക്ക് യാതൊരു ബന്ധവുമില്ലെങ്കിൽ പോലും അതിന്റെ അമരക്കാരനായി നാലാളുകളുടെ മുമ്പിൽ ശോഭിച്ചു നടക്കുന്നവരുടെ ഇഷ്ടാനിഷ്ടങ്ങളും പരിപാടികളും തന്നെയായിരുന്നില്ലെ ഇക്കൊല്ലത്തെ മലബാർ മഹോത്സവത്തിലും സ്വാധീനിച്ചിരുന്നത് എന്ന് ചിന്തിക്കാതിരിക്കാൻ യഥാർത്ഥ കലാകാരൻമാർക്കാകുമായിരുന്നില്ല. കാരണം കാലാകാലങ്ങളിലും കഴിവിനാലും ജീവിതോബാധിയായും കലയും നാടകരചന, നാടകഗാനരചന, നാടകസംവിധാനം തുടങ്ങിയ മേഖലകളിൽ സജീവമായി പങ്കെടുക്കുകയും ജനങ്ങളുടെ ഇടയിൽ സാഹിത്യകാരൻ നാടകരചയിതാവ് തുടങ്ങിയ നിലയിൽ നല്ല മേൽവിലാസമുണ്ടാക്കിയവരാരും പരിപാടികളിൽ എവിടേയും പങ്കെടുത്തതായി ഓർമ്മിക്കാനില്ല.

പത്രങ്ങളിൽകൂടി കൊട്ടിഘോഷിച്ച് "മലബാർ രത്ന" മുതലായ അവാർഡുകളുടെ പരിഗണനയിൽ നാലാളുകൾ നാടക പ്രതിഭയായി അംഗീകരിക്കുന്ന നാടകങ്ങൾ രചിച്ചവരേയോ നാടകഗാനങ്ങൾ രചിച്ചവരേയോ നാടകം സംവിധാനം ചെയ്തവരേയോ പരിഗണിച്ചതായി അറിയാനും കേൾക്കാനും സാധിച്ചിട്ടില്ല. അവരെല്ലാം രചിച്ചതും തങ്ങൾ ഡിസ്ക്കിൽ കൂടിയും നേരിൽ കണ്ടതുമായ നാടകങ്ങളുടെ ശിൽപികളെ മനസാ അംഗീകരിക്കുന്ന കലാ ആസ്വാദകർ അവരുടെ മനസ്സിൽകൂടി അവാർഡ് ദാനം ചെയ്യുന്ന അവാർഡിനർഹരായ പ്രതിഭകൾക്കും, "മലബാർ രത്ന" ലഭിച്ചവർക്കും, മലബാർ മഹോത്സവ പരിപാടികളുടെ സംഘാടകർക്കും നക്ഷത്രരാജ്യം മാസിക പ്രവർത്തകരുടെ അഭിനന്ദനങ്ങൾ.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
അമലപോൾ (ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2013 April 13
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
**Nakshthrarajyam E.Radhakrishnan**
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

**എഡിറ്റോറിയൽ**

(നക്ഷത്രരാജ്യം
ലക്കം 2013 ഏപ്രിൽ 13
മുതൽ മേയ് 12 വരെ)



# വൈദ്യുതി കുടിവെള്ളം

കേരളം നാൾക്കുനാൾ ഇരുട്ടിലേക്കും വരൾച്ചയിലേക്കും കടന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പല വർഷങ്ങളായി കേരളത്തിൽ വൈദ്യുതി ക്ഷാമവും കുടിവെള്ള വരൾച്ചയും സംഭവിച്ചുകൊണ്ടിരിക്കുന്നു. വരൾച്ചയും വൈദ്യുതി ക്ഷാമവും ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞുകൊണ്ട് രൂക്ഷമായ ജനകീയ പ്രശ്നങ്ങളെ ലഘൂകരിക്കുന്ന പുതിയ നിലപാടുകൾ ഇക്കാലമത്രയും ഭരണകൂടങ്ങളിൽനിന്നും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാൽ ജനകീയ പ്രശ്നങ്ങളിൽ യാതൊരുവിധ മുൻകരുതൽ നിലപാടുകളും എടുക്കുന്നില്ലയെന്ന് അർത്ഥമാക്കേണ്ടതില്ല. വൈദ്യുതി ക്ഷാമം ആഗോള പ്രതിഭാസമാണ്, കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഒരു ഗവമ്മേണ്ടിനുമാകുകയില്ല എന്ന ഒരു സന്ദേശം സർക്കാറിന്റെ ഭാഗത്തുനിന്നും, കുടിവെള്ളപ്രശ്നമോ വൈദ്യുതിക്ഷാമമോ പരിഹരിക്കുവാൻ മനസിൽ ഇഛിക്കാതെ അതിപുരോഗമന പ്രാസംഗികരായ ചിലരുടേയും മസ്തിഷ്ക്കത്തിൽ ഉത്ഭവിക്കുന്നു.

മുൻ കാലങ്ങളിൽ തുടങ്ങിയ മഴവെള്ള സംഭരണിപോലുള്ള പല നൂതന മാർഗ്ഗങ്ങളും പരീക്ഷിച്ചു നോക്കിയെങ്കിലും അതുകൊണ്ടൊന്നും കേരളത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സാധിച്ചിരുന്നില്ല. കുടിവെള്ള പ്രശ്ന പരിഹാരത്തിനും വൈദ്യുതി ക്ഷാമ പരിഹാരത്തിനും വേണ്ടി ഫണ്ട് വിനിയോഗിക്കുക തന്നെ വേണം. വിനിയോഗിക്കുന്ന ഫണ്ട് 100% വൈദ്യുതി ക്ഷാമ പരിഹാരത്തിനും കുടിവെള്ള വരൾച്ച പരിഹാരത്തിനും വേണ്ടിതന്നെയാകണമെന്നുള്ള മുൻകരുതലുകളിൽ ഊന്നിയുള്ള പ്രവർത്തന ഇച്ഛാശക്തിയാണ് ഭരണകൂടത്തിനുണ്ടാകേണ്ടത്.

നാടുനീളെ കേരളത്തിൽ കുളങ്ങളും കുഴികളും തോടുകളും വൃത്തിഹീനമായി കിടക്കുന്നുണ്ട്. അത്തരത്തിലുള്ള കുളങ്ങളോടും തോടുകളോടും കുഴികളോടും ചേർന്ന് പൊതുജനങ്ങൾക്കുള്ള കുളിസ്ഥലങ്ങളും അലക്കു സ്ഥലങ്ങളും ഒരുക്കുകയും










www.alamy.com - BTEWT7





കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഒരു പദ്ധതി കേരളമൊട്ടുക്കു നടപ്പിലാക്കിയാൽ തന്നെ കേരളത്തിൽ പരമാവധി കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കുമെന്ന കാര്യം ഉറപ്പാണ്. ഇന്ത്യയിലെ വൻകിട മെട്രോസിറ്റികളിൽ ഡ്രൈനേജ് വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന നാട്ടിൽ വൃത്തിയുള്ള കുളത്തിലേയും തോട്ടിലേയും കുഴികളിലേയും വെള്ളം കുടിക്കാൻ ജനങ്ങൾ വിസമ്മതിക്കുമോ?

ജലവിതാനമുയർന്നു നിൽക്കുന്ന കുളങ്ങളും തോടുകളും കുഴികളും നികത്താനനുവദിക്കാതെ കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കാനുള്ള ഒരു മാനുഷിക മൂല്യമാണ് ജനങ്ങളോട് സർക്കാറുകൾക്കുണ്ടാവേണ്ടത്. അല്ലാതെ നാട്ടിലുള്ളതെല്ലാം കുത്തകകൾക്കും ഇഷ്ടപ്പെട്ടവർക്കും പാട്ടത്തിനും സൗജന്യത്തിനും കൊടുക്കുന്ന ഒരു സംസ്കാരമല്ല രാജ്യത്തെ ജനകീയ ഗവർമ്മേണ്ടുകളുടെ മുഖമുദ്രയാവേണ്ടതെന്ന തിരിച്ചറിവിൽകൂടി ജനങ്ങളുടെ സ്നേഹാദരങ്ങൾ പറ്റുകയാണ് ആദർശ ഭരണത്തിനും ആദർശ രാഷ്ട്രീയ പാർട്ടികൾക്കും നേതൃത്വം കൊടുക്കുന്നവർ അനുകരിക്കേണ്ടത്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**മാനേജിംഗ് എഡിറ്റർ)**



**മുഖചിത്രം**

**ഭാവന (ഫിലിം സ്റ്റാർ)**


since : 2008

Nakshathra Rajyam

**(Monthly Magazine)**

2013 July 30

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by



**Nakshthrarajyam E.Radhakrishnan**

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in



LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.00**




**എഡിറ്റോറിയൽ**

**(നക്ഷത്രരാജ്യം ലക്കം 2013 ജൂലായ് 30 മുതൽ ആഗസ്റ്റ് 29 വരെ)**

# ഭാരതീയ നാണയങ്ങൾ

മൂല്യം തെറ്റാതെയും വേഗത്തിലും ഭാരതീയ നാണയങ്ങൾ എണ്ണുന്നവർക്ക് കേഷ് അവാർഡുകളോ സ്വർണ്ണ ഫലകമോ ഏർപ്പെടുത്തിയാൽ ആ അവാർഡ് ആർക്കെങ്കിലും കിട്ടുമോ? ഇന്ത്യൻ ജനതയുടെ വിശേഷിച്ച് 40 കഴിഞ്ഞ മധ്യവയസ്കരുടെ ഈ ചോദ്യം കേട്ട് പകച്ചുപോകാത്ത ഭാരതീയനുണ്ടോ? ചോദ്യത്തിൽത്തന്നെ അടങ്ങിയിരിക്കുന്നു മനുഷ്യർക്കാർക്കും എണ്ണാൻ കഴിയില്ല എന്നുള്ള അതിന്റെ ഉത്തരം. ഒരേപോലെയിരിക്കുന്ന മൂല്യം വ്യത്യസ്ഥമായ കുറേ നാണയങ്ങളെ കൈയ്യിലെടുത്ത് വേഗത്തിലും തെറ്റാതെയും ആർക്കും എണ്ണാൻ സാധിക്കില്ല. ബഹുമാനപ്പെട്ട ഇന്ത്യൻ ഭരണകൂടത്തിനും റിസർവ്വ് ബാങ്കിനും അറിയാം കാഴ്ചശക്തിയില്ലാത്തവർക്കും വാർദ്ധക്യം ബാധിച്ചവർക്കും ഭാരതീയ ജനതയ്ക്കും ദേശീയകളിയായ ഹോക്കിപോലെയോ അല്ലെങ്കിൽ ക്രിക്കറ്റ്, ഫുഡ്ബോൾ, കബഡി എന്നിങ്ങനെയുള്ള മറ്റുകളികളെപോലെയോ മാനസിക ഉല്ലാസത്തിന് സമയം കൊല്ലുവാൻ നാണയം എണ്ണിയെടുക്കൽ കളിയോ കളിക്കളമോ ആയല്ല ഇന്ത്യൻ നാണയത്തുട്ടുകൾ നെഹറുവിന്റേയും, ലാൽ ബഹദൂർ ശാസ്ത്രിയുടേയും, ഇന്ദിരാ ഗാന്ധിയുടേയും പ്രധാനമന്ത്രിസ്ഥാനകാലയളവിൽ റിസർവ്വ് ബാങ്ക് നിർമ്മിച്ചിരുന്നതെന്നുള്ള കാര്യം. കൈവെള്ളയിൽ വെച്ചാലോ ദൂരെ നിന്നുകണ്ടാലോ നാണയത്തിന്റെ മൂല്യം എത്രയെന്ന് തിരിച്ചറിയുന്ന നിർമ്മാണ വൈദഗ്ധ്യത്തിൽ മാർക്കറ്റിലും ബാങ്കിലും സുലഭമായിക്കൊണ്ടിരുന്ന ഒന്ന്, രണ്ട്, മൂന്ന്, അഞ്ച്, പത്ത്, ഇരുപത്, ഇരുപത്തിഅഞ്ച്, അൻപത് എന്നിങ്ങനെ നാണയത്തിന്റെ മൂല്യം നഷ്ടപ്പെട്ടു. ഇത്തരം കാലോചിതമായ പരിവർത്തനത്തിൽ ഒഴിച്ചുകൂടാനാവാതെ നാണയങ്ങളുടെ മൂല്യം നഷ്ടപ്പെട്ടതിൽ നെടുവീർപ്പിടുന്നവർ പോലും അതു പുറമേ പ്രകടിപ്പിക്കാറില്ലെ



















ങ്കിലും സാധാരണ ജനത വിഢിയാകുന്ന നാണയ നിർമ്മാണ രീതിയിൽ വ്യഗ്രരായ ഇന്ത്യൻ റിസർവ്വ് ബാങ്കിനോടും അതിനെ നിയന്ത്രിക്കുന്ന കേന്ദ്രസർക്കാരുകളോടും ധനകാര്യവ കുപ്പിനോടും നീരസമുള്ളവരാകുകയാണ്. ഇക്കാലങ്ങളിൽ നിർമ്മിച്ചു ഒരുക്കുന്ന അൻപ തുപൈസതുട്ടും അഞ്ചുരൂപതുട്ടും നാണയങ്ങൾ ഉപയോഗിച്ച് സുപരിചിതരായ സാധാ രണ ഭാരതീയന്പോലും തിട്ടപ്പെടുത്താൻ സമയമേറെവേണം. ഒരുരൂപയും രണ്ടുരൂപയും തമ്മിൽ തിരിച്ചറിയണമെങ്കിൽ രണ്ടുമിനിട്ട് നാണയതുട്ട് കൈവെള്ളയിൽ വെച്ച് പരീക്ഷണ നിരീക്ഷണം നടത്തണം. കഷ്ടത ഇങ്ങനെ പോകുന്നു രാജ്യത്ത്. വിലക്കയറ്റം ജനങ്ങളുടെ നടുവൊടിക്കുന്ന ഇക്കാലത്ത് യാത്രയിലും തൊഴിൽ സമയങ്ങളിലും നാണയ നിരീക്ഷ ണത്തിന് ജനങ്ങളുടെ സമയം പാഴാകുന്നതായുള്ള പരാതി നിർവ്വികാരമായികേട്ടുകൊ ണ്ടിരിക്കുന്ന കോപ്പറേറ്റ് പാദ സേവകരാകാതെ കേന്ദ്രസർക്കാറുകളും ധനകാര്യവകുപ്പും ഉണർന്നു പ്രവർത്തിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുകയാണ് നാണയത്തെ വിലക ല്പ്പിക്കുന്ന സാധാരണ ജനവിഭാഗങ്ങൾ. ജനതാല്പര്യധ്വംശനത്തിനെതിരെ പ്രതികരണ പ്രസ്താവനകൾ ഇറക്കുന്ന ഡോക്ടർ സുബ്രഹ്മണ്യം സ്വാമിയെപ്പോലെയും, സുഗതകു മാരി, ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, പ്രാദേശിക പാർട്ടികൾ, രാഷ്ട്രീയ നേതാ ക്കൾ, സാഹിത്യകാർ, രാഷ്ട്രീയ സാമൂഹിക നായകർ എല്ലാവരും അനുഭവിച്ചുകൊണ്ടി രിക്കുന്ന ഇത്തരം കഷ്ടതക്കുനേരെ അവരും "ആരും" ബുദ്ധിമുട്ടുകൾ അധികൃത സമക്ഷ ത്തിങ്കൽ എത്തിക്കുന്നതായി കേൾക്കുന്നില്ല. ഭാരതം എങ്ങോട്ട് എന്നതിനെക്കുറിച്ച് ഇട യ്ക്കിടെ അവിടേയും ഇവിടേയും സെമിനാറുകളും, ബോധവൽക്കരണവും നടക്കുന്ന നാട്ടിൽ ജനങ്ങൾ വിഡ്ഢിയെപോലെയോ കഴുതയെപോലെയോ ആകാതിരിക്കാനുള്ള മാർഗ്ഗം എങ്ങനെയെന്നതിനെക്കുറിച്ചും സെമിനാറുകൾ നടത്താം. അതിൽ നമുക്ക് പങ്ക്ചേരുകയും ചെയ്യാം.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

(മാനേജിംഗ് എഡിറ്റർ)




മുഖചിത്രം

അനുഷ്ക്ക (ഫിലിം സ്റ്റാർ)

since : 2008

Nakshathra Rajyam

**(Monthly Magazine)**

2013 November 29

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT


NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**


# എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം

2013 നവംബർ 29 മുതൽ

ഡിസംബർ 28 വരെ)

## മലയാളികളുടെ ഓർമ്മയിലെ പുതുവത്സരം

സെക്കന്റുകൾ മിനുട്ടുകളായ്, മിനുട്ടുകൾ മണിക്കൂറുകളായ്, മണിക്കൂറുകൾ ദിവസങ്ങളായ്, ദിവസങ്ങൾ ആഴ്ചകളായ്, ആഴ്ചകൾ മാസങ്ങളായ്, മാസങ്ങൾ വർഷങ്ങളായ് പിന്നിട്ടുകൊണ്ട് രക്ഷകനായ ശ്രീ യേശുവിനെ വാഴ്ത്തി ഓരോ പുതുവത്സരവും പിറക്കുന്നു. ഓർമ്മയുടെ മൺതിണ്ണയിൽ കയറി നിൽക്കുമ്പോൾ ഡിസംബറിന്റെ കുളിരു കോരുന്ന മഞ്ഞായ് പെയ്തുതീരുകയാണ് ഈ വർഷം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും കയ്പ്പും മധുരവും ഏറിയ അനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട് ഈ പുതുവത്സരം ഏതാനും നാളുകൾക്കകം നമ്മെ വിട്ടുപോകുന്നു.

ലോകഭൂപടത്തിൽ അസമാധാനത്തിന്റെ വിത്ത് വിതച്ചൊരു വർഷം. മതേതര ഇന്ത്യയിൽ ഫാസിസത്തിന്റെ മാംസ ക്കൊതി, വർഗ്ഗീയതയുടെ കരിനിഴൽ വീഴ്ത്തിയ വർഷം. സാംസ്ക്കാരിക കേരളത്തിൽ അവശതയുടെ ആദിവാസി കൂരകളിൽ മരണനിഴൽ നീണ്ട വർഷം. അങ്ങിനെ 2013 എന്ന ഈ വർഷം ഏതാനും ദിവസങ്ങൾകൊണ്ട് നമ്മെ വിട്ടുപിരിഞ്ഞു പോവുകയാണ്. കിളികളുടെ കളകളാരവവും, കാട്ടരുവിയുടെ തഴുകിതലോടലുകളും ഹൃദയങ്ങളുടെ ഒത്തുചേരലുകളുമായി ജീവിതത്തിനു പുതിയ മോഹങ്ങളും സ്വപ്നങ്ങളും നൽകി വീണ്ടും പുതിയ വർഷം പിറക്കുന്നതിനു ആരംഭം കുറിക്കുകയാണ് പ്രകൃതി. ഈ വർഷത്തിൽ പല കാരണങ്ങൾ കൊണ്ടും നമ്മെ പിരിഞ്ഞു പോയവരുണ്ട്. പ്രമുഖവ്യക്തികൾ, രാഷ്ട്രീയ പ്രവർത്തകർ, അച്ഛനമ്മമാർ, സഹോദരി സഹോദരന്മാർ, പിഞ്ചുകുഞ്ഞുങ്ങൾ, കോഴിക്കോടിന്റെ സ്വന്തം ഹാസ്യസിനിമാനടൻ അഗസ്റ്റിൻ, പ്രശസ്ത ഹിന്ദി സിനിമാ നടൻ ദേവാനന്ദ് ഇങ്ങനെ പോകുന്നു വ്യക്തിപ്രഭാവ വിശിഷ്ട വ്യക്തിത്വങ്ങൾ. അവർക്കെല്ലാം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും 2014 എന്ന പുതുവത്സരം ശാന്തിയുടേയും സമാധാനത്തിന്റേയും ആയിത്തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും നമുക്ക് കൈകോർക്കാം. കൊഴിഞ്ഞുവീണ ഇന്നലെകളക്കുറിച്ചു ചിന്തിക്കാതെ ദുഃഖത്തിന്റെ കൈകളിൽ അകപ്പെടാതെ ജാതിയുടേയും മതത്തിന്റേയും പേരിൽ തമ്മിൽ തല്ലാതെ നന്മകൾ നിറഞ്ഞ നല്ല നാളേക്കായി കടന്നുവരുന്ന പുതുവത്സരത്തെ ആഹ്ലാദപൂർവ്വം നമുക്കെതിരേൽക്കാം.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

(മാനേജിംഗ് എഡിറ്റർ)



മുഖചിത്രം

ശ്രുതിഹാസൻ (ഫിലിം സ്റ്റാർ)

since : 2008

Nakshathra Rajyam

**(Monthly Magazine)**

2014 April12

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**

## എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം

2014 ഏപ്രിൽ 12 മുതൽ

മേയ് 11 വരെ)

# 2014 മേടം 1 വിഷു

2014 ഏപ്രിൽ 15ന് കേരളത്തിൽ വീണ്ടുമൊരു വിഷു ആഘോഷദിനം കൂടി സമാഗതമായിരിക്കുന്നു. സംസ്ഥാന ഭരണകൂടവും കേന്ദ്രഭരണകൂടവും കേരളത്തിലെ കേന്ദ്രമന്ത്രിമാരും പ്രതിപക്ഷവും 16–ാം പാർലിമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പുപ്രവർത്തനത്തിന്റേയും തുടർന്നുള്ള തെരഞ്ഞെടുപ്പ് വിജയ കണക്കുകൂട്ടലുകളുടേയും തിരക്കിൽതന്നെയാണ് ഇപ്പോഴും. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണ ജനങ്ങളാകട്ടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിലും.

ജനാധിപത്യ രാജ്യമായി ഒന്നാം സ്ഥാനത്ത് ലോകരാജ്യങ്ങൾ ആദരിക്കുന്ന ഭാരത ഭരണകൂടവും ഭാരതത്തിലെ പരമപ്രധാന സാക്ഷരരെ ഭരിക്കുന്ന കേരളസംസ്ഥാന ഭരണകൂടവും ജനങ്ങളുടെ ദുരിതത്തിന് നേരെ കണ്ണടച്ച് ഇരുട്ടാക്കുന്നതിനൊരുങ്ങാതെ പൊതുവിപണിയിൽ ജനങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും മറ്റും എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അമാന്തിച്ചുകൂടാ. സദ്യയുണ്ടും പുതുവസ്ത്രം ധരിച്ചും പടക്കം പൊട്ടിച്ചും വേണമെങ്കിൽ എല്ലാദിവസവും കയ്യിൽ പണമുള്ള കേരളീയർക്ക് വിഷു ആഘോഷിക്കാം. എന്നാൽ മേടം1 വിഷു വർഷത്തിലൊരിക്കലേ ആഘോഷിക്കാൻ സാധിക്കൂ എന്ന തിരിച്ചറിവ് ഭരിച്ചുകൊണ്ടിരിക്കുന്ന ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്നവർക്കുദിക്കണം. എന്നാൽ ജനങ്ങൾക്ക് യാതൊന്നും നൽകാതെ മനസ്സ് കല്ലാക്കിവച്ചവരാണ് ഭരണക്കാർ എന്ന് എഡിറ്റോറിയൽ വായിച്ച് ആരും വ്യഖ്യാനിക്കേണ്ടതായുമില്ല.

എന്തിനുമേതിനും സാധാരണ ജനങ്ങൾ പോലും പെരുന്നാളിനും വിഷുവിനും ഓണത്തിനും കൈനീട്ടം നൽകിയും മറ്റും കേരളത്തിൽ പരസ്പരം സഹായിക്കുന്നുണ്ടെന്ന തിരിച്ചറിവിൽ ഭരണകൂടം സാധ്യമായ നിത്യോപയോഗ സാധനങ്ങളും ഭക്ഷണ സാധനങ്ങളും ന്യായവിലക്ക് ജനങ്ങൾക്ക് ലഭിക്കാൻ വേണ്ടതായ നടപടികൾ സ്വീകരിക്കുവാൻ തല്പരരാവട്ടെ!

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**മാനേജിംഗ് എഡിറ്റർ**




**മുഖചിത്രം**

**കാജൽ അഗർവാൾ (ഫിലിം സ്റ്റാർ)**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2014 July 30

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**



Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in



LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**


# എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം
2014 ജൂലായ് 30 മുതൽ
ആഗസ്റ്റ് 29 വരെ)

## മലയാള സിനിമ പ്രേക്ഷകരുടെ ദുഃഖം

ഏതാ് മലയാള സിനിമ നിർമ്മാണം ആരംഭിച്ച കാലം മുതൽ എക്കാലത്തേയും ഹിറ്റ്മേക്കർ സംവിധായകനായ ശശികുമാർ അന്തരിച്ചു. മലയാള സിനിമാ പ്രേമികളുടെ മനസ്സിൽ ഞെട്ടലുാക്കുന്ന വാർത്തയാണ് ഈ കഴിഞ്ഞ ദിവസം പത്രങ്ങളിലൂടേയും ദൃശ്യമാധ്യമങ്ങളിലൂടെയും കുകൊിരുന്നത്. ഒരുപിടി ന്യൂ ജനറേഷൻ പ്രേമികളൊഴിച്ചുള്ള മിക്കതലമുറയിലെ ജനങ്ങളുടേയും മനസ്സിൽ ദുഃഖമുാക്കുന്ന വാർത്തതന്നെയായിരുന്നു മലയാള സിനിമ ഹിറ്റ് മേക്കർ ശശികുമാറിന്റെ അന്ത്യം. നിത്യഹരിത നായകൻ പ്രേംനസീറിനേയും മറ്റനേകം നടന്മാരേയും ജനങ്ങളുടെ മനസ്സിൽ ഉറപ്പിച്ചു പ്രതിഷഠിച്ച മിക്കസിനിമകളും അക്കാലങ്ങളിൽ വന്നുകൊിരുന്നത് പരേതനായ സംവിധയകൻ ശശികുമാറിന്റേയും എം. എസ്. പ്രൊഡക്ഷൻ കമ്പനിയുടേയും ബാനറിൽ തന്നെയായിരുന്നു. ആകാലഘട്ടങ്ങളിൽ എം.എസ്. പ്രൊഡക്ഷനും ശശികുമറും ചേർന്നാൽ അത് വൻ ഹിറ്റു സിനിമയാകുമെന്ന് സിനിമ പ്രേമികൾക്ക് അറിയാമായിരുന്നു. ജനങ്ങൾ ഇരച്ചു കയറുന്ന ഇത്തരം സിനിമകൾ മലയാളത്തിൽ കെ, എസ്. സേതുമാധവൻ സത്യൻ മഞ്ഞിലാസ് കൂട്ടുകെട്ടും പ്രിയദർശൻ മോഹൻലാൽ കൂട്ടുകെട്ടും മറ്റു ഏതാതും സംവിധായകരുടേയും നടന്മാരുടേയും പ്രൊഡക്ഷൻ കമ്പനികളുടേയും പേരിൽ ഉരുതിരിഞ്ഞിരുന്നെങ്കിലും ശശികുമാറിനെപ്പോലെ ജനകീയനായ ഒരു സംവിധായകനായി മറ്റാരും മലയാള സിനിമാ പ്രേമികളുടെ മനസ്സിൽ ഇന്നുവരെ ചലനം സൃഷ്ഠിച്ചിട്ടില്ല. "ശശികുമാറിന്റെ ബഹു ഭൂരിപക്ഷം സിനിമകളും കാണാത്ത മലയാളി മലയാളിയാണോ" എന്നു ചോദിക്കുന്ന ആരാധകരുടെ നാട്ടിൽ കോടിക്കണക്കിന് രൂപ ധൂർത്തടിച്ച് തിയേറ്ററുകളിൽ കേവലം മൂന്നോ നാലോ ദിവസം പ്രദർശിപ്പിക്കുന്ന സിനിമകൾ നിർമ്മിക്കുന്ന നിർമ്മാതാക്കൾ അദ്ദേഹത്തെപ്പോലെ വീട്ടിലിരുന്ന് വിശ്രമിക്കുന്ന സംവിധായകരെ വെച്ച് സിനിമ സംവിധാനം ചെയ്തിരുന്നെങ്കിൽ, തിയേറ്ററും ജനങ്ങളേയും വിട്ട് കരിയുടേയും മാറാലയുടേയും മറവിയുടേയും മണമുള്ള കരിപ്പിടിച്ചു മങ്ങിയ പാഴ് വിനോദ ദൃശ്യമാധ്യമമാവുകയില്ലായിരുന്നുവല്ലോ മലയാള സിനിമ എന്ന് പരിതപിക്കുന്ന സിനിമാ പ്രേമികളുടെ സങ്കടം പോലുമി






















ല്ലാത്ത നിർമ്മാതാക്കളെകൊു മലയാള സിനിമാ പ്രേക്ഷകർ ഇത്തരത്തിൽ പൊറുതി മുട്ടില്ലായിരുന്നു. വീട്ടിലിരുന്ന് സമാധാനത്തോടെ ജീവിക്കുന്ന മിക്കകുടുംബങ്ങളിലേയും സ്ത്രീകളേയും, കുട്ടികളേയും, ഒരു പിടി പുരുന്മാരേയും അമ്മായിയമ്മ പോരും നാത്തൂൻ പോരും അമ്മായിയമ്മയുടെ കൊട്ടേഷനും മരുമക ളുടെ കൊട്ടേഷനും നാത്തൂന്റെ കൊട്ടേഷനും മാത്രം കു ഇതാണ് കുടുംബം എന്നു കരുതുന്ന ബഹുഭൂ രിപക്ഷം കുടുംബം ഛിന്നഭിന്നമാക്കുന്നതിന് വഴിയൊരുക്കാൻ കാരണക്കാരായ ചാനൽ സംവിധായക രെകൊ് പുതിയതലമുറ കുടുംബങ്ങളും, എക്കാലങ്ങളിലേയും പുതിയ തലമുറ കുടുംബങ്ങളും പൊറു തിമുട്ടില്ലായിരുന്നുവെന്നും ഓർക്കുന്ന ജനങ്ങളുടെ മുതുകിൽ കൂനുപോലെ ഇന്ത്യ വിരുദ്ധ ശക്തികൾ സംഘടിച്ചില്ലായിരുന്നുവെങ്കിൽ ഇന്ത്യയിൽ ഒരുപിടി മൂലധന നിക്ഷേപകരേയും മൂലധന കോടീശ്വരൻമാ രേയും മാത്രം പ്രതിഷ്ഠിക്കുന്ന ജനവിരുദ്ധ രാഷ്ട്രീയ നയങ്ങളും രാഷ്ട്രീയ പാപ്പരത്തവും കൊ് ജനങ്ങ ളുടെ മനസ്സ് മരവിപ്പിക്കുന്നതിനും ഇന്ത്യയുടെ അഖണ്ഡത നശിപ്പിക്കുന്നതിനും ശ്രമിക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ട് ഇന്ത്യക്കാർ തമ്മിലുള്ള ഐക്യവും, കെട്ടുറപ്പും, സ്നേഹവും, വിശ്വാസവും ദേശപറ്റുള്ള ഇന്ത്യാ ക്കാരായ ദേശീയ നേതാക്കൾ നയിക്കുന്ന ദേശീയപർട്ടികളുടെ നയരൂപികരണങ്ങളിൽ സ്വാധീനിച്ച് നശി പ്പിച്ച് നാട്ടിൽ അരാജകത്വവും പരസ്പര വിദ്വേഷവും മാത്രം വളർത്തുന്ന രീതിയിൽ താൽക്കാലിക നേട്ടങ്ങ ളുാക്കുന്ന നേതാക്കളും പാർട്ടികളുമാണ് ഇന്ത്യയിലുള്ളതെന്ന് അവരെകുറിച്ചും ഇന്ത്യൻ ജനാധിപത്യ ത്തെക്കുറിച്ചും പഴി ചുമത്താൻ ഇന്ത്യയെക്കുറിച്ച് പരിഹാസം തുളുമ്പുന്ന ഇന്ത്യ വിരുദ്ധ വിചാരങ്ങൾ കൊു നടക്കുന്ന ശത്രുരാജ്യങ്ങൾക്ക് തെല്ലും ഇടം ഉാകുമായിരുന്നില്ല.

എന്നു പറഞ്ഞാൽ സിനിമയും, നാടകങ്ങളും, സാഹിത്യങ്ങളും, കവിതകളും, രാഷ്ട്രീയ നയ ങ്ങളും, രാഷ്ട്രീയ ആത്മാർത്ഥതയും തന്നെയാണ് ഒരുരാജ്യത്തേയും ഏതൊരു ദേശത്തേയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പുരോഗതിയ്ക്ക് കാരണദ്രതമായിക്കൊിരിക്കുന്നതെന്നവാസ്തവം അവാസ്തവമാകുകയി ല്ല. മറിച്ചുള്ളവ ഇന്ത്യാവിരുദ്ധ ശക്തികൾക്കു മാത്രമേ മുതൽക്കൂട്ടാവൂ എന്നും വ്യക്തം. “ആരാണ് നാടി നോടു കൂറുള്ള- ചെയ്യുന്ന തൊഴിലിനോട് കൂറുള്ള പരേതനായ ശശികുമാർ” എന്നു ചോദിച്ചാൽ അദ്ദേഹ ത്തിന്റെ ആത്മാവ് പ്രേക്ഷകരോട് മന്ത്രിക്കും “മകനേ നിനക്കുവേിയാണ് ഇന്ത്യാരാജ്യം” “ഇന്ത്യതന്നെ യാണ് നീ”

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**
**സമീററെഡ്ഡി (ഫിലിം സ്റ്റാർ)**
since : 2008
Nakshathra Rajyam
**(Monthly Magazine)**
2014 October 22
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.0**

# എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം
2014 ഒക്ടോബർ 22 മുതൽ
നവംബർ 21 വരെ)

## ജനങ്ങൾക്ക് ചിരിക്കാൻ
## കെ.എസ്.ആർ.ടി. കോർപ്പറേഷൻ വകയും തമാശകൾ

കുറ്റം പറയരുതല്ലോ! രണ്ടാന ചിഹ്നം നെഞ്ചത്തിലേറ്റി കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിക്കുന്ന കെ. എസ്. ആർ. ടി. സി കോഴിക്കോട് നഗരത്തിലുള്ള ജനങ്ങൾക്ക് പകൽ സമ യം യാത്രാസൗകര്യം ഒരുക്കാൻ "പാവങ്ങാട് " ബോർഡുംവെച്ച് നിത്യേന സർവ്വീസ് നടത്തി കോഴിക്കോട്ടുകാരെ ഹർഷപുളകിതാരാക്കുന്നുണ്ട്.

"കെ. എസ്. ആർ. ടി. സി വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മാണം നിലച്ചിട്ട് ഒന്നര വർഷം. അറ്റകുറ്റ പണികൾ തീർത്ത് ബ്രേക്ക് എടുക്കാൻ പോലും സാധിക്കാത്ത സാഹചര്യമാണ് കെ എസ്. ആർ. ടി. സിക്ക്. കോഴിക്കോട് മേഖല വർക്ക് ഷോപ്പിൽ വിവിധ ഡിപ്പോകളിലുള്ള 25 എൻജിനുകളും ഗിയർ ബോക്സുകളും റിപ്പയർ ചെയ്യാനാവാതെ കെട്ടികിടക്കുകയാണ്. ബോഡി നിർമ്മാണം നിലച്ചതോടെ വർക്കു ഷോപ്പുകളിലെ ദിവസകൂലികാർക്ക് മിക്ക ദിവസവും പണിയില്ലാതായി. കെ. എസ്. ആർ. ടി. സി. യിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നു. താൽക്കാലിക ജീവനക്കാരുടെ ശമ്പള വും വിരമിച്ചവരുടെ പെൻഷനും ജീവനക്കാരുടെ ശമ്പളവും നൽകാൻ കെ. എസ്. ആർ. ടി. സി വീണ്ടും കോടികൾ വായ്പയെടുക്കുന്നു". കെ. എസ്. ആർ. ടി. സി യെ കുറിച്ചുള്ള പത്രവാർത്തകളും ചാനൽ റിപ്പോർട്ടുകളും പെരുകികൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടും കേട്ടും കൊണ്ടിരിക്കുകയാണ് മലയാളികൾ. ഇത്തരത്തിലുള്ള അതി രൂക്ഷമായ ദാരിദ്ര്യത്തിനിടയിലാണ് സാധാരണ യാത്രക്കാരെ സേവിക്കാൻ കെ. എസ്. ആർ. ടി. സി "പാവങ്ങാട്ടേക്ക്" ട്രിപ്പ് തുടർന്നുകൊണ്ടിരിക്കുന്നത്. ഇതെല്ലാം കണ്ടും കേട്ടും കൊണ്ടിരിക്കുന്നവർക്കറിയാം "പാവങ്ങാട്ട്"കാർക്ക് യാത്രചെയ്യാൻ പ്രൈവറ്റു ബസുകൾ കുറച്ചൊന്നുമല്ല സർവ്വീസ് നടത്തികൊണ്ടിരിക്കുന്നത്. അത്തോളി ഭാഗത്തേക്കും കണ്ണൂരിലേക്കും വടകര, തലശ്ശേരി, കുറ്റ്യാടി, എലത്തൂർ(സിറ്റി സ ർവ്വീസ്), കുണ്ടുപറമ്പ്(സിറ്റി സർവ്വീസ്) ഇങ്ങനെ പോകുന്നു "പാവങ്ങാട്ട് " യാത്രാക്കാരുടെ യാത്രാസുഖ സൗകര്യങ്ങൾ. ഇതിനിടയിലാണ് "പാവങ്ങാട്ടേക്കും കിടക്കട്ടെ കെ. എസ്. ആർ. ടി. സി ബസ്സ് ഒന്ന്"






എന്നമട്ടിൽ കെ. എസ്. ആർ. ടി. സി കോർപ്പറേഷന്റെ പൊതുസേവനം. ജനങ്ങൾക്ക് ഊറിചിരിക്കാൻ വകയുള്ള തമാശകളിൽ മികച്ച ഒന്ന്. വെറുതെയാണോ ഉപ്പുതേച്ച കലംപോലെയാകുന്നതെന്ന് അതിൽ സുഖിച്ചു യാത്രചെയ്യുന്ന യാത്രക്കാരൻ പോലും ചോ ദിച്ചു പോകുന്ന മേൽത്തരം ജനസേവനം. സാമ്പത്തിക നഷ്ടം സഹിക്കുന്ന പൊതുജന സമൂഹത്തിന് ആരെകുറ്റപ്പെടുത്തണമെന്നറിയില്ലപോലും പ്രതികരിക്കാൻ. പ്രതികരണം കെ. എസ് ആർ. ടി. സി മാ നേജ്മെന്റിനോട് വേണോ-? അതോ അതിൽ ജോലി ചെയ്യുന്ന ജീവനക്കാരോട് വേണോ-? യാത്രാക്കാരും മലയാളികളും നട്ടം തിരിയുകയാണെന്നാണ് പറഞ്ഞു വരുന്നത്. ഫാക്ടറിയായാലും വ്യവസാ യസംരംഭശാലയായാലും മോഡറൈസേഷനിലൂടെ ആ സംരംഭത്തെ വളർത്തി വലുതാക്കിയതായി കേ ട്ടറിവും നാട്ടറിവും നാട്ടുകാർക്കുണ്ട്. എന്നാൽ കെ. എസ്. ആർ. ടി.സി യെകുറിച്ച് ഇത്രയും കാലം അ ങ്ങനെയൊരു കേട്ടറിവോ നാട്ടറിവോ മലയാളിജനങ്ങൾക്കില്ലാതായിരിക്കുന്നു.

കെ.എസ്. ആർ. ടി. സി യെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗം അങ്ങ് ആകാശത്തിലിരിക്കുന്ന ഈശ്വരസന്നിദ്ധിയിൽനിന്ന് മുളച്ചു വരുവാനും പൊട്ടി വീഴുവാനും കാത്തിരിക്കുകയാണ് മാനേജ്മെന്റും സർക്കാറും. മൂക്കുകുത്തി മൃതപ്രായനായി കട്ടപ്പുറത്തിരിക്കുന്ന കെ. എസ്. ആർ. ടി. സി അങ്ങിനെയൊരു അദൃശ്യകരത്തിൽ കൂടി കരകയറി രക്ഷപ്പെടുമോ-? ഇല്ല എന്നുള്ളത് നൂറു തരം. കെ. എസ്. ആർ. ടി. സി കോർപ്പറേഷൻ ആദ്യമായി കുറഞ്ഞ സർവ്വീസുള്ള പുരുഷ ഡ്രൈവർമാരേയും കണ്ടക്ടർ മാരേയും ഉച്ചക്ക് ശേഷം രാത്രി പന്ത്രണ്ടു മണിവരെ രണ്ടു ഷിഫ്റ്റിൽ മാറ്റി ബസ്സ് സർവ്വീസ് ഓപ്പറേറ്റു ചെയ്യുകയാണ് നല്ലത്. സാധാരണ ദിവസങ്ങളിൽ പോലും രാത്രി 8.30 മണിക്കു ശേഷം യാത്രാദുരിതം അനുഭവിക്കന്ന മലയോരഗ്രാമങ്ങളിലേക്കും തൃശൂർ ജില്ലയിലെ കാട്ടൂർപോലേയും കോഴിക്കോട് ജില്ലയിലെ മെഡിക്കൽകോളേജ് വഴി പോകുന്നബസ്സ് റൂട്ടും (മെഡിക്കൽകോളേജ് റൂട്ടിൽ രാത്രി 9.30 ന് ശേഷം വിരലിലെണ്ണാവുന്ന ചില ബസ്സുകൾ 10.20 വരെ ഓടുന്നത് ഒഴിച്ചാൽ-ശ്രമിച്ചാൽ വേണമെങ്കിൽ ജനങ്ങളുടെ യാത്രാദുരിതവും കമ്പോള നിലവാരവും കെ. എസ്. ആർ.ടി. സി യ്ക്ക് നേരിട്ടു പഠിക്കാം കൂടെ കാറോ ഒരു ടൂ വീലർ വാഹനമോ പോലും ഇല്ലാത്തവരുടെ യാത്രാ ക്ലേശവും ഒന്നു അനുഭവിച്ചറിയാം. ഋഷിരാജ് സിംഗിനെ പോലുള്ള കെ. എസ്. ആർ. ടി. സി മുൻ ഉദ്ദോഗസ്ഥരെ ഒന്നു മാതൃകയാക്കിയിരുന്നെങ്കിൽ- രണ്ടു നാൾ കൊണ്ട് ഒരുത്തരെ ദൈവങ്ങൾ തണ്ടിൽ ഏറ്റാത്തവരായ ഒരുജനത 18 ആയിരത്തി 500 നാളുകളിൽ ഇന്നും അവർ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഇവരുടെ ജീവിതാനുഭവ യാഥാർത്ഥ്യങ്ങളെകുറിച്ചും മാളിക മുകളിൽനിന്ന് വീണ് മാറാപ്പെടുക്കാതിരിക്കുന്നതിനേയും കുറിച്ചും എഡിറ്റോറിയലിലെ ആന്തരികമായ ഗുണപാഠത്തെ കുറിച്ചും ഒരുപഠനവും ആകും. വല്ലഭന് പുല്ലും ആയുധം.) പോലെയുള്ള പ്രദേശങ്ങളിലേക്ക് ബസ്സ് സർവ്വീസ് നടത്തിയാൽ തന്നെ കെ. എസ്. ആർ. ടി. സി ഒരുവിധം കരപറ്റും. “എന്തു കൊണ്ട് ഓരോ ജില്ലയിലേയും ഒന്നോ രണ്ടോ റൂട്ടുകൾ കെ.എസ്. ആർ. ടി. സി. യ്ക്ക് ദേശസാൽക്കരിച്ചു കെ. എസ്. ആർ. ടി. സി സർവ്വീസിലൂടെ ജനങ്ങളുടെ യാത്രാദുരിതം പരിഹരിച്ചു കൂടാ”. എല്ലാവർക്കും അറിയാവുന്ന വേറെയും പല പരിഹാരമാ ർഗ്ഗങ്ങളുണ്ട് മാനേജ്മെന്റിന് കഴിവുണ്ടെങ്കിൽ കെ. എസ്. ആർ. ടി. സി യെ രക്ഷപ്പെടുത്തുവാൻ. അതല്ലാതെ മന്ത്രിയും, മാനേജിംഗ് ഡയരക്ടറും, സർക്കാറും പ്രസ്താവന കരച്ചിൽ നടത്തിയാൽ തീരുന്നതാണോ രാജ്യത്ത് തന്നെ മുൻകാലങ്ങളിൽ ജനസേവനത്തിന് മാതൃകയായി പ്രവർത്തിച്ചുകൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി കോർപ്പറേഷനിലെ തലപ്പത്തിരിക്കുന്നവരിൽ നിന്നും, തങ്ങൾ നേരിട്ടുള്ള സർക്കാർ ഉദ്ദ്യോഗസ്ഥ ജീവിയായി സ്വയം പ്രഖ്യാപിച്ച് ആത്മാർത്ഥതയില്ലാതായി കൃത്യനിർവ്വഹണം ചെയ്യുന്നവരിൽനിന്നും ഉൽഭവിച്ച കെടുകാര്യസ്ഥത പ്രസ്നങ്ങൾ. പൂട്ടും പൂട്ടുമെന്ന പ്രസ്താവനയ്ക്കു പകരം ധീരമായ പുനരുദ്ധാരണ(നിർമ്മാണ) കർമ്മ ശേഷിയാണ് ഇക്കാലയളവിൽ കെ. എസ്. ആർ. സി കോർപ്പറേഷനും സർക്കാറിനും വേണ്ടിയിരുന്നത്. ആദരണീയ പ്രവർത്തി ചെയ്യുന്നവരെയാണ് ആദരിക്കുകയെന്ന് ഓർക്കുന്നത് ഏതുമുന്നണിയിലുള്ളവർക്കും നല്ലത്.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
നയൻതാര (ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2015 January 06
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.0**

## എഡിറ്റോറിയൽ



(നക്ഷത്രരാജ്യം ലക്കം
2015 ജനുവരി 06 മുതൽ
ഫെബ്രുവരി 05 വരം)

## മോന്തായം ദഹിക്കുന്ന വയനാടും അട്ടപ്പാടിയം

കേരളത്തിൽ അട്ടപ്പാടിയിലും വയനാട്ടിലും മറ്റു മലയോരഗ്രാമങ്ങളിലും ശിശുമരണങ്ങളും, പോഷകാംശ കുറവു മൂലമുള്ള അരിവാൾ രോഗവും മാരകമായ മറ്റു രോഗങ്ങളും വർദ്ധിച്ചു വരികയാണ്. ഗിരിവർഗ്ഗക്കാരെ ചൂഷണം ചെയ്ത് ജീവിതം സമ്പൽ സമൃദ്ധിയിലാക്കുന്ന ഒരു വിഭാഗം പ്രാദേശിക സാമൂഹിക പ്രവർത്തകരുടേയും, തൻപ്രമാണിത്വം കൊണ്ടു നടക്കുന്ന ജനങ്ങളുടേയും കൊടും ക്രൂരതമൂലം നരകിക്കുന്ന കേരളത്തിലെ ഗിരിജനങ്ങൾക്ക് ആത്മാർത്ഥതയിൽ പൊതിഞ്ഞ സാന്ത്വനം കേരളത്തിലെ രാഷ്ട്രീയ പാർട്ടികളിൽനിന്ന് കിട്ടുന്നില്ല എന്നത് പരസ്യമായ ഒരു വാസ്തവമാണ്. ഗിരിജനങ്ങളെ പ്രലോഭിപ്പിച്ചും ചതിച്ചും ഭൂമി തട്ടിയെടുക്കുന്ന ഒരു ശ്രംഗലതന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗിരിവർഗ്ഗക്കാരെ മലയിറക്കി കാടു വെട്ടിതെളിയിക്കലും മൃഗവേട്ടയും ആനകൊമ്പുപോലുള്ള വിലപിടിച്ച വസ്തുക്കളുടെ ശേഖരണവുമാണ് ഇത്തരക്കാരുടെ ലക്ഷ്യം എന്ന് സാധാരണജനവിഭാഗങ്ങൾക്കുപോലുമറിയുമെങ്കിലും പ്രതികരണമില്ല. എന്നാൽ ഇത്തരക്കാരെ കണ്ടില്ലെന്നു നടിക്കാൻ കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തക പൊതുസമൂഹത്തിനാകുന്നില്ല എന്നതാണ് അവരുടെ സമരങ്ങളിൽ നിന്നും മനസ്സിലാകുന്നത്.

മുൻ കാലങ്ങളിൽ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ നക്സലിസം വേരോട്ടം നടത്തുന്ന രീതിയിൽ പ്രവർത്തിച്ചിരുന്ന വർഗ്ഗീസിനേയും രാവുണ്ണിയേയും പോലുള്ള ഗിരിവർഗ്ഗ സ്നേഹികളായ നക്സലൈറ്റുകൾ ദിശയറിയാതെ രാഷ്ട്രീയ വനവാസത്തിലാണ്. പുതിയ തലമുറക്ക് നക്സലിസം എന്തിനുവേണ്ടിയാണ് ഉടലെടുത്തതെന്നോ, പൊതുപ്രവർത്തകരുടെ ത്യാഗശീലമോ, ആദർശമോ, എന്തെല്ലാം ത്യാഗങ്ങൾ സഹിച്ച് പ്രവർത്തിച്ചാണ് പഴയതലമുറ ഇന്ത്യയിൽരാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തതെന്നോ വായിച്ചറിവിൽകൂടി മാത്രം കേട്ടുകേൾവിയേയുള്ളു. ദിശയറിയാതെ പിൻവാങ്ങിയ പഴയതലമുറയിലെ നക്സലൈറ്റുകൾ ആരും തോക്കിൻകുഴലിലൂടെ വിപ്ളവം എന്ന ആശയം വെച്ചുപുലർത്തുന്നില്ല കേരളത്തിൽ. പിന്നെ എത്തരക്കാരാണ് ഗിരി






അട്ടപ്പാടിഗിരിവർഗ്ഗക്കാർ






വയനാടൻ ഗിരിവർഗ്ഗക്കാർ

പ്രദേശങ്ങളിലെ പോലീസ്സ്റ്റേഷനുകളും, കാടും,വാഹനങ്ങളും ചുട്ടുകരിക്കുന്നതെന്ന് മാവോയിസ്റ്റ് വേട്ടയുടെ പേരിൽ മലയോര ഗ്രാമങ്ങളിൽ വേട്ടക്കിറങ്ങിയ പോലീസുദ്യോഗസ്ഥർ ചിന്തിക്കേണ്ടിയിരിക്കുന്നു. മാവോയിസത്തിന്റെ പേരിൽ 60– 60 നു മുകളിലും വയസ്സുള്ള മുതിർന്നപൗരൻമാരെ കസ്റ്റഡിയിലെടുത്ത് ദൃശ്യമാധ്യമങ്ങളിൽകൂടിയും പത്രങ്ങളിലൂടേയും വാർത്തകൾ കൊടുത്തുകൊണ്ടിരുന്നാൽ ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാനം കാത്തുസംരക്ഷിക്കുന്ന പോലിസിന്റെ ഇമേജ് എന്താകുമെന്ന് ആരും പറയേണ്ടതില്ലല്ലോ. കേരളത്തിലെ മാവോയിസത്തെക്കുറിച്ചും മാ വോസിസ്റ്റുകൾ നടത്തുന്നതായി പറയപ്പെടുന്ന ആക്രമണ പരമ്പരകളും നിഷ്പക്ഷമായി ജനസേവനതൽപരനും സത്യസന്ധനുമായഒരു പോലീസ് ഓഫിസറുടെ കീഴിൽ ഒരുസംഘം ആത്മാർത്ഥതയുള്ള പോലീസുകാരുടെ അന്വേഷണപരിധിയിൽകൊണ്ടുവരണമെന്നാണ് കേരളത്തിലെ സമാധാന പ്രിയരായ ജനങ്ങളുടെ ആവശ്യമെന്നു സൂചിപ്പിക്കട്ടെ! (തടിമിടുക്കുകൊണ്ടും ആധുധബലത്തിലും നേടാൻ സാധിക്കാത്ത വിജയം ഈശ്വരകൃപയാൽ സാധിക്കും എന്നു വിശ്വസിക്കുകയും ഇത് യാഥാർത്ഥമാവുന്നതിന് കഠിനമായി പോരാടുകയും ചെയ്യുന്ന) ഗിരിവർഗ്ഗക്കാരുടേയും സാധാരണ ജനവിഭാഗങ്ങളുടേയും ജീവിത പ്രാരാബ്ധങ്ങൾ പരിഹരിക്കുകതന്നെയാണ് ഇതിനൊരു പോംവഴി എന്നു കൂടി സർക്കാറിനോടും അവരുടെ നിയന്ത്രണതത്തിൽ മാവോയിസ്റ്റ് വേട്ടക്കിറങ്ങിയ പോലീസുകാരോടും സൂചിപ്പിക്കട്ടെ!


**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**



മുഖചിത്രം
ലക്ഷ്മിഗോപാലസ്വാമി (ഫിലിം സ്റ്റാർ)


since : 2008
Nakshathra Rajyam
**(Monthly Magazine)**
2015 June 25
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.0**


എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം 2015 ജൂൺ 25 മുതൽ ജൂലായ് 24 വരെ)**

# കോഴിക്കോട്-പുതിയപാലം പാലം നിർമ്മാണ പദ്ധതി ഇനിയെത്ര കാലം? കാത്തിരിക്കണം

1975–78കളിൽ സ്ക്കൂൾ വിദ്യാർത്ഥികളായി രുന്നവരുടേയും അന്ന് ജീവിച്ചിരുന്ന പൊതുജനങ്ങ ളുടേയും മനസ്സിലൊരു പുതിയപാലം ഉണ്ട്. മരം കൊണ്ടുണ്ടാക്കിയ പാലം. "പുതിയപാലം എന്നതാണ് പാലത്തിന് പേരെങ്കിലും" പുതിയപാലം ഏത് കാലത്ത് പുതിയതായി എന്നോ, പാലം പുതിയത് ഏതെങ്കിലും വർഷം പണിതതുകൊണ്ടാണോ പുതിയപാലം പ്രദേശ ത്തിന് പുതിയപാലം എന്നു പേരു വീണത് എന്നോ അക്കാലങ്ങളിൽ ആരെങ്കിലും പറയാ റുണ്ടോ എന്നത് കേട്ടു കേൾവിയില്ല. ഏതായാലും വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദ പുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്നിവർക്ക് കോഴിക്കോട് പാളയവുമായി കുറഞ്ഞദൂരത്തിലും സമയലാഭത്തിലും എത്താനുള്ള മാർഗ്ഗത്തിനു വഴി മുടക്കി പുതിയപാലം നിൽക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായി. എത്രയും വേഗം പാലം പണി യാനുള്ള ആത്മാർത്ഥതയെ കുറിച്ചും പ്രദേശത്തു കാരുടെ മനസ്സിൽ ആശങ്കയുണ്ടാകാൻ കുറച്ചു കാലമായി തുടങ്ങിയിട്ട്. എപ്പോഴെങ്കിലും മാത്രം ജീവൻ വെക്കുന്ന പദ്ധതി. ഇപ്പോൾ മാസങ്ങളായി തികച്ചും നിർജ്ജീവം.

1975– 78 കാലമോ മറ്റോ മരപാലം സിമന്റ് പാലമായി കെട്ടിയുയർത്തുന്ന സമയത്ത്തന്നെ പാലം വീതി പോരെന്നും പറഞ്ഞ് പാലം നിർമ്മാ ണത്തിനെതിരെ കൊമ്മേരിയിലെ ചില കെ. എസ്. വൈ. എഫ്. പ്രവർത്തകർ പോക്കോലത്ത് രാമദാ സിന്റെ നേതൃത്വത്തിൽ സമരത്തിറങ്ങാനുള്ള തീരു മാനം ഉറപ്പിച്ചു. സമരം നടത്തിയാലുണ്ടാകുന്ന ഭവി ഷത്തുകകളേയും ഭീഷണികളേയും കുറിച്ച് കൊമ്മേരിയിലെ സി. പി. എം. പാർട്ടി പ്രാദേശിക നോതാവ് വി. എം. അപ്പുട്ടിയെപോലുള്ള മുതിർന്ന ആരാദ്ധ്യനായ പ്രാദേശിക നേതാവിന്റെ വിവര ണവും ഉപദേശവും മാനിച്ചാണ് അന്ന് ഗതാഗത



## പുതിയപാലം



## പുതിയപാലം

യോഗ്യമല്ലാത്ത പാലം നിർമ്മാണത്തിനെതിരെയുള്ള സമരം തുടങ്ങാതെ നിർത്തിവെച്ചത്. ഇങ്ങനെയൊരു പാലമാണ് കോഴിക്കോട്ട് പുതിയപാലമായി നിൽക്കുന്നതെന്ന രഹസ്യം സംസ്ഥാന സർക്കാർ അധികൃതരും കോഴിക്കോട് കോർപ്പറേഷൻ അധികൃതരും മനസ്സിലാക്കണം. അതെല്ലാം വളരെ പഴകിപ്പോയ യാഥാർത്ഥ്യം. ഇക്കാലത്ത് അതുപോലുള്ള നിർമ്മാണ പ്രവർത്തകരായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് ഏതു നാട്ടിലും പ്രസക്തിയുണ്ടാകാറില്ല എന്നതും വസ്തുതപരമായ യാഥാർത്ഥ്യം.

ദിനവും ആയിരകണക്കിന് ടൂ വീലറുകൾ സദാസമയവും രണ്ടു ദിശകളിൽ നിന്നും വന്നു കൊണ്ടിരിക്കുന്ന ഇടുങ്ങിയ പുതിയപാലം എല്ലായ്പ്പോഴുംതന്നെ ഇരുചക്ര വാഹനമോടിക്കന്നവർ തമ്മിലുള്ള പോർവിളികളും ചീത്തവിളികളുംകൊണ്ട് മുഖരിതമാണ്. അതിനിടയിൽ പാലത്തിനു മുകളിൽ നടന്നുപോകുന്നവർ രണ്ടു ദിശയിൽനിന്നും വരുന്ന ഇരുചക്ര വാഹനങ്ങളുടെ ഇടയിൻപ്പെട്ടുപോവാതിരിക്കാൻ തിരിഞ്ഞുനോക്കിയും മുന്നോട്ടുനോക്കിയും സ്വന്തം ജീവനും കൊണ്ട് ഓടുകയാണ്. ഇത്തരം സഹതാപകരമായ രംഗത്തിന് ഇക്കാലമത്രയും പാലംതന്നെ സാക്ഷി. പുതുക്കി പണിയൽ പദ്ധതി തയ്യാറാക്കിയ പുതിയപാലം എത്രയും പെട്ടെന്ന് നിർമ്മാണം തുടങ്ങുകയും പൂർത്തികരിക്കുകയും ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദപുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്ന് സംസ്ഥാന മന്ത്രിമാരേയും, എം എൽ. എ. മാരേയും, വകുപ്പു ഉദ്യോഗസ്ഥരേയും കോഴിക്കോട് കോർപ്പറേഷനേയും ഇപ്രകാരം അറിയിക്കട്ടെ.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
(മാനേജിംഗ് എഡിറ്റർ)



മുഖചിത്രം

പത്മപ്രിയ (ഫിലിം സ്റ്റാർ)


since : 2008

Nakshathra Rajyam

**(Monthly Magazine)**

2015 Agust 25

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

**email:nakshathrarajyam@gmail.com**

**WEB:**

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**


## എഡിറ്റോറിയൽ

**(നക്ഷത്രരാജ്യം ലക്കം**
**2015 ആഗസ്റ്റ് 25 മുതൽ**
**സെപ്റ്റംബർ 24 വരെ)**



# ഓണം

മഹാബലി ചക്രവർത്തിയുടെ ഭൂമിയിലെ ഭരണവും, പ്രജകളുടെ സമ്പദ്സമൃദ്ധിയും, കള്ളവും ചതിയുമില്ലാത്ത ജീവിതവും, രാജഭരണത്തിലെ ജനക്ഷേമപ്രവർത്തനവും കണ്ട് ഭൂമിയും ദേവലോകത്തെപ്പോലെ സ്വർഗ്ഗമാകുമെന്നുഭയപ്പെട്ട് അസൂയാലുവാകുകയും – സ്വന്തം പദവികളും സ്ഥാനമാനങ്ങളും നഷ്ടപ്പെടുമെന്ന് വിശ്വസിക്കുകയും ചെയ്ത ദേവന്മാരുടെ പരാതിയിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട മഹാവിഷ്ണു ഭൂമിയിൽ വാമനനായി അവതരിച്ചു. മഹാബലിയെ പാതാളത്തിലേക്ക് അയക്കുവാനുള്ള വാമനന്റെ തന്ത്രപരമായ സമീപനത്തിൽ ഈരേഴ്പതിനാലുലകവും വാമനൻ തന്റെ കാൽക്കടിയിലാക്കി. മഹാവിഷ്ണുവാണു തന്റെ മുന്നിൽ നിൽക്കുന്നതെന്നും തന്റെ ചക്രവർത്തി പദവി സ്ഥാനത്യാഗമാണ് മഹാവിഷ്ണു ആഗ്രഹിക്കുന്നതെന്നും മനസ്സിലാക്കിയും ആ ചക്രവർത്തി മഹാവിഷ്ണുവിന്റെ അവതാരമായ വാമനന്റെ മുന്നിൽ ശിരസ്സുകുനിച്ചു. വാമനൻ തന്റെ മൂന്നാമത്തെ കാലടി മഹാബലിയുടെ തലയിൽവെച്ച് ആ ജനക്ഷേമ പ്രജാപതിയായ ഭൂമിയിലെ ചക്രവർത്തിയെ പാതാളത്തിലേക്ക് അയച്ചു. ഹിന്ദു ദൈവസങ്കൽപ്പങ്ങളിൽ തൃമൂർത്തികളിൽ ഒരാളായ മഹാവിഷ്ണുവിനെ പ്രജാക്ഷേമ വിരുദ്ധനായി തെറ്റിദ്ധരിപ്പിക്കുന്ന വിധമാണ് മലയാളിയുടെ ഓണസങ്കല്പമെങ്കിലും ഓണക്കാലത്ത് പണ്ടുള്ള സമയങ്ങളിൽ സമ്പദ്സമൃദ്ധിയും ആഹ്ളാദവും കളിയാടിയിരുന്നു. ഇന്നു മലയാളിക്ക് ജീവിതംനയിക്കാനുള്ള ധനസമ്പത്തിനെക്കുറിച്ചുള്ള (അപര്യാപ്തതയെക്കുറിച്ചുള്ള) വേവലാതിയേക്കാൾ നാട്ടിലെ ആക്രമപ്രവർത്തികളെക്കുറിച്ചുള്ള വേവലാതിയാണ് തെളിഞ്ഞു നിൽക്കുന്നതെന്നു വ്യക്തമായും ഭരണാധികാരികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിയമങ്ങൾപോലും വിവാദമാകുന്ന ഈ കാലയളവിൽ ഭരണകർത്താക്കളെ ധരിപ്പിക്കട്ടെ! മുൻകൂട്ടി പ്ലാൻചെയ്ത് പരസ്പരം കൊല്ലും കൊലയും ചെയ്യുന്നത് പരിഷ്കൃത സമൂഹത്തിൽനിന്ന് തൂത്തെറിയേണ്ടതാണ് ഭരണകർത്താക്കളുടെ കർത്തവ്യമെന്നും ധനസ്ഥിതി അഷ്ടിക്ക് പര്യാപ്തമല്ലെങ്കിലുംസമാധാനത്തോടെയുള്ള ജീവിതംകാംക്ഷിക്കുന്ന സാധാരണജനങ്ങൾക്ക് ജീവിക്കാനും സഞ്ചരിക്കാനും ഉള്ള അവസരം സംരക്ഷിക്കണമെന്നും ആശങ്കയോടെ ഇന്ത്യൻ പൗരനായ ഒരുപാമരൻപോലും ഭരണകൂടങ്ങളെ പ്രാർത്ഥിക്കുന്നു. പാവം നിഷ്കളങ്കരായ,കൊലവെറിയില്ലാത്ത, കള്ളവും ചതിയുമില്ലാത്ത, മോഷണവും പിടിച്ചുപറയുമില്ലാത്ത, കരിഞ്ചന്തയും പൂഴ്ത്തിവെപ്പുമില്ലാത്ത, മതാന്ധത തീണ്ടാത്ത സാധാരണജനങ്ങളാണ് ബഹുഭൂരിപക്ഷവും ഭാരതത്തിൽ വിശിഷ്യ കേരളത്തിലും ജീവിക്കുന്നതും അന്തിയുറങ്ങുന്നതും.അവരുടെ സ്വതന്ത്രജീവിതത്തിനു താങ്ങംതണലുമാകട്ടെ ഭരണകൂടം.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
(മാനേജിംഗ് എഡിറ്റർ)




**മുഖചിത്രം**
**സാമന്ത (ഫിലിം സ്റ്റാർ)**

since : 2008
Nakshathra Rajyam
**(Monthly Magazine)**
2015 December 10
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
**NakshthrarajyamE.Radhakrishnan**
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
**email:nakshathrarajyam@gmail.com**
**WEB:**
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.0**

## എഡിറ്റോറിയൽ



**(നക്ഷത്രരാജ്യം ലക്കം**
**2015 ഡിസംബർ 10**
**മുതൽ 2016 ജനുവരി 09 വരെ)**

## സംസ്ഥാനത്ത് പുലരണം
## കർഷകന് സമ്പദ് സമൃദ്ധി കാലം

40% കാർഷികരാജ്യമായ ഭാരതത്തിൽ അർഹമായ വേതനം മനുഷ്യശക്തിക്കു ലഭിക്കുന്ന അപൂർവ്വം സംസ്ഥാനങ്ങളിൽ സാമ്പത്തികമായി മുന്നേറ്റം ഉണ്ടായ ഒരു സംസ്ഥാനമാണ് ഭാരതത്തിന്റെ ഭൂപടത്തിൽ തെക്കേ അറ്റത്ത് ഇടം പിടിച്ച ചെറിയ സംസ്ഥാനമായ കേരളം. എന്നാലും സംസ്ഥാനത്ത് കാർഷിക മേഖലയിൽ കർഷക ആത്മഹത്യ നിരക്ക് വൻ തോതിൽ കൂടുന്നു. കർഷക ആത്മഹത്യയുടെ തോത് വർദ്ധിക്കാൻ കാരണമെന്ത്? കാരണം കണ്ടെത്താനുള്ള ബാദ്ധ്യത നിറവേറ്റേണ്ട ഭരണകൂടങ്ങളുടെ അനാസ്ഥ കേരളത്തിൽ മാത്രമല്ല ഭാരതത്തിലാകെ കാർഷിക മേഖലയിൽ നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. അവസാനിക്കണം കാർഷിക മേഖലയിലെ ഭരണകൂടങ്ങളുടെ ഇത്തരം കെടുകാര്യസ്ഥത പ്രവണതകൾ. ഭാരതത്തിലെ ജനങ്ങളുടെ ഭക്ഷണാവശ്യത്തിനും തന്റേയും കടുംബത്തിന്റേയും ഭക്ഷണാവശ്യത്തിനും നിത്യവൃത്തിക്കും ചേർത്ത് വിയർപ്പൊഴുക്കുന്ന കർഷകരെ അവഗണിച്ചതിന്റെ പേരിൽ കാർഷിക മേഖലയിൽ ഇനിയൊരു കർഷക ആത്മഹത്യ രാജ്യത്ത് ഇനി ഉണ്ടായിക്കൂടാ. വിശിഷ്യ ചെറിയ സംസ്ഥാനമായ കേരളത്തിൽ.

കേരളത്തിലെ നെൽകൃഷിക്കാരെ സംരക്ഷിക്കുക. പച്ചക്കറി കൃഷിചെയ്യുന്ന കൃഷിക്കാർക്ക് അവർ വിളയിച്ച പച്ചക്കറികൾ വിൽക്കാൻ വേണ്ടതായ സ്റ്റാൾ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. ഇടത്തട്ടുകാരേയും കേരളത്തിൽ കൃഷി നാശം സംഭവിച്ചാൽ അത് സുവർണ്ണാവസരമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് വിളവുകൾ ഇറക്കുമതി ചെയ്യുന്നതിനു ദല്ലാൾമാരായി വിളവുകൾ വിൽക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും–ബിനാമിയായി പ്രവർത്തിക്കുകയും – തിന്നുന്ന ചോറിനോടും ജനിച്ച നാടിനോടും ജോലിയിലിരിക്കുന്ന സംസ്ഥാനത്തിനോടും കൂറില്ലാത്ത ഉദ്യോഗസ്ഥരേയും – അവരെ വലയിൽ നിർത്തി കമ്മീ










ഷൻ പറ്റാൻ കരുക്കൾ നീക്കുന്ന ജനവഞ്ചകരേയും ഭരണകൂടങ്ങളുടെ ഇടനാഴിയിൽനിന്ന് പുറത്താക്കി ശുദ്ധികലശം ചെയ്യാൻ നയങ്ങളും പരിപാടികളും തയ്യാറാക്കുന്ന ആത്മാർത്ഥതയുള്ള ഭരണകൂടങ്ങൾ സ്ഥാപിക്കാൻ മുൻകൈയ്യെടുക്കുന്ന സംസ്ഥാന/ദേശീയ രാഷ്ട്രീയ പാർട്ടികളുടെ ഭരണകൂടം സ്ഥാപിക്കുക. പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഭാരതത്തിൽ വിശിഷ്യ കേരള സംസ്ഥാനത്ത് കൃഷിയിടങ്ങൾ സംരക്ഷിക്കുക. ശുദ്ധവായുവും വെളിച്ചവും വീടും ഭക്ഷണവും മനുഷ്യന് അത്യന്താപേക്ഷിതമാണ്. അതിനെ കൈപ്പിടിയിലൊതുക്കി സാധാരണ ജനവിഭാഗങ്ങളെ നിയന്ത്രിക്കാൻ കച്ചക്കെട്ടിയിറങ്ങിയ ചൂഷകരെ ചുമലിൽ ചുമക്കുന്നവരെ തിരിച്ചറിയുക. വിനിയോഗിക്കുന്ന വോട്ടവകാശത്തിൽക്കൂടി സ്വന്തം അസ്ഥിത്വത്തിനും പുരോഗതിയിലേക്കുള്ള കാൽവെപ്പിനും പരവതാനിവിരിക്കുന്ന നിയമനിർമ്മാണ സഭകളെ വോട്ടവകാശത്തിൽക്കൂടി സ്ഥാപിക്കുക. അതായിരിക്കട്ടെ രാജ്യത്തെ ഓരോപൗരന്റേയും വോട്ടവകാശം രേഖപ്പെടുത്തൽ പ്രക്രിയ. വീണ്ടുമൊരു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണ്. ജനങ്ങളുടെ സർക്കാറാകട്ടെ കേരളത്തിൽ ഭരണം നടത്തുന്നത്. അതിനായി വോട്ടവകാശം വിനിയോഗിക്കുക.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**

നക്ഷത്രരാജ്യം അവാർഡ് സമർപ്പണം 2015

since : 2008

Nakshathra Rajyam

**(Monthly Magazine)**

2016 March 10

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

**email:nakshathrarajyam@gmail.com**

**WEB:**

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**

## എഡിറ്റോറിയൽ

**(നക്ഷത്രരാജ്യം ലക്കം**
**2016 മാർച്ച് 10 മുതൽ**
**ഏപ്രിൽ 09 വരെ)**



# ദേശീയഗാനം

രവീന്ദ്രനാഥ ടാഗോർ രചിച്ച "ജനഗണമന" ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തര കാലം മുതൽ രാജ്യത്ത് ദേശീയ ഗാനമായി ആലപിക്കുന്നു. സ്ക്കൂളുകളിലും, കോളേജുകളിലും ഉൾപ്പെടെ യുവതലമുറയെ രാജ്യസ്നേഹികളായി വാർത്തെടുക്കുന്നതിന് വേണ്ടി നിത്യവും അധ്യായന സമയം കഴിയുമ്പോഴും അസംബ്ലി അവസാനിക്കുമ്പോഴും നിർബന്ധമായും "ജന ഗണ മന" വിദ്യാർത്ഥികളെകൊണ്ട് ചൊല്ലിക്കാറുള്ളതായി അല്ലെങ്കിൽ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കാറുള്ളതായി നമുക്ക് അനുഭവമുണ്ട്. പൗരന്മാർക്ക് ഭയ ഭക്തി ബഹുമാനവും രാജ്യസ്നേഹവും ശിരകളിൽ ഉണരുന്ന ദേശീയഗാനം തുടങ്ങുമ്പോൾ കേട്ടുകൊണ്ടിരിക്കുന്ന അവിടെയുള്ള മുഴുവൻ പൗരന്മാരും എഴുന്നേറ്റ്നിന്ന് ദേശീയഗാനത്തെ ആദരിക്കണമെന്നതാണ് ചട്ടം. എന്നാൽ ഇക്കാലങ്ങളിൽ വിനോദത്തിനായി ക്ലബ്ബുകളും, കലാസംഘടനകളും സംഘടിപ്പിക്കുന്ന ഗാനമേളകളിലും, മിമിക്സ് പരേഡുകളിലും മൈക്ക് പിടിച്ച് മിമിക്സ് അവതരിപ്പിക്കുന്ന കലാകാരും ഗാനമേള അവതരിപ്പിക്കുന്ന ഗായകരും കലാപരിപാടികളിൽ "ജന ഗണ മന" പാടുന്നത് ശരിയാണോ? ഗാനാമേള കാണാനെത്തിയവരോ, മിമിക്സ് പരേഡ് കാണാനെത്തിയവരോ കലാകാരന്മാരുടെ അന്നത്തിനു വേണ്ടി നിർവ്വഹിക്കുന്ന കോമഡി, പാരഡി തൊഴിലിനോടനുബന്ധിച്ചുള്ള ദേശീയഗാനം കേട്ട് എഴുന്നേറ്റ് നിൽക്കാറുണ്ടോ? അല്ലെങ്കിൽ നിൽക്കണമോ? "ജന ഗണ മന" എന്ന ദേശീയഗാനം ഏതെങ്കിലും പരിപാടികൾ അവസാനിപ്പിക്കാൻ വേണ്ടി മാത്രം രൂപപ്പെടുത്തിയതാണെന്ന് കരുതുന്നവരില്ലേ? കലാ ആസ്വാദകരെ രസിപ്പിക്കുവാൻ വന്നവരുടെ ഓരോ നമ്പറുകളിൽ "ജന ഗണ മന" ഉൾപ്പെടുത്തിയാൽ കല ആസ്വദിച്ചു കൊണ്ടിരിക്കുന്ന കാണികൾ ദേശീയഗാനത്തെ ഭയ ഭക്തി ബഹുമാനത്തോടെയും രാജ്യസ്നേഹമനസ്സോടെയും അംഗീകരിക്കുമോ?. പണം വാങ്ങി കലാപരിപാടികൾ അവതരിപ്പിക്കാൻ വരുന്നവർ കലാപരിപാടിയുടെ വിജയത്തിന് "ജന ഗണ മന" ഉൾപ്പെടുത്താതിരിക്കുന്നതല്ലേ സന്ദർഭോചിതമായ ബുദ്ധി. കോഴിക്കോട് വെച്ച നടന്ന ഒരു ഗാനമേളയിൽ ഗായകരുടെ ഇത്തരം "ജന ഗണ മന"യെ അനാദരിക്കൽ കണ്ടതായി ഓർമ്മയിലുണ്ട്. ആരെല്ലാം സംഘടിപ്പിക്കുന്ന ഏതെല്ലാം പരിപാടികളിൽ "ജന ഗണ മന" ഉൾപ്പെടുത്താം എന്ന ഒരു ചട്ടവും സംസ്ക്കാരവും ഭാരതത്തിനില്ലേ? അതെല്ലാം ഭാരത പൗരന്മാരെ ഉദ്ബോധിപ്പിക്കുവാനുള്ള ബാദ്ധ്യത ഭാരതത്തിലെ നിയമ സംവിധാനത്തിലുണ്ടല്ലോ! "പതാക ഉയർത്താൻ ഏതെങ്കിലും ഒരു വടിയെട്" എന്ന് പറയുന്നവരോട് ഒരു വാക്ക്. പതാകകൾക്കും ദേശീയഗാനത്തിനും ദേശീയത്തിനുമുണ്ടൊരു ചരിത്രവും വർത്തമാനവും. മാറിവരുന്ന കാലഘട്ടത്തിൽ ഭാരതത്തിലെ പൗരന്മാരെ ദേശീയ ഗാനത്തേയും, ദേശീയ പതാക ഉപയോഗത്തേയും ദേശീയ പതാക ഉയർത്തുന്ന രീതിയെ കുറിച്ചും ഉദ്ബോധിപ്പിക്കുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ ഭരണകൂടങ്ങൾ അമാന്തിച്ചുകൂടാ.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ)

(മാനേജിംഗ് എഡിറ്റർ)




മുഖചിത്രം
മീരാ ജാസ്മിൻ (ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
**(Monthly Magazine)**
2016 September 13
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by
NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.00**

## എഡിറ്റോറിയൽ




(നക്ഷത്രരാജ്യം ലക്കം
2016 സെപ്റ്റംബർ 13 മുതൽ
ഒക്ടോബർ 12 വരെ)

# കേരളത്തിലെ കലാരംഗം

കല, അല്ലെങ്കിൽ സാഹിത്യ രചന, സിനിമാ തിരക്കഥാ രചന, സിനിമ ഗാനരചന, നാടക രചന, നാടക ഗാനരചന വൈഭവങ്ങൾ ദൈവികമാണ് - അതല്ല ഒരാളുടെ ജീവിതത്തിലെ അനുഭവങ്ങൾ കടഞ്ഞെടുത്ത അസാധാരണ വ്യക്തി വൈഭവങ്ങൾ പ്രകാശിക്കുന്ന കർമ്മ ശ്രേഷ്ഠതയാണ് എന്നും രണ്ടായിതിരിഞ്ഞ് ചിന്തിക്കുന്നവരുണ്ട് . കല കൊണ്ട് ജീവിക്കുന്നവരും കലയെ ഉപാസിച്ച് ജീവിതം ദാരിദ്ര്യത്തിൽ ആറാടി മരണം സംഭവിക്കുന്നവരുമുണ്ട് കലാ രംഗങ്ങളിൽ. ഭാഗ്യവാന്മാരും നിർഭാഗ്യവാന്മാരും കലാരംഗങ്ങളിലും ഉണ്ടാകുന്നു. കലാ പാരമ്പര്യം ചിലരെ അത്യുന്നതങ്ങളിൽ എത്തിക്കുമ്പോൾ കലാ പാരമ്പര്യ കുടുംബങ്ങളിൽ ജനിക്കാത്ത കലാകാരനായി കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽ പലരുടെയും ജീവിത കാലങ്ങൾ നരകതുല്യമാണ്. അഷ്ടിക്കു വഴികണ്ടെത്താനാവാത്ത നരകവുമാണ്. ഇത് മുൻകാലങ്ങളിൽ മുതൽ ഇന്നും തുടർന്നു കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമോ അല്ലെങ്കിൽ ചിലരുടെ നിർഭാഗ്യമോ എന്നൊക്കെയായി വിവക്ഷിക്കാം.

ഏതായാലും കേരളത്തിൽ മലയാള സാഹിത്യ രചന, സിനിമ തിരക്കഥ രചന, സിനിമ ഗാനരചന, നാടകരചന, നാടക ഗാന രചന, കവിത രചന, ചെറുകിട പത്ര പ്രവർത്തക കർമ്മ മേഖലയയിലെ പ്രൊഫഷനുകളിൽ (വിദഗ്ധ തൊഴിലാളികളിൽ) ജീവിക്കാൻ പര്യാപ്തമായ ആദായം മാസത്തിൽ ശമ്പളമായി ലഭിക്കാത്ത നിർഭാഗ്യവാന്മാർക്ക് തുടർന്നു കൊണ്ടിരിക്കുന്ന ഓരോ മാസത്തിലും 10,000 രൂപയിൽ കുറയാത്ത പെൻഷൻ നൽകി കലാകാരന്മാരെ താൻ ഉൾപ്പെടുന്ന സമൂഹത്തിലെ ഓരോ വ്യക്തികളുടെയും സാമൂഹിക നന്മക്കുവേണ്ടി കർമ്മം ചെയ്തു കൊണ്ടിരിക്കുന്ന 'അഗ്നി ജ്വാല' യാക്കണമെന്ന് സംസ്ഥാന ഭരണകൂടത്തിനോടും പ്രത്യേകിച്ച് കല സാംസ്കാരിക വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിക്കട്ടെ!

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**




**മുഖചിത്രം**

**കീർത്തി സുരേഷ്**

since : 2008

Nakshathra Rajyam

**(Monthly Magazine)**

2017January 25

Reg. No. 2008/11/2718/D/

**RNI EN No.40980 Dt :10-10-2007**

**issue 53 volume 6**

**Managing Editor, Publisher &**

Owned by

NakshthrarajyamE.Radhakrishnan

Edoli House, Kommeri P.O

**Kozhikode- 673007**

Address

**Managing Editior**

**NAKSHATHRA RAJYAM (Monthly)**

P.B. No.1205, Mankave,

Kozhhikode - 673 007

Kerala, India

Mob: 98 47 64 95 67

97 44 23 39 97

email:nakshathrarajyam@gmail.com

WEB:

www.nakshathrarajyameradhakrishnan.in

LAYOUT

NAKSHATHRARAJYAM

Cover

Redefine Graphics

**Price 10.0**


**എഡിറ്റോറിയൽ**

**(നക്ഷത്രരാജ്യം ലക്കം**

**2017 ജനുവരി 25 മുതൽ**

**ഫിബ്രവരി 24 വരെ)**




# കേരളം വരളുന്നു

വർഷങ്ങളായി കേരളീയർ വരൾച്ചദുരിതം അനുഭവിച്ചുകൊണ്ടിരുന്നത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായിരുന്നു. ഈ വർഷം 2016 ഡിസംബർ മാസം പകുതിയിൽ തന്നെ വരൾച്ച കേരളത്തിലെ ജനങ്ങൾക്ക് കനത്ത ദുരിതമാവുകയാണ്. കാലാവസ്ഥ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ പറമ്പുകളും, വയലുകളും, തോട്ടങ്ങളും മകരമാസത്തിൽപോലും ചുട്ടുപൊള്ളി വിണ്ടുകീറുന്നു. നാട്ടിൽ വെള്ളമില്ല. വയലേലകൾ ഉണങ്ങി വരണ്ടു കിടക്കുന്നു. നെല്ലും, പയറും, കാപ്പിയും, കുരുമുളകും, മറ്റുപച്ചക്കറി വിത്തുകളും വിതച്ചാൽ നാമ്പെടുക്കുന്നില്ല. തെങ്ങുകളിൽ മഞ്ഞച്ച നാളികേരം പുഷ്ടിപ്പെടാതെ ശോഷിച്ചു നിൽക്കുന്നു. കൃഷിക്കാർക്ക് ജീവിക്കാനുള്ള ആശയും കൃഷിയോടുള്ള വിരക്തിയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു.കായികാദ്ധ്വാനം കൊണ്ടും കൃഷിയോടുള്ള അഭിവാഛ കൊണ്ടും ജനങ്ങളെ ഊട്ടുന്ന കൃഷിക്കാരൻ ദരിദ്രനും കടക്കാരനുമാകുന്നു. കൃഷി ഉല്പന്നങ്ങൾ വാങ്ങി വിൽക്കുന്നവർ സമ്പന്നരാകുമ്പോഴും മണ്ണിനോട് മല്ലടിച്ച്, പണം മുടക്കി വെളുത്ത മനസ്സോടെ നാടിനെ ഊട്ടുന്ന കൃഷിക്കാരനും കർഷകത്തൊഴിലാളിയും നാട്ടിൽ ആത്മഹത്യമുനമ്പിൽ ജീവച്ഛവമായി നിസ്സഹായനാകുന്ന അവസ്ഥ.മാറിമാറി വരുന്ന ഭരണകൂടങ്ങൾ ആവിഷ്ക്കരിക്കുന്ന എൻ.എച്ച്. റോഡ് പദ്ധതികളുടെ ഗുണഭോക്താവായി ഭൂമിയുടെ വിലവർദ്ധനവിലൂടെയോ, നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡുകളുടെ സമീപത്തായതിനാലുള്ള ഭൂമിയുടെ വില വർദ്ധനവിലൂടെയോ കേരളത്തിൽ വിരലിലെണ്ണാവുന്ന ചില കൃഷിക്കാരും വൻ കൃഷിഭൂമി ഉടമകളും ചെറിയതും വലിയതുമായ പുത്തൻ സമ്പന്നരാകുന്നു. ദൈവത്തിനേയും കൃഷിയേയും പൂജിച്ചിരുന്ന കൃഷിക്കാർ ഇന്ന് കൃഷിക്കും ദൈവത്തിനും പകരം തന്റെ കൃഷിയിടത്തിൽ എൻ.എച്ച് റോഡായ ഗ്രീം... ബൈപ്പാസ്സ് റോഡായ ഗ്രീം എന്ന് ജപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വനത്തിൽ ജീവിക്കുന്ന ഗോത്ര വർഗ്ഗ കുട്ടികളും സ്ത്രീകളും പോഷകാഹാരകുറവുമൂലവും പട്ടിണിമൂലവും ജീവൻ രക്ഷമരുന്നിന്റെ ലഭ്യത അഭാവത്തിലും മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ദരിദ്രജന വിഭാഗങ്ങളേയും ആദിവാസികളേയും മനുഷ്യനായ്പ്പോലും അംഗീകരിക്കാത്ത അത് അവരുടെ യോഗമാണെന്ന് പറഞ്ഞ് കയ്യൊഴിയുന്ന പ്രവണത കേരളത്തിലെ പ്രാദേശിക രാഷ്ട്രീയത്തിൽ സ്ഫോടകാത്മക സ്ഥിതി സംജാതമാക്കുന്നു. ദരിദ്രജന ഗോത്രങ്ങളേയും ദരിദ്രനാരായണൻമാരേയും കണ്ടില്ലെന്നു നടിക്കുന്നവർ ഭാരതത്തിൽ വീണ്ടുമൊരു അംബേദ്ക്കറുടേയും, മഹാത്മാ ഗാന്ധിയുടേയും, റാണി ലക്ഷമി ഭായിടേയും, താന്തിയാതോപ്പിയുടേയും പുനർജനിക്ക് വഴിതുറക്കുകയാണെന്നുള്ള തിരിച്ചറിവിൽ ഉണർന്നിരിക്കുക!

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

(മാനേജിംഗ് എഡിറ്റർ)





**മുഖചിത്രം**
**ശാലിനി (ഫിലിം സ്റ്റാർ)**
since : 2008
Nakshathra Rajyam
**(Monthly Magazine)**
2017 September 01
Reg. No. 2008/11/2718/D/
**RNI EN No.40980 Dt :10-10-2007**
**issue 53 volume 6**
**Managing Editor, Publisher &**
Owned by


NakshthrarajyamE.Radhakrishnan
Edoli House, Kommeri P.O
**Kozhikode- 673007**
Address
**Managing Editior**
**NAKSHATHRA RAJYAM (Monthly)**
P.B. No.1205, Mankave,
Kozhhikode - 673 007
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com


WEB:
www.nakshathrarajyameradhakrishnan.in
LAYOUT
NAKSHATHRARAJYAM
Cover
Redefine Graphics
**Price 10.0**


## എഡിറ്റോറിയൽ

**(നക്ഷത്രരാജ്യം ലക്കം**

**2017ജനുവരി 01മുതൽ**
**ഫിബ്രവരി 24 വരെ)**



# “പുതിപാലം” പാലം പണിയും റോഡ് പണിയും ത്വരിതവേഗതയിൽ പ്രവർത്തികമാക്കുക

ഇഴഞ്ഞു നീങ്ങുന്ന “പുതിയ പാലം” പാലംപണിയും റോഡ്പണിയും ത്വരിതവേഗതയിൽ “പുതിയതായ പാലം” പ്രാവർത്തികമാക്കി ഗോവിന്ദപുരം, കൊമ്മേരി, മൈലാമ്പാടി നിവാസികൾക്ക് ഗതാഗതകുരുക്കിൽ നിന്ന് ഒഴിവായും ചുറ്റികറങ്ങി സഞ്ചരിക്കാതേയും കോഴിക്കോട് ടൗണിൽ എത്തേണ്ടതായ മാർഗ്ഗം തുറന്നിടണമെന്ന് നക്ഷത്രരാജ്യം മാസിക 2015 ജൂൺ 25 ന് പ്രസിദ്ധീകരിച്ച മാസിയിൽ എഡിറ്റോറിയൽ എഴുതിയിരുന്നതായി ബഹുമാനപ്പെട്ട അധികാരികളും പൊതുജനങ്ങളും ഓർക്കുമല്ലോ?

പാലംപാടേ താറുമാറായി സഞ്ചാരയോഗ്യമല്ലാതായതിനാൽ “മാസംഒന്നുരണ്ടായി ” പാലം പൂർണ്ണമായും അടച്ചിട്ടിട്ട്. കാൽനട യാത്രക്കാർ ഞെങ്ങിഞെരുങ്ങി കഷ്ഠി നടന്നുപോകാൻ മാത്രമായി “പുതിയപാലം”. എത്രകാലം യാത്രക്കാർ ദുരിതങ്ങൾ അനുഭവിക്കണം? ഇനിയും പരിഹാര മാർഗ്ഗം കണ്ടെത്താതെ പാലം പണിയും റോഡ് പണിയും തീർക്കാതെ പ്രദേശവാസികളെ വഞ്ചിക്കുന്നത് നീതിയല്ല എന്ന ബോധം ഭരണകർത്താക്കൾക്ക് ഉണ്ടാവേണ്ടിയിരിക്കുന്നു. ഇനിയുള്ള സംവത്സരങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണെന്ന അഭിപ്രായത്തിലല്ല - എന്നായാലും ആരുടെ ഭരണകാലത്തായാലും ഒരിക്കൽ പാലം പണിതുയർത്തും എന്ന് അറിയാഞ്ഞിട്ടുമല്ല. പക്ഷേ ജനപക്ഷത്തുനിൽക്കുന്ന സർക്കാറുകൾ പാലം പണി നാളെയാവട്ടെ പിന്നീട് ആവട്ടെ അല്ലെങ്കിൽ സർക്കാറിനു ഫണ്ടു വരട്ടെ-(സർക്കാർ ഫണ്ടു വരട്ടെ) എന്നു തീരുമാനിച്ച് പാലംപണിയും റോഡ്പണിയും നീട്ടികൊണ്ടു പോവുന്നത് ശരിയാണോ?

ജനങ്ങളുടെ ചിരകാലാഭിലാഷമായ “പുതിയ പാലം” പാലംപണിയും പുതിയപാലം റോഡ്പണിയും ജനപക്ഷത്ത് നിന്നുകൊണ്ട് എത്രയും പെട്ടെന്ന് തീർത്ത് ജനങ്ങളുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് ഭരണകർത്താക്കളും ഭരണകൂടവും ഉണർന്നു പ്രവർത്തിക്കട്ടെ!

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**(മാനേജിംഗ് എഡിറ്റർ)**